/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2025 ഫെബ്രുവരി പുസ്തകം 11 ലക്കം 7

# കേരളം പ്രതീക്ഷയും കരുത്തുമാണ്



വിവിധ മേഖലകളിലെ സ്ത്രീകൾ പറയുന്നു



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
# ജനപഥം

2025 ഫെബ്രുവരി 1 • പുസ്തകം 11 • ലക്കം 7

**എഡിറ്റർ** ടി.വി. സുഭാഷ് ഐ.എ.എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** ശ്രീകാന്ത് എം ഗിരിനാഥ്
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി.എസ്

എഡിറ്റോറിയൽ >>



## സ്ത്രീ മുന്നേറ്റത്തിന്റെ എട്ട് വർഷം

അവകാശങ്ങൾക്കുവേണ്ടി, ആത്മാഭിമാനത്തോടെ ജീവിക്കാനായി നടന്ന സ്ത്രീപോരാട്ടങ്ങളുടെ ഭൂതകാലമുള്ള നാടാണ് കേരളം. സ്ത്രീ സ്വാതന്ത്ര്യം നവോത്ഥാനകാലത്തിന്റെ പ്രധാന ചർച്ചാവിഷയങ്ങളിലൊന്നായിരുന്നു. സ്വാതന്ത്ര്യാനന്തരം വർധിതമായ തോതിൽ സ്ത്രീകളുടെ പൊതുജീവിതപ്രവേശവും വിവിധതലങ്ങളിലെ മുന്നേറ്റവും ഉണ്ടായി. സ്ത്രീ വിദ്യാഭ്യാസത്തിൽ നമുക്കുള്ള താൽപര്യവും മികവും ഇതിനു സഹായകമായി. ജനകീയാസൂത്രണത്തിലൂടെ സാധ്യമായ അധികാര വികേന്ദ്രീകരണവും ജനപ്രതിനിധികൾക്കുള്ള സ്ത്രീ സംവരണവും വലിയ മാറ്റങ്ങളുണ്ടാക്കി. 90കൾക്ക് ശേഷം കുടുംബശ്രീ പോലുള്ള പദ്ധതികൾ പ്രാദേശികതലത്തിൽ സ്ത്രീ ശാക്തീകരണത്തിലും ദാരിദ്ര്യനിർമ്മാർജനത്തിലും സർക്കാരിന് സഹായകമായി.

സ്ത്രീ മുന്നേറ്റത്തിലെ ഈ പ്രശസ്തമായ കേരളമാതൃകയെ കൂടുതൽ കരുത്തുറ്റതാക്കുന്ന നയങ്ങളും പ്രവർത്തനങ്ങളുമാണ് 2016 മുതൽ കേരളം നടപ്പാക്കിവരുന്നത്. സ്ത്രീ സുരക്ഷ, ക്ഷേമം, ശാക്തീകരണം എന്നിങ്ങനെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന പദ്ധതികളാണ് വനിതാശിശു വികസനവകുപ്പും പോലീസ് ഉൾപ്പെടെയുള്ള മറ്റു വിവിധ സർക്കാർ സംവിധാനങ്ങളും കൈക്കൊള്ളുന്നത്. രാജ്യത്തിനുതന്നെ മാതൃകയായ സംസ്ഥാനത്തിന്റെ വനിതാവികസന രംഗത്തെ കഴിഞ്ഞ എട്ടുവർഷത്തെ പ്രവർത്തനങ്ങളെ അടയാളപ്പെടുത്തുകയാണ് ഈ ലക്കം സമകാലിക ജനപഥം.

**ടി.വി.സുഭാഷ് ഐ.എ.എസ്**
**എഡിറ്റർ**

2025 FEBRUARY 1 VOLUME 11 ISSUE 7 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in


**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications






6 സ്ത്രീപക്ഷ നവകേരളം
മാറണം സാമൂഹികാവബോധം
**പിണറായി വിജയൻ**

9 ആത്മവിശ്വാസത്തോടെ
സ്ത്രീപക്ഷ കേരളത്തിലേക്ക്
**വീണാ ജോർജ്**

12 ലിംഗനീതി
സംവാദങ്ങൾ
ശക്തിപ്പെടട്ടെ
**അഡ്വ. പി. സതീദേവി**

16 വീട്ടകങ്ങളിൽനിന്ന്
കരുത്തിലേക്ക്
**എച്ച്. ദിനേശൻ ഐ.എ.എസ്**

22 സ്ത്രീസൗഹൃദ ലിംഗസമത്വ
കേരളത്തിനായി

25 സ്ത്രീസുരക്ഷിത
കേരളത്തിനായി

27 ക്ഷേമം സുരക്ഷ
ശാക്തീകരണം

32 ഗുണഭോക്താക്കൾ
പറയും വിജയഗാഥകൾ
**ബിന്ദു വി.സി**

36 സുരക്ഷയും
പ്രതിരോധവും

38 കേരളം
പ്രതീക്ഷയും
കരുത്തുമാണ്

42 വഴി വെട്ടിയ ധീരർ
**സുകന്യ എൻ**

44 കരുതലാണ്,
കൈത്താങ്ങാണ്
സർക്കാർ

പിണറായി വിജയൻ
മുഖ്യമന്ത്രി



> സ്ത്രീശാക്തീകരണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം അതിനുതകുന്ന സാമൂഹികാവബോധം രൂപപ്പെടുകയും പ്രധാനമാണ്.



# സ്ത്രീപക്ഷ നവകേരളം
# മാറണം സാമൂഹികാവബോധം



കേരളത്തിന് സ്ത്രീമുന്നേറ്റത്തിന്റെ അഭിമാനാർഹമായ ചരിത്രമുണ്ട്. ആ മുന്നേറ്റത്തെ കൂടുതൽ കരുത്തുറ്റതാക്കുന്നതിന്, സ്ത്രീകളുടെ ക്ഷേമവും സുരക്ഷയും ഒരു പ്രധാന നയമായി സ്വീകരിച്ച സർക്കാരാണ് നമ്മുടേത്. ലിംഗാവബോധത്തോടെയാണ് കേരളത്തിന്റെ പദ്ധതി രൂപവൽക്കരണവും നടപടികളും നാം കൈക്കൊള്ളുന്നത്. പദ്ധതി രൂപവൽക്കരണത്തിലെ പങ്കാളിത്തത്തിൽ, സുരക്ഷിതമായ തൊഴിൽ സാഹചര്യവും മാന്യമായ സാമൂഹിക ഇടപെടലുകളും ഉറപ്പാക്കുന്നതിൽ എല്ലാമുള്ള സ്ത്രീപക്ഷ നിലപാടിൽ വിട്ടുവീഴ്ചയില്ലാത്ത സർക്കാരാണിത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ആകെ സീറ്റുകളുടെ 50 ശതമാനം സ്ത്രീകൾക്കായി നീക്കിവച്ച ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷപദവിയിൽ പകുതിയും സ്ത്രീകൾക്കായി സംവരണം ചെയ്ത ഏക സംസ്ഥാനവും കേരളമാണ്. സ്ത്രീകളുടെ ഉന്നമനത്തിനായി വനിത ശിശുവികസന വകുപ്പ് രൂപവൽക്കരിച്ച കേരളത്തിലാണ് രാജ്യത്താദ്യമായി ജെൻഡർ ബജറ്റ് നടപ്പിലാക്കിയതും. സ്ത്രീസമൂഹത്തിന്റെ ഉന്നമനം ലക്ഷ്യംവച്ചുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കിവരികയാണ്. സാമ്പത്തികസ്വാതന്ത്ര്യം കൈവരിച്ചാൽ മാത്രമേ വനിതകൾക്കു സാമൂഹിക മുന്നേറ്റം കൈവരിക്കാൻ കഴിയൂ. അതിന് ഏറെ ആവശ്യം തൊഴിൽ ലഭ്യമാക്കുകയെന്നതാണ്. ഇതിന് കേരള നോളജ് ഇക്കോണമി മിഷനിലൂടെ 'തൊഴിലരങ്ങത്തേക്ക്' പോലുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്. സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യംവച്ച് ആരംഭിച്ച കുടുംബശ്രീ ഇന്ന് ലോകത്തിനുതന്നെ മാതൃകയാണ്.

കുറഞ്ഞ ശിശുമരണ നിരക്കും മാതൃമരണ നിരക്കും, മികച്ച സ്ത്രീപുരുഷ - അനുപാതം എന്നിവ നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. സ്ത്രീകളുടെ ആയുർദൈർഘ്യം ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തും പൊതുവിദ്യാഭ്യാസരംഗത്തും സ്ത്രീകളുടെ അനുപാതം പുരുഷന്മാരേക്കാൾ കൂടുതലാണ്. എന്നാൽ തൊഴിൽരംഗത്തു സ്ത്രീകളുടെ സാന്നിധ്യം കുറവാണ്. പ്രത്യേകിച്ച്, നൂതന വ്യവസായങ്ങളിലും ഉൽപാദനോന്മുഖ തൊഴിലുകളിലും സ്ത്രീപങ്കാളിത്തം കുറവാണ്. ഇതിനെ തട്ടിനീക്കി മാത്രമേ സ്ത്രീ പുരുഷ സമത്വമെന്ന ആശയത്തിലേക്കു നീങ്ങാനാകൂ. ഇതിനുള്ള വിവിധ നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്.



സംസ്ഥാനത്ത് സ്ത്രീസുരക്ഷയ്ക്ക് വലിയ പ്രാധാന്യം നൽകിയുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു. പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് ഇതിൽ പ്രധാനമാണ്. സ്ത്രീകൾക്കെതിരായ അതിക്രമം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യാനും നിയമവിഷയങ്ങളിൽ അവഗാഹമുണ്ടാക്കാനും വനിതാ പൊലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിരുന്നു. അപരാജിത, വനിതാ ഹെൽപ് ലൈൻ, സ്വയം പ്രതിരോധത്തിനായി സെൽഫ് ഡിഫൻസ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചു. ഡൊമസ്റ്റിക് കോൺഫ്ളിക്ട് റെസലൂഷൻ സെന്ററിന്റെ സഹായവും സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. അപകടത്തിൽപ്പെട്ടാൽ സംരക്ഷണം ഉറപ്പാക്കാൻ ആരംഭിച്ച നിർഭയം ആപ്പിന്റെ സേവനവും സ്ത്രീകൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. സ്ത്രീ



കൾക്കെതിരെ സാമൂഹികമാധ്യമങ്ങൾ ദുരുപയോഗിക്കുന്നത് തടയാനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്നു. രാത്രി വൈകിയും പുലർച്ചെയും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിതതാമസത്തിനായി വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിൽ സഖി വൺ സ്റ്റോപ്പ് സംവിധാനവുമുണ്ട്. അസമയത്ത് ഒറ്റപ്പെട്ടു പോകുന്നവർക്കായി നിഴൽ പദ്ധതിയുമുണ്ട്.

**തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് സ്ത്രീകൾക്കും സ്ത്രീകളോട് എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് പുരുഷൻമാർക്കും കൃത്യമായ ബോധം ഉണ്ടാവണം.**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി ഫലപ്രദമായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കുട്ടികൾക്കെതിരെ 5903 കേസുകളാണ് 2023ൽ രജിസ്റ്റർ ചെയ്തത്. ഈ വർഷം ഇത് 4727 ആയി ചുരുങ്ങി. കഴിഞ്ഞ വർഷം 22 കുട്ടികളാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. മുൻവർഷം ഇത് 33 ആയിരുന്നു. 102 കുട്ടികളെ കഴിഞ്ഞവർഷം തട്ടിക്കൊണ്ട് പോയെന്നാണ് കണക്കുകൾ. 2023ൽ ഇത് 191 ആയിരുന്നു. കഴിഞ്ഞ വർഷം ഇത് 17,152 ആയി കുറഞ്ഞു. 2636 ബലാത്സംഗക്കേസുകളും 3949 അതിക്രമക്കേസുകളുമാണ് കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടത്. സ്ത്രീധന പീഡനത്തിൽ മൂന്ന് പേർക്കാണ് ജീവൻ നഷ്ടമായത്. മുൻവർഷം ഇത് എട്ടായിരുന്നു. ഭർത്താക്കന്മാരുടെ ക്രൂരതയ്ക്ക് ഇരയാക്കപ്പെട്ട 4710 കേസുകൾ 2023ൽ രജിസ്റ്റർ ചെയ്തപ്പോൾ കഴിഞ്ഞകൊല്ലം ഇത് 4172 ആയി ചുരുങ്ങി.

സ്ത്രീധനത്തിന് അറുതി വരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകളെ കമ്പോളച്ചരക്കുകളായി തരംതാഴ്ത്തി കാണുന്ന സംസ്കാരരഹിത സമീപനങ്ങളെ ഇല്ലാതാക്കുക എന്നത് ലിംഗസമത്വം ഉറപ്പുവരുത്താൻ അത്യന്താപേക്ഷിതമാണ്. കേരളത്തിൽ സ്ത്രീകളെ കമ്പോളവത്കരിക്കുന്ന ഏറ്റവും ദുഷിച്ച ഏർപ്പാടാണ് സ്ത്രീധനം. സ്ത്രീധനത്തിനെതിരെയുള്ള പരാതികളിൽ ശക്തമായ നടപടി ഉറപ്പുവരുത്തും. സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടലിൽ വ്യക്തികൾക്കോ പൊതുജനങ്ങൾക്കോ, സംഘടനകൾക്കോ പരാതി സമർപ്പിക്കാം. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് സ്ത്രീകൾക്കും സ്ത്രീകളോട് എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് പുരുഷൻമാർക്കും കൃത്യമായ ബോധം ഉണ്ടാവണം. അതിനുതകുന്ന വിവാഹപൂർവ കൗൺസലിങ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കുട്ടികൾക്ക് ചെറുപ്രായം മുതൽ തന്നെ സമത്വം മനസ്സിലാക്കി കൊടുക്കാനാകും. അങ്കണവാടികളിൽ ഉപയോഗിച്ചു വരുന്ന പഠനസാമഗ്രികൾ ജെൻഡർ ഓഡിറ്റിനു വിധേയമാക്കി പരിഷ്ക്കരിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് പരിഷ്ക്കരിച്ച 'അങ്കണപ്പൂമഴ' എന്ന വർക്ക് ബുക്ക് തയ്യാറാക്കിയത്. അതിക്രമങ്ങളെ ചെറുത്തു നിൽക്കാൻ മാനസികവും ശരീരികവുമായി പെൺകുട്ടികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ 'ധീര' പദ്ധതിയും ആവിഷ്ക്കരിച്ചു.

നമ്മുടെ സമൂഹത്തിൽ അടിഞ്ഞുകിടക്കുന്ന സ്ത്രീവിരുദ്ധമായ എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കിവേണം നമുക്കു മുന്നേറാൻ. വിദ്യാഭ്യാസരംഗത്ത്, തൊഴിൽരംഗത്ത്, ഭരണ നിർവഹണത്തിൽ, അങ്ങനെ എല്ലാ രംഗങ്ങളിലും ഇടപെടലുകൾ ആവശ്യമാണ്. സ്ത്രീശാക്തീകരണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം അതിനുതകുന്ന സാമൂഹികാവബോധം രൂപപ്പെടുകയും പ്രധാനമാണ്. അങ്ങനെയൊരു സ്ത്രീപക്ഷ നവകേരളം രൂപപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് ലിംഗഭേദമെന്യേ ജനങ്ങളുടെയാകെ പിന്തുണയുണ്ടാകണമെന്നാണ് അഭ്യർഥിക്കാനുള്ളത്. ■

വീണാ ജോർജ്
ആരോഗ്യ വനിതാ-ശിശു വികസന വകുപ്പ് മന്ത്രി



> ആരോഗ്യവും സുരക്ഷിതത്വവും ആത്മവിശ്വാസവുമുള്ള സ്ത്രീകളാണ് പുരോഗമനനിലപാടുള്ള ഏതൊരു നാടിന്റെയും അടയാളം. ആ ലക്ഷ്യത്തിലേക്ക് രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് കേരളം.



# ആത്മവിശ്വാസത്തോടെ സ്ത്രീപക്ഷ കേരളത്തിലേക്ക്

സമൂഹത്തിൽ ഏറ്റവും കരുതലും പിന്തുണയും ആവശ്യമുള്ള വിഭാഗമാണ് സ്ത്രീകളും കുട്ടികളും. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും വികസനവും ഉറപ്പു വരുത്താനാണ് സംസ്ഥാനസർക്കാർ വനിതാ ശിശുവികസന വകുപ്പ് രൂപവൽക്കരിച്ചത്. വകുപ്പ് രൂപവൽകൃതമായി കുറഞ്ഞ കാലം കൊണ്ട് ക്ഷേമകരമായ വിവിധ പദ്ധതികളാണ് വനിത ശിശുവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സ്ത്രീശാക്തീകരണം, സ്ത്രീസുരക്ഷ, കുട്ടികളുടെ ക്ഷേമം, സുരക്ഷിതത്വം തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സ്ത്രീകളുടെ ജീവിതനിലവാരവും സുരക്ഷിതത്വവും തൊഴിൽ സുരക്ഷയും ഉറപ്പാക്കാനായി ഒട്ടേറെ നടപടികൾ വനിതാശിശു വികസന വകുപ്പ് കൈക്കൊണ്ടു. ഇവയ്ക്കെല്ലാം മികച്ച സ്വീകാര്യതയാണ് പൊതുസമൂഹത്തിൽ നിന്നും വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്നത്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിങ്ങ്  ഏജൻസിക്കുള്ള ദേശീയ അംഗീകാരം സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ലഭിച്ചു. സ്ത്രീകൾക്ക് സ്വയം തൊഴിലിനായി വായ്പ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും സംസ്ഥാന



ആരോഗ്യം ആനന്ദം - അകറ്റാം അർബുദം കാൻസർ പ്രതിരോധ പരിശോധനാ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽനിന്ന്

സർക്കാരിന്റെ അംഗീകാരവും അനുമതിയുള്ള ഏജൻസി എന്ന നിലയിലാണ് പുരസ്കാരം. ചരിത്രത്തിൽ ആദ്യമായാണ് തുടർച്ചയായി രണ്ടാംവർഷവും അംഗീകാരം ലഭിക്കുന്നത്. വനിതകളുടെ ഉന്നമനത്തിനായി വനിത വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്. 2023-24 സാമ്പത്തിക വർഷത്തിൽ 36,105 വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് 340 കോടി രൂപ വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷത്തിൽ 375 കോടി രൂപയുടെ വായ്പാവിതരണത്തിലൂടെ 75,000 വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനാണ് പരിശ്രമിക്കുന്നത്.

## സംരംഭകത്വ വികസനം

സ്ത്രീപക്ഷ ഉന്നമനത്തിനായി നിലകൊള്ളുന്ന സംസ്ഥാന സർക്കാർ വനിതകളുടെ സാമൂഹിക, സാമ്പത്തിക ഉന്നമനത്തിനു വേണ്ടി നിരവധി പദ്ധതികളും പരിപാടികളും നടപ്പാക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സംരംഭകത്വ വികസന പരിപാടികൾ. വനിതാ ശിശുവികസന വകുപ്പിന് കീഴിൽ വനിതാ വികസന കോർപ്പറേഷൻ മുഖേന കഴിഞ്ഞ നാലുവർഷത്തിൽ 40,000 ൽ അധികം വനിതാസംരംഭങ്ങൾ തുടങ്ങി. ഇതിലൂടെ രണ്ടു ലക്ഷത്തിൽ അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 2000 ഓളം സ്ത്രീകൾക്കും 75 ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സംരംഭകത്വ പരിശീലനം നൽകാൻ കഴിഞ്ഞു.

## സുരക്ഷിത തൊഴിൽ

സ്ത്രീകളുടെ ഉന്നമനത്തോടൊപ്പം അവർക്ക് സുരക്ഷിതമായി ജോലി ചെയ്യാനുള്ള അന്തരീക്ഷവും ഉറപ്പാക്കാനായി നടപടി സ്വീകരിച്ചു. 2013ലാണ് രാജ്യത്ത് തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ പോഷ് ആക്ട് (POSH Act, The Sexual Harassment of Women at Workplace Prevention, Prohibition and Redressal Act, 2013) ) നിലവിൽ വന്നത്. 2023 ജനുവരിയിലാണ് സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എതിരേയുള്ള ലൈംഗിക അതിക്രമം തടയുന്നതിനായി, പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പോഷ് പോർട്ടൽ ആരംഭിച്ചത്.

**2025 മാർച്ച് എട്ടോടെ എല്ലാ സർക്കാർ ഓഫീസുകളിലും പോഷ് ആക്ട് പ്രകാരം ഐ.സി. കമ്മിറ്റികളുള്ള സംസ്ഥാനമായി കേരളം മാറും**

ആ ഘട്ടത്തിൽ ആയിരത്തോളം സ്ഥാപനങ്ങളിൽ മാത്രമായിരുന്നു നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരുന്നത്. 2024 ആഗസ്റ്റിൽ വകുപ്പ് ജില്ലാടിസ്ഥാനത്തിൽ ക്യാമ്പയിൻ ആരംഭിച്ചു. എന്നാലിപ്പോൾ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം 17,600 ആയി ഉയർന്നു. സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിലും നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ രൂപീവൽക്കരിക്കേണ്ടതുണ്ട്. 2025 മാർച്ച് എട്ടോടെ എല്ലാ സർക്കാർ ഓഫീസുകളിലും പോഷ് ആക്ട് പ്രകാരം ഐ.സി. കമ്മിറ്റികളുള്ള സംസ്ഥാനമായി കേരളം മാറും. ഇതിനോടൊപ്പം ഐടി പാർക്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഐ.സി. കമ്മിറ്റികളുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും





കുട്ടികളെ സാമൂഹികക്രമവുമായി പുനഃസംയോജിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാവൽ, കാവൽ പ്ലസ് പദ്ധതികളെ സുപ്രീം കോടതി അഭിനന്ദിച്ചു. കേരളത്തിലെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളെ യുഎൻ വിമണും അഭിനന്ദിച്ചിരുന്നു. വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പ്രാപ്തരാക്കാൻ ഡിജിറ്റൽ പാഠശാല പദ്ധതി, സ്ത്രീകൾക്ക് വേണ്ടിയിട്ടുള്ള റീ സ്കില്ലിങ്ങ് പ്രോഗ്രാം, സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരിശീലനം, വിദേശത്ത് പോകുന്ന നേഴ്സുമാർക്ക് വേണ്ടി പ്രത്യേക പരിശീലന പരിപാടി തുടങ്ങിയവ നടപ്പിലാക്കി.

സ്ത്രീധന നിരോധന ചട്ടങ്ങളിൽ ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിശ്ചയിച്ചു. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യാനും ഓൺലൈൻ പോർട്ടൽ സജ്ജമാക്കി. വിവാഹപൂർവ കൗൺസലിങ്ങ് ആരംഭിച്ചു. ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി നടപ്പിലാക്കി. പുതിയ നിർഭയ നയം കൊണ്ടുവന്നു. ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി വനമിത്ര വനിതാശാക്തീകരണ പദ്ധതി നടപ്പാക്കി.

## സ്ത്രീകളുടെ ആരോഗ്യവും പ്രധാനം

സ്ത്രീകളുടെ ആരോഗ്യത്തിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. കാൻസർ പ്രതിരോധത്തിനും ചികിത്സക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം'എന്ന പേരിൽ ഒരു ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിക്കുകയാണ്. ഒരു വർഷം നീണ്ടു നിൽക്കുന്ന ക്യാമ്പയിനിൽ ആദ്യ ഒരു മാസം സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. ലോക കാൻസർ ദിനമായ ഫെബ്രുവരി 4 മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെയാണ് ഈ ക്യാമ്പയിൻ. ഈ കാലയളവിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗളാർബുദം (സെർവിക്കൽ കാൻസർ) എന്നിവയ്ക്ക് സ്ക്രീനിങ്ങ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നു. സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധപ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.



ധീര പദ്ധതി

ആഗോളതലത്തിൽ റിപ്പോർട്ട് ചെയ്യുന്ന ആകെ കാൻസറുകളിൽ രണ്ടാം സ്ഥാനത്താണ് സ്തനാർബുദം (11.5%). ഇന്ത്യയിലാകട്ടെ ആകെ കാൻസറുകളിൽ ഒന്നാമതാണ് സ്തനാർബുദം (13.5%). അതേസമയം സ്ത്രീകളിലെ കാൻസറുകൾ നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. കാൻസർ പലപ്പോഴും വളരെ താമസിച്ചു മാത്രമാണ് കണ്ടെത്തുന്നത്. അതിനാൽ സങ്കീർണതകളും കൂടുതലാണ്. സ്തനാർബുദം സ്വയം പരിശോധനയിലൂടെ പലപ്പോഴും കണ്ടെത്താൻ കഴിയാറില്ല. അതിനാൽ എല്ലാ സ്ത്രീകളും ആരോഗ്യ കേന്ദ്രങ്ങളിലെത്തി കാൻസർ ഇല്ലെന്ന് ഉറപ്പാക്കുന്ന തരത്തിലാണ് ക്യാമ്പെയ്ൻ ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ 855 ആരോഗ്യ കേന്ദ്രങ്ങളിൽ കാൻസർ സ്ക്രീനിങ്ങിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലും പ്രത്യേക സ്ക്രീനിങ്ങ് ഉണ്ടാകും. വിവിധ സംഘടനകളുടെ നേതൃത്വത്തിലും ക്യാമ്പുകൾ സംഘടിപ്പിക്കും. എല്ലാവരും ഈ സ്ക്രീനിങ്ങിൽ പങ്കെടുത്ത് കാൻസർ ഇല്ലെന്ന് ഉറപ്പ് വരുത്തണം.


ആരോഗ്യവും സുരക്ഷിതത്വവും ആത്മവിശ്വാസവുമുള്ള സ്ത്രീകളാണ് പുരോഗമനനിലപാടുള്ള ഏതൊരു നാടിന്റെയും അടയാളം. ആ ലക്ഷ്യത്തിലേക്ക് രാജ്യത്തിന് മാതൃകയായി മുന്നേറുകയാണ് കേരളം. എല്ലാവരും ഒപ്പം ഉണ്ടാകണം. ■

അഡ്വ. പി സതീദേവി
ചെയർപേഴ്സൺ, കേരള വനിതാ കമ്മിഷൻ



ലിംഗനീതിയെന്ന കാഴ്ചപ്പാടിന് ശക്തിപകരുക എന്നതിനാണ് സംസ്ഥാന വനിതാ കമ്മിഷൻ ഊന്നൽ നൽകുന്നത്. തുല്യനീതിയുമായി ബന്ധപ്പെട്ട ചർച്ചകളും സംവാദങ്ങളും വിദ്യാർഥിസമൂഹത്തിൽ ഉൾപ്പെടെ ശക്തിപ്പെടേണ്ട കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

# ലിംഗനീതി സംവാദങ്ങൾ ശക്തിപ്പെടട്ടെ



സ്ത്രീയെ സഹജീവിയായി കാണുകയും ആ രീതിയിൽ അംഗീകരിക്കുകയും ചെയ്യാൻ എല്ലാവർക്കും സാധിക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ അവരെ വെറും ഉപഭോഗവസ്തുവായി കാണുന്ന സമീപനമാണ് സമൂഹത്തിൽ പ്രകടമാകുന്നത്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുന്നതിന് പ്രധാന കാരണവും ഇതുതന്നെയാണ്. സാമൂഹിക മാധ്യമങ്ങൾ ശ്രദ്ധിച്ചാൽ ഇക്കാര്യം മനസ്സിലാവും. സ്ത്രീകൾക്കെതിരായി ആസൂത്രിതവും സംഘടിതവുമായ ആക്രമണങ്ങളാണ് പലപ്പോഴും ആ വേദിയിൽ നടക്കുന്നത്. അടുത്തിടെ ഒരു നടിക്കെതിരെ സാമൂഹിക മാധ്യമങ്ങളിലൂടെ ഉയർന്ന അധിക്ഷേപങ്ങൾ ഇക്കാര്യം അടിവരയിട്ടുറപ്പിക്കുകയാണ്. തീർത്തും സ്ത്രീവിരുദ്ധ

മായ കാഴ്ചപ്പാടുകളാണ് ഒരുകൂട്ടംപേർ വച്ചുപുലർത്തുന്നത്. സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ ഇത്തരക്കാർക്ക് മേൽക്കോയ്മ ലഭിക്കുകയും എതിർശബ്ദങ്ങൾ ഉയന്നുവരാതിരിക്കുകയും ചെയ്യുന്നതോടെ സമൂഹംതന്നെ ഇവിടെ സ്ത്രീവിരുദ്ധ മനോഭാവക്കാരായി ചിത്രീകരിക്കപ്പെടുകയാണ്. ഒരു സ്ത്രീയെ സഹജീവിയായി കാണാനുള്ള മനോഭാവം സമൂഹത്തിൽ വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വം യഥാർഥത്തിൽ നമുക്കോരോരുത്തർക്കുമുണ്ട്. വീടുകൾക്കകത്തും പൊതുവിടങ്ങളിലും തൊഴിലിടങ്ങളിലും ഈയൊരു മനോഭാവം വളർന്നുവരേണ്ടതുണ്ട്. ലിംഗനീതിയെന്ന കാഴ്ചപ്പാടിന് ശക്തിപകരുക എന്നതിനാണ് സംസ്ഥാന വനിതാ കമ്മിഷൻ ഊന്നൽ നൽകുന്നത്. തുല്യനീതിയുമായി ബന്ധപ്പെട്ട ചർച്ചകളും സംവാദങ്ങളും വിദ്യാർഥിസമൂഹത്തിൽ ഉൾപ്പെടെ ശക്തിപ്പെടേണ്ട കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

## സ്ത്രീസംരക്ഷണ നിയമങ്ങളുടെ പ്രസക്തി

വനിതാ കമ്മിഷൻ എന്നത് ഒരു പുരുഷവിദ്വേഷ സംവിധാനമാണെന്ന അബദ്ധജഡില കാഴ്ചപ്പാട് കുറച്ചുപേരിലെങ്കിലും നിലനിൽക്കുന്നുവെന്നതിന്റെ പ്രതിഫലനമാണ് പുരുഷ കമ്മിഷൻ വേണമെന്ന വാദം ചിലർ ഉന്നയിക്കുന്നതിൽ തെളിയുന്നത്. വനിതാ കമ്മിഷൻ എന്നത് സ്ത്രീകളുടെ അവകാശങ്ങൾ പരിരക്ഷിക്കാനും സ്ത്രീകൾക്കെതിരായ ചൂഷണങ്ങൾക്കും വിവേചനങ്ങൾക്കും അറുതിവരുത്താനും അവരുടെ സാമൂഹികപദവി മെച്ചപ്പെടുത്തുന്നതിനാവശ്യമായ ശുപാർശ സർക്കാരിന് നൽകാനുമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനം മാത്രമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പുരുഷാധിപത്യ പ്രവണതകൾ ഇന്നും സമൂഹത്തിൽ നിന്നും ദൂരീകരിക്കപ്പെട്ടിട്ടില്ലയെന്നത് ഒരു യാഥാർഥ്യമാണ്. പുരുഷാധിപത്യപരമായ ഒരു സമൂഹത്തിൽ സ്ത്രീകൾക്കെതിരായ ചൂഷണങ്ങളും അതിക്രമങ്ങളും വിവേചനങ്ങളും നടമാടുന്നുവെന്ന സാഹചര്യത്തിലാണ് സ്ത്രീകളെ പരിരക്ഷിക്കുന്നതിനുള്ള നിയമങ്ങളുടെ പ്രസക്തി നിലനിൽക്കുന്നത്.

ബ്രിട്ടീഷ് ഇന്ത്യയിലാണ് നിയമങ്ങൾ രാജ്യത്ത് ആദ്യമായി രൂപപ്പെട്ടുവന്നത്. ക്രിമിനൽ നടപടി നിയമവും ശിക്ഷാനിയമവും തെളിവുനിയമവുമെല്ലാം ഉടലെടുത്തതും നീതിന്യായ കോടതികളുടെ ആവിർഭാവമുണ്ടായതും ബ്രിട്ടീഷ് ഇന്ത്യയിലാണ്. ശൈശവ വിവാഹങ്ങളും സതി പോലുള്ള ദുരാചാരങ്ങളുമെല്ലാം ഈ രാജ്യത്തെ സ്ത്രീകളെ കേവലം അടിമത്ത സമാനമായ ജീവിതത്തിൽ തളച്ചിട്ടിരിക്കുന്നുവെന്ന് കണ്ടപ്പോഴാണ് കൊളോണിയൽ വാഴ്ചയുടെ കാലയളവിൽ ബ്രിട്ടീഷ് ഭരണസംവിധാനം ഇതിലിടപെട്ടത്. തുടർന്ന് ശൈശവ വിവാഹം, സതി തുടങ്ങിയ അനാചാരങ്ങൾ നിരോധിക്കുവാൻ ലക്ഷ്യമിട്ടുള്ള നിയമങ്ങൾ പാസാക്കുകയും എതിർപ്പുകളെ മറികടന്ന് അവ നടപ്പിലാക്കുകയും ചെയ്തു. അടിമസമാനമായ ജീവിത സാഹചര്യങ്ങളിൽനിന്ന് പടിപടിയായ മാറ്റങ്ങളുണ്ടാക്കാൻ നിയമനിർമ്മാണങ്ങളിലൂടെ ഒരു പരിധിവരെ കഴിഞ്ഞിട്ടുമുണ്ട്.



വനിതാ കമ്മിഷൻ ആസ്ഥാനം

## സ്വാതന്ത്ര്യാനന്തരം സ്ത്രീ സുരക്ഷ

മനുഷ്യനിൽ സ്വാതന്ത്ര്യബോധം ഉണ്ടാക്കുന്നതിനും ദുരാചാരങ്ങളിൽനിന്നും മോചനം നേടുന്നതിനും ഇടയായത് സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ കാലയളവിലാണ്. സ്വാതന്ത്ര്യലബ്ധിയുടെ കാലയളവാകുമ്പോഴേക്കും രാജ്യത്തിന്റെ ഭരണഘടന രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യവുമുണ്ടായി. ഭരണഘടന നിർമ്മാണസഭയുടെ നേതൃത്വത്തിൽ നടന്ന ചർച്ചകൾക്കും സംവാദങ്ങൾക്കും ഒടുവിലാണ് ഭരണഘടനയുടെ അന്തിമ രൂപമുണ്ടായത്. ലോകത്ത് എഴുതിത്തയ്യാറാക്കപ്പെട്ട ഭരണഘടനകളുടെ കൂട്ടത്തിൽ ഏറ്റവും ബൃഹത്തായ മഹത്തായ ഭരണഘടനയാണ് ഇന്ത്യൻ ഭരണഘടന എന്ന് നമ്മൾ അഭിമാനിക്കാറുണ്ട്. ഭരണഘടനയിൽ ഉൾച്ചേർന്നിട്ടുള്ള മഹത്തായ മൂല്യങ്ങൾ ചോർന്നുപോകാതെ, പരിരക്ഷിച്ചുകൊണ്ടുമാത്രമേ നമ്മുടെ രാജ്യത്ത് ജനാധിപത്യവും മതനിരപേക്ഷതയും സാമൂഹികനീതിയും ലിംഗനീതിയുമൊക്കെ കൈവരിക്കാൻ കഴിയുകയുള്ളൂ.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14 തുല്യതയ്ക്കുള്ള അവകാശം പ്രദാനം ചെയ്യുന്നതാണ്. തുല്യതയ്ക്കുള്ള ഈ അവകാശം പൗരന്റെ മൗലികാവകാശമായി പ്രഖ്യാപിക്കുമ്പോൾ സമൂഹത്തിൽ നടമാടുന്ന വിവിധതരത്തിലുള്ള അസമത്വങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണ ഭരണഘടനനിർമ്മാണ സഭയ്ക്കും ഭരണഘടന ശില്പികൾക്കും ഉണ്ടായിരുന്നു. അതുകൊണ്ടാണ് തുല്യതയ്ക്കുള്ള അവകാശമുണ്ടെന്ന്



തൃശൂരിലെ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്



പ്രഖ്യാപിച്ചതിനുശേഷം ഭരണഘടനയുടെ അനുച്ഛേദം 15 ൽ വീണ്ടും ആവർത്തിച്ച് ഒരുതരത്തിലുള്ള വിവേചനവും പൗരൻമാർക്കിടയിൽ പാടില്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ജാതിയുടെയോ മതത്തിന്റെയോ ഭാഷയുടേയോ വേഷത്തിന്റെയോ ലിംഗവ്യത്യാസത്തിന്റെയോ ഒന്നും അടിസ്ഥാനത്തിൽ ഒരുതരത്തിലുമുള്ള വിവേചനവും പൗരൻമാർക്കിടയിൽ പാടില്ലായെന്ന് പ്രഖ്യാപിച്ചതിനുശേഷം അനുച്ഛേദം 15ൽ മൂന്നാമതൊരു അനുഛേദം എഴുതിചേർത്തു. ഏതെങ്കിലും തരത്തിൽ വിവേചനം നേരിടുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ വേണമെന്ന് ഭരണകൂടം ആഗ്രഹിക്കുന്നുവെങ്കിൽ അവരെ പരിരക്ഷിക്കുന്നതിനു വേണ്ടിയിട്ടുള്ള നിയമനിർമ്മാണം നടത്തുന്നതിന് നിയമസഭകൾക്കും പാർലമെന്റിനും അധികാരം കൊടുത്തുകൊണ്ടുള്ള ഒരു വ്യവസ്ഥകൂടി ഭരണഘടനയുടെ അനുച്ഛേദം 15(3)ൽ ഉൾച്ചേർക്കപ്പെട്ടു. അതിന്റെ ഭാഗമായിട്ടാണ് പാർശ്വവത്കൃത ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരാനായിട്ടുള്ള നിരവധി നിയമനിർമ്മാണങ്ങൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടന്നിട്ടുള്ളത്.

## ഭരണഘടനാനുസൃതം ഈ കമ്മിഷൻ

ഭരണഘടനയുടെ അനുച്ഛേദം 15 (3)ന്റെ അടിസ്ഥാനത്തിൽ തന്നെയാണ് 1990 ൽ ആദ്യം ദേശീയ തലത്തിലും തുടർന്ന് സംസ്ഥാനതലങ്ങളിലും വനിതാ കമ്മിഷനുകൾ നിലവിൽവന്നത്. കേരളത്തിൽ 1990 ൽ അന്നത്തെ സാമൂഹികക്ഷേമ വകുപ്പ് മന്ത്രി കെ. ആർ. ഗൗരിയമ്മ, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ, ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റി എന്നിവരുടെ നേതൃത്വത്തിലായിരുന്നു കേരള വനിതാ കമ്മിഷൻ ബില്ലിന്റെ കരട് തയ്യാറാക്കിയത്. 1990ൽ ഇന്ത്യൻ രാഷ്ട്രപതിയുടെ അനുമതിക്ക് അയച്ച ബിൽ 1995 സെപ്റ്റംബർ 15-നാണ് രാഷ്ട്രപതിയുടെ അംഗീകാരത്തോടെ പാസായത്. ഭരണഘടനാനുസൃതമായി, രാഷ്ട്രപതിയുടെ അംഗീകാരത്തോടെ ദേശീയതലത്തിലും എല്ലാ സംസ്ഥാനങ്ങളിലും രൂപവൽക്കരിക്കപ്പെട്ട സ്ഥാപനമാണ് വനിതാ കമ്മിഷനുകൾ എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്.

സ്ത്രീകൾക്ക് എതിരായി നടക്കുന്ന ഏതുതരം അതിക്രമങ്ങൾക്കെതിരെയും അന്വേഷണം നടത്തുകയും തീരുമാനം കൈക്കൊള്ളലും, സ്ത്രീകളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിഷയങ്ങളിലും ഡയറക്ടർ അന്വേഷണം നടത്തുകയും തിരുത്തൽ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിന് ശുപാർശ നൽകുകയും, ഭരണഘടനയിൽ പ്രതിപാദിക്കുന്ന സമത്വത്തിനുള്ള അവകാശത്തെ ബാധിക്കുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങളുടെ കുറവുകളും പോരായ്മകളും പരിഹരിക്കുവാൻ വേണ്ട നിയമനടപടികൾ സ്വീകരിക്കുക, അത്തരം നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തുവാൻ സർക്കാരിനു ശുപാർശ ചെയ്യുക, സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷനിലും പൊതുമേഖലാസ്ഥാപനങ്ങളിലും നടക്കുന്ന നിയമനങ്ങളിലും സ്ഥാനക്കയറ്റങ്ങളിലും തുല്യത ഉറപ്പുവരുത്തുന്നതിനായി നിയമനത്തെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും സൂക്ഷ്മമായി പരിശോധിക്കുകയും ഭേദഗതികൾ ആവശ്യമെങ്കിൽ വേണ്ടമാറ്റം വരുത്തുവാൻ സർക്കാരിന് ശുപാർശ നൽകുക തുടങ്ങിയവയാണ് കമ്മിഷന്റെ പ്രധാന കർത്തവ്യങ്ങൾ.

**സമൂഹത്തിൽ വിവേചനം നേരിടുന്ന സ്ത്രീകൾക്ക് ഭരണഘടന നൽകുന്ന നിയമപരിരക്ഷയുടെ ഭാഗമായി രൂപവൽക്കരിക്കപ്പെട്ട സംവിധാനമാണ് വനിതാ കമ്മിഷനുകൾ**




## നടപടി പുരുഷനെതിരെ മാത്രമല്ല

സമൂഹത്തിൽ വിവേചനം നേരിടുന്ന സ്ത്രീകൾക്ക് ഭരണഘടന നൽകുന്ന നിയമ പരിരക്ഷയുടെ ഭാഗമായി രൂപവൽക്കരിക്കപ്പെട്ട സംവിധാനമാണ് വനിതാ കമ്മിഷനുകൾ. പുരുഷൻമാർക്കെതിരെ നടപടി സ്വീകരിക്കുക എന്ന ലക്ഷ്യത്തോടെയല്ല ഈ കമ്മിഷനുകൾ രൂപവൽക്കരിക്കപ്പെട്ടത് എന്നർഥം. സ്ത്രീകളുടെ സാമൂഹിക പുരോഗതിയും ലിംഗസമത്വം ഉറപ്പാക്കുകയും എന്നാൽ പുരുഷനെ വെല്ലുവിളിക്കുകയെന്നല്ല അർഥം. പുരുഷൻമാരുടെ സ്വാതന്ത്ര്യം തടയുകയല്ല, മറിച്ച് സ്ത്രീകളോട് അവർ കാണിക്കുന്ന ദുഃസ്വാതന്ത്ര്യം അനുവദിക്കാതിരിക്കുക എന്നത് കമ്മിഷന്റെ പല ലക്ഷ്യങ്ങളിൽ ഒന്നുമാത്രം. സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായ പ്രവൃത്തികളിലൂടെ ഉടലെടുക്കുന്ന നിയമനടപടികൾക്ക് വിധേയരാവുന്നത് പുരുഷൻമാർ മാത്രമല്ലെന്നതും തിരിച്ചറിയേണ്ടതുണ്ട്. സ്ത്രീധന പീഡനം, ഗാർഹിക പീഡനം, ജോലിസ്ഥലത്തെ ചൂഷണം തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ പലപ്പോഴും പ്രതിസ്ഥാനത്ത് വരുന്നത് സ്ത്രീകൾ തന്നെയാണ്. അവർക്കെതിരേയും ശക്തമായ നിലപാടാണ് കമ്മിഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ കൈക്കൊള്ളുന്നത് എന്ന കാര്യം മറക്കരുത്.

## പുരുഷകമ്മിഷൻ വാദഗതിക്കാർ ആരാണ്

പുരുഷകമ്മിഷൻ രൂപീകരിക്കണമെന്ന ആവശ്യവുമായി അടുത്തിടെ ചിലർ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. എന്നാൽ കോടതി ആ ഹർജി ഫയലിൽ സ്വീകരിക്കുകപോലും ചെയ്തില്ലെന്ന വാർത്തകൾ അടുത്തിടെ വായിച്ചുകാണും. നിയമപരമായിതന്നെ യാതൊരു നിലനിൽപ്പുമില്ലാത്ത വാദമാണ് പുരുഷകമ്മിഷൻ എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. ഇനി പുരുഷകമ്മിഷൻ വാദക്കാരെ ശ്രദ്ധിക്കാം. സംസ്ഥാനത്ത് വിവാദമാകുന്ന സ്ത്രീപീഡന കേസുകൾ ഉടലെടുക്കുമ്പോൾ മാത്രം രംഗത്തുവരുന്ന ഒരു വിഭാഗത്തെയാണ് പ്രധാനമായും പുരുഷകമ്മിഷൻ വാദികൾക്കിടയിൽ കാണാനാവുക. ലൈംഗിക പീഡന കേസുകളിൽ പ്രതികളാകുന്നവർക്ക് മാത്രമേ ഇവരുടെ സുരക്ഷ ലഭിക്കുകയുള്ളോ? സ്ത്രീകൾക്ക് എല്ലാ തലത്തിലും സുരക്ഷയും സ്വാതന്ത്ര്യവും സമത്വവും ഉറപ്പാക്കുന്നതുപോലെ പുരുഷൻമാർക്കും അത് വേണ്ടതില്ലെന്നാണോ? പുരുഷകമ്മിഷൻ വാദക്കാർ യഥാർഥത്തിൽ ലക്ഷ്യമിടുന്നതെന്താണ് എന്ന് അവർക്കുപോലും ഉറപ്പുള്ളതായി കാണുന്നില്ല.

## ഒരാൾക്കുള്ള പരിരക്ഷ മറ്റൊരാൾക്കെതിരല്ല

രാജ്യത്ത് വർഗ ജനവിഭാഗങ്ങൾക്ക്, ചൂഷണങ്ങൾക്ക് ഇരകളാകുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ കൊടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നിയമങ്ങൾ ഒന്നും മറ്റേതെങ്കിലും ഒരു വിഭാഗത്തിനെതിരല്ല. സ്ത്രീകൾക്ക് സംരക്ഷണം കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നിയമങ്ങൾ സ്ത്രീകളുടെ പരിരക്ഷ ലക്ഷ്യമിട്ടുള്ളത് മാത്രമാണ്. സ്ത്രീവിരുദ്ധമായിട്ടുള്ള സമീപനങ്ങൾ സ്വീകരിക്കുന്നവർക്കെതിരെ ഉപയോഗിക്കാനുള്ളതാണ് സ്ത്രീപക്ഷ നിയമങ്ങൾ. രാജ്യത്ത് ഇന്ന് നിലവിലുള്ള സ്ത്രീപക്ഷ നിയമങ്ങൾക്കും സ്ത്രീസുരക്ഷാനിയമങ്ങൾക്കും സ്ത്രീസംരക്ഷണ നിയമങ്ങൾക്കും എല്ലാം പ്രാധാന്യം ഏറിവരുന്ന ഒരു സാമൂഹിക സാഹചര്യത്തിലാണ് നാം ഇന്ന് ജീവിക്കുന്നത് - ഈ നിയമങ്ങൾ സ്ത്രീവിരുദ്ധ സമീപനം സ്വീകരിക്കുന്നവർക്കെതിരെ ഉള്ളതാണ്, അത് പുരുഷന്മാർ മാത്രമല്ല സ്ത്രീവിരുദ്ധമായ സമീപനം സ്വീകരിക്കുന്ന ആരുമാകാം.

പലപ്പോഴും ഗാർഹികപീഡന സംരക്ഷണ നിയമം, ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീയെ സംരക്ഷിക്കുന്ന നിയമം, സ്ത്രീധന നിരോധന നിയമം... എന്തിനധികം പെൺവാണിഭത്തിനെതിരായിട്ടുള്ള നിയമങ്ങളുടെ ഭാഗമായിട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഉൾപ്പെടെ പലപ്പോഴും സ്ത്രീകൾ തന്നെ പ്രതിസ്ഥാനത്ത് വരുന്ന അനുഭവം നമ്മുടെ മുമ്പിലുണ്ട്. ഗാർഹിക പീഡന കേസുകളിലും സ്ത്രീധന പീഡനക്കേസുകളിലും എല്ലാം പ്രതിസ്ഥാനത്ത് വരുന്നതിൽ നല്ലൊരു ശതമാനം സ്ത്രീകളാണ്. ഇത് സ്ത്രീകൾക്കെതിരായി അതിക്രമങ്ങൾ കാട്ടുന്നവർക്കെതിരെയും സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നവർക്കെതിരെയും ഉപയോഗിക്കുന്നതിനുള്ള നിയമങ്ങളാണ്. അതിനാൽ രാജ്യത്തെ സ്ത്രീസംരക്ഷണ നിയമങ്ങൾ യഥായോഗം നടപ്പിൽ വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താനാണ് സമൂഹത്തിന് ഉത്തരവാദിത്വമുള്ളത്. ■



എച്ച് ദിനേശൻ ഐഎഎസ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



കുടുംബശ്രീയുടെ പ്രധാനലക്ഷ്യമായ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധവും വേഗവും കൈവരിച്ച വർഷങ്ങളാണ് കടന്നുപോയത്. ഇതിന്റെ ഭാഗമായി സ്ത്രീകൾക്ക് കേവലം വരുമാന ലഭ്യതയ്ക്കുള്ള അവസരങ്ങൾ നൽകുന്നതിനുപരിയായി അവരുടെ വ്യക്തിത്വത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള നിരവധി പദ്ധതികൾ കുടുംബശ്രീ നടപ്പാക്കുന്നുണ്ട്.

# വീട്ടകങ്ങളിൽനിന്ന് കരുത്തിലേക്ക്



സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങൾക്ക് ഇന്ന് ലോകത്തിനുമുന്നിൽ അഭിമാനപൂർവം സമർപ്പിക്കാൻ കഴിയുന്ന നാമധേയമാണ് കുടുംബശ്രീ. ലോകത്തൊരിടത്തും കാണാൻ കഴിയാത്ത വികസനചരിത്രവുമായി കർമ്മനിരതമായ 26 വർഷങ്ങൾ പൂർത്തിയാക്കി സാമൂഹികരംഗത്ത് ഉജ്ജ്വലശോഭയോടെ മുന്നേറുകയാണ് ഏഷ്യൻ ഭൂഖണ്ഡത്തിലെ തന്നെ ഏറ്റവും വലിയ ഈ സ്ത്രീക്കൂട്ടായ്മ. മൂന്നുലക്ഷത്തിലേറെ അയൽക്കൂട്ടങ്ങളിലായി 46.16 ലക്ഷം വനിതകളാണ് കുടുംബശ്രീയുടെ കരുത്ത്.

2021ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വർഷവും കുടുംബശ്രീയുടെ പ്രയാണത്തിന് കരുത്ത് പകരാൻ ആവശ്യമായ സാമ്പത്തിക പിന്തുണ ബജറ്റിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്. അയൽക്കൂട്ട വനിതകളുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ ശാക്തീകരണം എന്ന ലക്ഷ്യത്തിന് അങ്ങേയറ്റം ശ്രദ്ധയും പ്രാധാന്യവും നൽകിയാണ് എല്ലാ പ്രവർത്തനങ്ങളും. സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത്, പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി അതനുസരിച്ചാണ് കുടുംബശ്രീയുടെ കുതിപ്പ്. 2016 മുതൽതന്നെ കുടുംബശ്രീയുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ശ്രദ്ധേയമായ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. ത്രിതല സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുകയും അതോടൊപ്പം ഉപജീവന പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവഹണവും വിലയിരുത്തലും പോരായ്മകൾ സമയബന്ധിതമായി പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയുന്നതുമാണ് എല്ലാ നേട്ടങ്ങളുടെയും പിന്നിലെ കരുത്ത്.

സ്ത്രീപദവി സ്വയംപഠന പ്രക്രിയ, അതിക്രമങ്ങൾ നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി 14 ജില്ലകളിലും അട്ടപ്പാ





ടിയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്, പ്രാദേശികതലത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി 19,284 വിജിലന്റ് ഗ്രൂപ്പുകൾ, 860 ജെൻഡർ റിസോഴ്സ് സെന്ററുകൾ, 140 മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകൾ, 304 സ്കൂളുകളിലും 70 കോളേജുകളിലും ജെൻഡർ ക്ലബ്ബുകൾ, നാന്നൂറോളം കമ്മ്യൂണിറ്റി കൗൺസലർമാർ, അയൽക്കൂട്ടതലത്തിൽ 2,78,338 ജെൻഡർ പോയിന്റ് പേഴ്സൺമാർ എന്നിവ ഉൾപ്പെടെ വളരെ വിപുലമായ സംവിധാനങ്ങൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്നുണ്ട്. ആന്റി ഹ്യൂമൻ ട്രാഫിക്കിങ്ങ് പദ്ധതി നടപ്പാക്കാനും കഴിഞ്ഞു. തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള 'പോഷ്' ആക്ട് 2013 നിയമത്തിന്റെ ഭാഗമായി എല്ലാ ജില്ലാമിഷനിലും സംസ്ഥാന മിഷനിലും ഇന്റേണൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണം, പോഷകാഹാരം, ആരോഗ്യം, വെള്ളം, ശുചിത്വം എന്നിവ ലഭ്യമാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി 2015ൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ആരംഭിച്ച എഫ്.എൻ.എച്ച്.ഡബ്ള്യു പദ്ധതി ഇന്ന് എല്ലാ ജില്ലകളിലും നടപ്പാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ടതലത്തിൽ അവബോധ പ്രവർത്തനങ്ങളുടെ ഒരു വലിയ ശൃംഖല തന്നെ സൃഷ്ടിക്കാൻ കുടുംബശ്രീക്കായി.

## കോവിഡ് മുതൽ ചൂരൽമല വരെ

ലോകമാകെ ആഞ്ഞടിച്ച കോവിഡ് ഭീഷണിയെ കരുത്തുറ്റ പ്രതിരോധം കൊണ്ട് സധൈര്യം നേരിട്ട ചരിത്രമാണ് കുടുംബശ്രീയുടേത്. സ്ത്രീശാക്തീകരണമെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുമ്പോഴും സമൂഹം നേരിടുന്ന പൊതുവായ വെല്ലുവിളികളെ നേരിടാനും അതിജീവിക്കാനും കുടുംബശ്രീ എപ്പോഴും മുന്നിൽ നിൽക്കുന്നു എന്നതിന്റെ തെളിവായിരുന്നു കുടുംബശ്രീ മുഖേന നിർവഹിച്ച കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ. കോവിഡ് ബാധിതരായ വയോജനങ്ങൾക്ക് ആവശ്യമായ മാനസിക പിന്തുണയും കരുതലും നൽകുന്നതിന്റെ ഭാഗമായി 'ഗ്രാൻഡ് കെയർ' എന്ന പദ്ധതി രൂപപ്പെടുത്തി നടപ്പാക്കി. കൂടാതെ കോവിഡ് കാലത്ത് അയൽക്കൂട്ട അംഗങ്ങൾക്കായി വിവിധ ഓൺലൈൻ പരിശീലന പരിപാടികളും സംഘടിപ്പിച്ചു.

**സ്ത്രീശാക്തീകരണമെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുമ്പോഴും സമൂഹം നേരിടുന്ന പൊതുവായ വെല്ലുവിളികളെ നേരിടാനും അതിജീവിക്കാനും കുടുംബശ്രീ എപ്പോഴും മുന്നിൽ നിൽക്കുന്നു**

വയനാട്ടിൽ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കായി കുടുംബശ്രീയുടെ നേതൃത്വത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി. കൂടാതെ ദുരന്തത്തിന് ഇരയായ കുടുംബങ്ങൾക്ക് കമ്യൂണിറ്റി മെന്ററിങ്ങ് പ്രവർത്തനവും നടത്തി വരുന്നു. വയനാട് ചൂരൽമല അതിജീവന ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 20.5 കോടി രൂപ നൽകിയും കുടുംബശ്രീ മാതൃകയായി.



## ഹാപ്പി കേരളം

ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റി സമൂഹത്തിന്റെ സന്തോഷസൂചിക വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ മിഷൻ എഫ്.എൻ.എച്ച്.ഡബ്ല്യു പ്രോഗ്രാമിന്റെ ഭാഗമായി 'ഹാപ്പി കേരളം' പദ്ധതിക്ക് തുടക്കമിട്ടു കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത 140 റിസോഴ്സ് പേഴ്സൺമാരുടെ സംസ്ഥാനതല പരിശീലനം പൂർത്തിയാക്കി. നാലു ജില്ലകളിൽ ജില്ലാതല പരിശീലനവും പൂർത്തിയായി.

## തീരദേശ മേഖലയിലും കുടുംബശ്രീയുടെ വെളിച്ചം

തീരദേശ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും പൊതുജീവിത നിലവാരം ഉയർത്തുന്നതിനും ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഈ മേഖലയിൽ അനുഭവസമ്പത്തുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുമായി 81തീരദേശ വൊളണ്ടിയർമാരെ നിയമിച്ചു. തീരദേശ ശാക്തീകരണം ലക്ഷ്യമിട്ടു കോസ്റ്റൽ വോളണ്ടിയർമാർ മുഖേന അയൽക്കൂട്ട രൂപവൽക്കരണവും സംരംഭകത്വ രൂപവൽക്കരണവും പുരോഗമിക്കുകയാണ്.

## കുടുംബശ്രീ സ്കൂൾ

കുടുംബശ്രീയുടെ കീഴിലുള്ള 2,66,308 അയൽക്കൂട്ടങ്ങളെയും ചലിപ്പിക്കാനും അംഗങ്ങൾക്ക് കുടുംബശ്രീ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനവും അറിവും നൽകുന്നതിനായി സംഘടിപ്പിച്ച 'കുടുംബശ്രീ സ്കൂൾ' നാളിതുവരെ കണ്ടതിൽ ഏറ്റവും ശ്രദ്ധേയമായ പരിപാടിയായി. കുടുംബശ്രീ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സമൂഹാധിഷ്ഠിത സ്വയംപഠന പ്രക്രിയ വഴി തെളിച്ചു.

## 'തിരികെ സ്കൂളിൽ' ക്യാമ്പയിൻ

കുടുംബശ്രീയുടെ സംഘാടന മികവും ത്രിതല സംഘടനാസംവിധാനത്തിന്റെ കരുത്തും ഒരുമയും തെളിയിക്കുന്നതായിരുന്നു 2023-24 കാലയളവിൽ സംഘടിപ്പിച്ച 'തിരികെ സ്കൂളിൽ' എന്ന ബൃഹദ് ക്യാമ്പയിൻ. 2.79 ലക്ഷം അയൽക്കൂട്ടങ്ങളിൽ നിന്നായി 37 ലക്ഷം കുടുംബശ്രീ വനിതകൾ പങ്കെടുത്ത, വിദ്യാലയങ്ങളിൽ സംഘടിപ്പിച്ച ഔപചാരിക വിദ്യാഭ്യാസ പരിപാടി കുടുംബശ്രീയ്ക്ക് സമൂഹത്തിന്റെ നാനാഭാഗത്തുനിന്നും അംഗീകാരങ്ങൾ നേടിക്കൊ



ടുത്തു. രജതജൂബിലിയുടെ ഭാഗമായി 'രചന' എന്ന പേരിൽ 1070 സി.ഡി.എസുകളുടെയും ചരിത്രം ഡോക്യുമെന്റ് ചെയ്തതിന്റെ പ്രകാശനം രാഷ്ട്രപതി ദ്രൗപതി മുർമ്മു നിർവഹിച്ചു.

## 1,43,134 സൂക്ഷ്മസംരംഭങ്ങൾ

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്തങ്ങളായ ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ നടപ്പാക്കുന്നുണ്ട്. അതിൽ സുപ്രധാനമാണ് സ്വയംതൊഴിൽ സംരംഭങ്ങൾ. സൂക്ഷ്മസംരംഭ മേഖലയിൽ കഴിഞ്ഞ ഏഴ് വർഷങ്ങളിൽ വലിയ തോതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. 2021-22ൽ കുടുംബശ്രീയുടെ കീഴിൽ ഉണ്ടായിരുന്ന സംരംഭങ്ങളുടെ എണ്ണം 85,039 ആയിരുന്നു. ഈ സർക്കാർ വന്നതിനുശേഷം 58,095 സംരംഭങ്ങൾ കൂടി പുതുതായി രൂപീകരിച്ചു. നിലവിൽ കുടുംബശ്രീ മുഖേന നടത്തുന്ന വിവിധ പദ്ധതികളുടെ ഭാഗമായി ഇന്ന് സംസ്ഥാനമൊട്ടാകെ 1.43 സൂക്ഷ്മസംരംഭങ്ങളാണ് പ്രവർത്തിക്കുന്നത്. 91452 വ്യക്തിഗത സംരംഭങ്ങളും 51682 ഗ്രൂപ്പ് സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു. മൂന്നു ലക്ഷത്തോളം വനിതകളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്.

## കെ 4 കെയർ, ലഞ്ച് ബെൽ

അപ്പാരൽ പാർക്ക്, കഫേ, ഭക്ഷ്യസംസ്കരണം, കരകൗശല നിർമ്മാണം,

സോപ്പ്, ലോഷൻ നിർമ്മാണം, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ്, ഡേ കെയർ, ഹോം ഷോപ്പ് തുടങ്ങി നിലവിൽ ചെയ്തു വന്നിരുന്ന പരമ്പരാഗതമായ തൊഴിൽ സംരംഭങ്ങൾക്ക് പുറമേ, വൈവിധ്യമാർന്ന ഒട്ടനവധി പുതുസംരംഭങ്ങളിലേക്കും കുടുംബശ്രീ വളരെ വേഗമാണ് കടന്നത്. സൂക്ഷ്മ സംരംഭ മേഖലയെ നവീകരിക്കുന്നതിന്റെ ഭാഗമായി സേവന മേഖലയിൽ വിവിധ ഗാർഹിക പരിചരണങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി ആരംഭിച്ച കെ 4 കെയർ പദ്ധതി ഇതിനകം ഏറെ ശ്രദ്ധേയമായിട്ടുണ്ട്. മിതമായ നിരക്കിൽ ഉച്ചയൂണ് ലഭ്യമാക്കുന്ന ലഞ്ച് ബെൽ, ഹൈടെക് സൗകര്യങ്ങളോടെ അഞ്ച് ജില്ലകളിൽ ആരംഭിച്ച കഫേ പ്രീമിയം റെസ്റ്റോറന്റുകൾ എന്നിവയും ജനപ്രിയമാണ്.


തിരികെ സ്കൂളിൽ

**മിതമായ നിരക്കിൽ ഉച്ചയൂണ് ലഭ്യമാക്കുന്ന ലഞ്ച് ബെൽ, ഹൈടെക് സൗകര്യങ്ങളോടെ അഞ്ച് ജില്ലകളിൽ ആരംഭിച്ച കഫേ പ്രീമിയം റെസ്റ്റോറന്റുകൾ എന്നിവയും ജനപ്രിയമാണ്.**

ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി 'ഷീ സ്റ്റാർട്ട്സ്', പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ബ്ലോക്ക്തലത്തിൽ 22 മൈക്രോ എന്റർപ്രൈസസ് റിസോഴ്സ് സെന്ററുകൾ, 4403 ഹരിതകർമ്മ സേനാ യൂണിറ്റുകൾ, ടേക്ക് എ ബ്രേക്ക്, പൊതു സേവനകേന്ദ്രങ്ങൾ, സാന്ത്വനം, 241 അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ, 288 വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, പ്രത്യാശ, തീരദേശ എം.ഇ പദ്ധതി, ഒരോ സി.ഡി.എസിലും സംരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു സി.ഡി.എസിന് ഒരു എം.ഇ. എറൈസ് മൾട്ടി ടാസ്ക് ടീം, കോവിഡ് പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടമായി തിരികെയെത്തിയ പ്രവാസികൾക്ക് നോർക്കയുമായി ചേർന്ന് 'പ്രവാസി ഭദ്രത-പേൾ' പദ്ധതി എന്നിവയും കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പ്രമുഖ പദ്ധതികളാണ്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ മാ കെയർ യൂണിറ്റും കഫേ സ്റ്റേഷനറി ഷോപ്പ് സ്കൂഫെയും ആരംഭിച്ചിട്ടുണ്ട്.

ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പി.എം. എഫ്.എം.ഇ പദ്ധതി, യുവാക്കളെ സംരംഭപ്രവർത്തനങ്ങളിലേക്ക് നയിക്കുന്നതിനുള്ള പി.എം യുവ പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. കുടുംബശ്രീ കഫേ യൂണിറ്റുകളെ ബ്രാൻഡ് ചെയ്യുന്നതും സൂക്ഷ്മസംരംഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1500-ഓളം സംരംഭകരെ പങ്കെടുപ്പിച്ച മൈക്രോ എന്റർപ്രൈസ് കോൺക്ലേവ് സംഘടിപ്പിക്കാൻ കഴിഞ്ഞതും ഇക്കാലയളവിൽ ഏറെ ശ്രദ്ധേയമായി. സംസ്ഥാനത്ത് തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ നടപ്പാക്കുന്ന വൺ സ്റ്റോപ്പ് ഫെസിലിറ്റി സെന്റർ, സൂക്ഷ്മസംരംഭ മേഖലയിൽ ഇൻകുബേഷൻ സെന്റർ, സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം-ആറാം ഘട്ടം ആരംഭിച്ചു കഴിഞ്ഞു. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജലജീവൻ മിഷന്റെ ടാപ്പ് കണക്ഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ, ജലനിധി, വാട്ടർ അതോറിറ്റി എന്നിവരെ സഹായിക്കുന്ന ഐ.എസ്.എ ആയും 280 പഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തിക്കുന്നു.

## ഉൽപന്ന വിപണനവും ബ്രാൻഡിങ്ങും

ഓൺലൈൻ വ്യാപാരരംഗത്തേക്കുള്ള കുടുംബശ്രീയുടെ കടന്നുവരവാണ് കഴിഞ്ഞ ഏഴ് വർഷത്തിനിടെ മാർക്കറ്റിങ്ങ് രംഗത്തുണ്ടായ ശ്രദ്ധേയ നേട്ടം. കുടുംബശ്രീയുടെ മുഴുവൻ ഉൽപന്നങ്ങളും സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി 'പോക്കറ്റ് മാർട്ട്-കുടുംബശ്രീ സ്റ്റോർ' എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ ഒ.എൻ. ഡി.സി. ആമസോൺ സഹേലി, ഫ്ളിപ്കാർട്ട്, മീഷോ തുടങ്ങിയ ഓൺലൈൻ വ്യാപാര സൈറ്റുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾ വിൽപനയ്ക്കായി സജ്ജീകരിക്കാനും കഴിഞ്ഞു. ലഞ്ച് ബെൽ പദ്ധതി വഴി ഉച്ചയൂണ് ഉൾപ്പെടെയുള്ള വിഭവങ്ങൾ ഓൺലൈനായി ലഭ്യമാക്കിയതും നിരവധി ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിലിറക്കിയതും ശ്രദ്ധേയമായ





കൊച്ചി മെട്രോയിൽ

**കൊച്ചി റെയിൽ മെട്രോയ്ക്കു ശേഷം കൊച്ചി വാട്ടർ മെട്രോയിലും തിളങ്ങുന്നത് കുടുംബശ്രീയുടെ പെൺകരുത്താണ്. ഇതിൽ ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിങ്ങ് എന്നീ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള 30 പേരും കുടുംബശ്രീ വനിതകളാണ്.**

നേട്ടങ്ങളായി അടയാളപ്പെടുത്താവുന്നതാണ്.

നാനോ മാർക്കറ്റുകൾ, മാർക്കറ്റിങ്ങ് കിയോസ്കുകൾ, ദേശീയ സരസ് മേളകൾ, ഭക്ഷ്യമേളകൾ, ട്രേഡ് ഫെയറുകൾ എന്നിവ വഴി ഉൽപന്നങ്ങൾ മികച്ച രീതിയിൽ വിപണനം ചെയ്യുന്നു. കഫേ കുടുംബശ്രീ ബ്രാൻഡിൽ ന്യൂഡൽഹി ഇന്ത്യാ ഗേറ്റിലെ കുടുംബശ്രീ ഫുഡ് കിയോസ്ക്, കോഴിക്കോട് വിമാനത്താവളത്തിലെ കുടുംബശ്രീ പ്രീമിയം സ്റ്റോർ, കൊച്ചി മെട്രോയിലെ കുടുംബശ്രീ സിഗ്നേച്ചർ സ്റ്റോർ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചതും ഇക്കാലയളവിലാണ്.

## കൊച്ചി മെട്രോയിലും വാട്ടർ മെട്രോയിലും

സംസ്ഥാനത്ത് പൊതുഗതാഗത രംഗത്ത് വിപ്ലവാത്മകമായ മാറ്റം സൃഷ്ടിച്ച കൊച്ചി റെയിൽ മെട്രോയുടെ 24 സ്റ്റേഷനുകളിലും ജോലി ചെയ്യുന്ന 555 പേരും കുടുംബശ്രീ വനിതകളാണ്. ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിങ്ങ്, കസ്റ്റമർ കെയർ സർവീസ്, ഹെൽപ് ഡെസ്ക്, കസ്റ്റമർ ഫെസിലിറ്റേഷൻ സർവീസ്, പൂന്തോട്ടം-പച്ചക്കറി തോട്ട നിർമ്മാണം, കിച്ചൺ, കാന്റീൻ, പാർക്കിങ്ങ് എന്നീ വിഭാഗങ്ങളിലാണ് ഇവരുടെ സേവനം. കുടുംബശ്രീയുടെ കീഴിലുള്ള ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ മുഖേനയാണ് ഇവരുടെ നിയമനവും മേൽനോട്ടവും. കൊച്ചി റെയിൽ മെട്രോയ്ക്കു ശേഷം കൊച്ചി വാട്ടർ മെട്രോയിലും തിളങ്ങുന്നത് കുടുംബശ്രീയുടെ പെൺകരുത്താണ്. ഇതിൽ ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിങ്ങ് എന്നീ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള 30 പേരും കുടുംബശ്രീ വനിതകളാണ്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-സംരംഭകത്വ വികസന പദ്ധതി

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' മുഖേന 'റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമി'ൽ ഉൾപ്പെടുത്തി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിയാണ് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-സംരംഭകത്വ വികസന പദ്ധതി'. എസ്.വി.ഇ.പി മാതൃകയിലുള്ള ജീവനോപാധി പ്രോത്സാഹന പദ്ധതിയാണിത്. പ്രളയബാധിതമായ 14 ബ്ലോക്കുകളിലാണ് പദ്ധതി നടത്തിപ്പ്. ഇതിന്റെ ഭാഗമായി ഈ മേഖലയിൽ 20,047 സംരംഭങ്ങൾ ആരംഭിച്ച് പിന്തുണ നൽകാൻ കഴിഞ്ഞു. പ്രളയബാധിതർക്ക് മെച്ചപ്പെട്ട ഉപജീവനം നൽകി അവരുടെ അതിജീവനത്തിന് പിന്തുണ നൽകുന്നതിന്റെ ഭാഗമായി 14 ബ്ലോക്കുകൾക്കും കൂടി ആകെ 75 കോടി രൂപയാണ് കേരള സർക്കാർ അനുവദിച്ചത്. കമ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് മുഖേന 17,448 സംരംഭങ്ങൾക്ക് 81.23 കോടി രൂപയുടെ പ്രാഥമിക വായ്പാ സഹായവും ലഭ്യമാക്കി.

## ഹരിത സമൃദ്ധിക്കും വരുമാനത്തിനും

നേച്ചേഴ്സ് ഫ്രഷ് അഗ്രി കിയോസ്ക്, പ്രൊഡ്യൂസർ ഗ്രൂപ്പുകൾ, ഇന്റഗ്രേറ്റഡ് ഫാമിങ്ങ് ക്ലസ്റ്ററുകൾ, വേനൽ മധുരം, പുനർജീവനം, നിറപ്പൊലിമ, ഓണക്കനി, അഗ്രി ബിസിനസ് സംരംഭങ്ങൾ, ചെറുകിട ഇടത്തരം മൂല്യവർധിത യൂണിറ്റുകൾ, ഡ്രോൺ ദീദി തുടങ്ങി വൈവിധ്യമാർന്ന കാർഷിക പദ്ധതികളും കുടുംബശ്രീ മുഖേന നടപ്പാക്കുന്നു.

## ഗ്രീൻ കാർപെറ്റ് യൂണിറ്റുകളും 24.25 ലക്ഷം അഗ്രി ന്യൂട്രി ഗാർഡനും

വിവിധ ജില്ലകളിലായി 18 ഗ്രീൻ കാർപെറ്റ്യൂണിറ്റുകൾ,24.25ലക്ഷംഅഗ്രി ന്യൂട്രി ഗാർഡൻ എന്നിവയും രൂപീകരിച്ചു. 2199വനിതകൾക്ക്കാർഷികബിസിനസ് സംരംഭങ്ങൾ വഴി വരുമാനം ലഭ്യമാക്കുന്നതിനും കഴിയുന്നു. പ്രൊഡ്യൂസർ ഗ്രൂപ്പുകളു




ലഞ്ച് ബെൽ

ടെ രൂപീകരണമാണ് മറ്റൊരു ശക്തമായ മുന്നേറ്റം. 740 പ്രൊഡ്യൂസർ ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് 16470 വനിതകൾ കാർഷിക ഉൽപന്നങ്ങളുടെ ശേഖരണവും ഉൽപന്ന വൈവിധ്യവൽക്കരണവും മാർക്കറ്റിങ്ങും നടത്തിവരുന്നു.

## മൃഗസംരക്ഷണ മേഖല

കുടുംബശ്രീ വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിൽ മൃഗസംരക്ഷണമേഖലയും മുഖ്യ പങ്കുവഹിക്കുന്നു. മൃഗസംരക്ഷണ ഉപജീവന മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് 4530 കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി പശുസഖി സർട്ടിഫിക്കേഷൻ ലഭ്യമാക്കി. കൂടാതെ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് ഫീൽഡ് തല കർഷക പിന്തുണയ്ക്കായി 458 പശുസഖികൾക്ക് എ ഹെല്പ് സർട്ടിഫിക്കേഷൻ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

## കേരള ചിക്കൻ

കേരള ചിക്കൻ പദ്ധതിയിലും വലിയ പുരോഗതിയാണ് ഇക്കാലയളവിൽ കൈവരിച്ചത്. നിലവിൽ 14 ജില്ലകളിലായി 434 ബ്രോയിലർ ഫാമുകളും 136 കേരള ചിക്കൻ ഔട്ട്‌ലെറ്റുകളും പ്രവർത്തിക്കുന്നു. ഇതിലൂടെ 700ഓളം കുടുംബങ്ങൾക്കാണ് സ്ഥിരവരുമാനം കണ്ടെത്താൻ കഴിയുന്നത്. പദ്ധതിയുടെ രണ്ടാംഘട്ടമായി 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡ് നാമത്തിൽ ഫ്രോസൺ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാനും കഴിഞ്ഞു. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി നാളിതുവരെ 330 കോടി രൂപയുടെ വിറ്റുവരവ് നേടാനും ഈ സാമ്പത്തിക വർഷം 100 കോടിയുടെ വിറ്റുവരവ് കടക്കുകയും സാമ്പത്തികവർഷത്തിന്റെ ആദ്യപാദത്തിൽ 4.69 കോടി രൂപയുടെ ലാഭം നേടുകയും ചെയ്തു.

## പി എം എ വൈ (നഗരം) - ലൈഫ്

സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി സംയോജിച്ചുകൊണ്ടാണ് സംസ്ഥാനത്ത് പി.എം.എ.വൈ(നഗരം)-ലൈഫ് നടപ്പാക്കുന്നത്. പാവപ്പെട്ടവർക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ പദ്ധതിക്കായിട്ടുണ്ട്. കഴിഞ്ഞ ഏഴ് വർഷ കാലയളവിൽ സ്വന്തമായി ഭൂമിയുള്ള 69,912 ഗുണഭോക്താക്കൾക്കാണ് വീടുകൾ നിർമ്മിക്കാനുള്ള അംഗീകാരം ലഭ്യമാക്കിയത്. ഇതിൽ മുൻകാലങ്ങളിൽ അംഗീകാരം ലഭിച്ചതുൾപ്പെടെ 85,412 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതുകൂടാതെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനുമായി ചേർന്ന് പാർപ്പിട സമുച്ചയങ്ങളും നിർമ്മിച്ചു നൽകുന്നു. ഈ ഘടകത്തിൽ ഉൾപ്പെടുത്തി 11 പാർപ്പിട സമുച്ചയങ്ങളിലായി 970 പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കാന്നതിനുള്ള അനുമതി ലഭിക്കുകയും 530 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.






## പ്രതിസന്ധികളിൽ ചേർത്തുപിടിച്ച് കുടുംബശ്രീ


അധ്വാനത്തിലൂടെ ജീവിതപുരോഗതി കൈവരിച്ചതിനപ്പുറം പ്രതിസന്ധിഘട്ടങ്ങളിൽ സഹജീവികൾക്ക് താങ്ങും തണലുമാകാനും കുടുംബശ്രീ കൂട്ടായ്മ ഒപ്പമുണ്ടെന്നു തെളിയിച്ച നിരവധി അവസരങ്ങൾക്കും കേരളം സാക്ഷിയായി. വയനാട് മുണ്ടക്കൈ ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് അതിജീവന പുനരധിവാസ പ്രവർത്തനങ്ങൾക്ക് സർക്കാരിന് പിന്തുണ നൽകുന്നതിനായി കുടുംബശ്രീ നൽകിയത് 20,60,25,388 രൂപയാണ്.

2018ലും 2019ലും കേരളത്തെ ആകെയുലച്ച പ്രളയത്തിലും അതിനുശേഷം വന്ന കോവിഡ് മഹാമാരിയിലും കുടുംബശ്രീ കേരളത്തിനൊപ്പം നിന്നു. പ്രളയക്കെടുതിയിൽ ഏറെ നാശനഷ്ടങ്ങൾ നേരിടേണ്ടി വന്നപ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 11 കോടി രൂപ സംഭാവന ചെയ്ത് നാടിനു തുണയാകാൻ തങ്ങൾ ഒപ്പമുണ്ടെന്ന് കുടുംബശ്രീ സഹോദരിമാർ തെളിയിച്ചു. കോവിഡ് കാലത്ത് ജനകീയ ഹോട്ടൽ ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കിയതിലൂടെ ഈ പെൺകൂട്ടായ്മ സമൂഹത്തിന് എല്ലാ കാലത്തും മികച്ച മാതൃകയായി.

കുടുംബശ്രീ പ്രവർത്തനം ആരംഭിച്ച് 26 വർഷം പൂർത്തിയാകുമ്പോൾ അടുക്കളയുടെ നാല് ചുവരുകൾക്കുള്ളിൽ നിന്നും അധികാരക്കസേരയിലേക്ക് വരെ എത്താൻ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം സാമൂഹിക സാംസ്കാരിക മണ്ഡലങ്ങൾ ഉൾപ്പെടെ എല്ലായിടത്തും അവർക്ക് ദൃശ്യത ലഭിച്ചുവെന്നത് ഏറെ അഭിമാനകരമാണ്. ത്രിതല പഞ്ചായത്തുകളിൽ ഇന്ന് അധികാര സ്ഥാനങ്ങളിലേക്ക് എത്തിയിട്ടുള്ള സ്ത്രീകളിലേറെയും കുടുംബശ്രീ വനിതകളാണ്. വ്യക്തിത്വത്തിന്റെയും കലാപരമായ കഴിവുകളുടെയും കൂടി വികസനമാണ് കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നത്. ആത്മാഭിമാനത്തോടെ മുന്നേറുന്ന സ്ത്രീകളുടെ ഈ സംഘടിത ശക്തി സമൂഹത്തിനാകെ പ്രതീക്ഷ നൽകുന്നതാണ്. ■

2016 മുതൽ കേരളം കൈക്കൊണ്ട
8 സുപ്രധാന നടപടികൾ

# സ്ത്രീസൗഹൃദ ലിംഗസമത്വ കേരളത്തിനായി



## 1 മാളുകൾ, വസ്ത്രവില്പന കേന്ദ്രങ്ങൾ എന്നിങ്ങനെ തൊഴിലിടങ്ങളിൽ ഇരിക്കുന്നതിനുള്ള അവകാശം

വനിതകളായ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിക്കുന്നതിനുള്ള അവകാശം ഉൾപ്പെടുത്തി ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് ഭേദഗതി ചെയ്തത് ചരിത്രപരമായ നടപടിയായിരുന്നു. (2018ലെ നിയമഭേദഗതി വകുപ്പ് 21 ബി )അത് കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലും സർക്കാർ ശ്രദ്ധിക്കുന്നു.



## 2 ലിംഗ വ്യത്യാസമില്ലാതെ അധ്യാപകർക്ക് ഇഷ്ടമുള്ള, മാന്യമായ ഏതു വസ്ത്രവും ധരിക്കുന്നതിന് അവകാശം

തൊഴിൽ ചെയ്യാൻ സൗകര്യപ്രദമായതും മാന്യമായതുമായ ഏതു വസ്ത്രവും ധരിച്ചും അധ്യാപകർക്ക് സ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ സർക്കാർ അനുമതി നൽകി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകരുടെ വസ്ത്രധാരണവുമായി ബന്ധപ്പെട്ട് കാലാനുസൃതമല്ലാത്ത പിടിവാശികൾ ചില സ്ഥാപനമേധാവികളും മാനേജ്മെന്റുകളും അടിച്ചേല്പിക്കുന്നതായി അധ്യാപകർ പരാതിപ്പെട്ട സാഹചര്യത്തിലാണ് 2021ൽ ഉത്തരവിറങ്ങിയത്.

3

## സർവകലാശാലകൾക്ക് കീഴിലെ വിദ്യാർഥിനികൾക്ക് ആർത്തവാവധി

സർവകലാശാലകളിലും ഐടിഐകളിലും പഠിക്കുന്ന പെൺകുട്ടികൾക്ക് ആർത്തവ ദിവസങ്ങളിൽ ശാരീരികവും മാനസികവുമായി വലിയരീതിയിൽ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ട് പരിഗണിച്ച് മാസത്തിൽ രണ്ടുദിവസം ആർത്തവാവധി.





4

## സർവകലാശാല വിദ്യാർഥിനികൾക്ക് പ്രസവാവധി

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലു ള്ള എല്ലാ സർവകലാശാലകളിലെയും 18 വയസുകഴിഞ്ഞ വിദ്യാർഥിനികൾക്ക് പ്രസവാവധിയും അനുവദിച്ച് സർക്കാർ ഉത്തരവായി. 2023 ജനുവരിയിലാണ് വിദ്യാർഥിനികളുടെ ഉന്ന തവിദ്യാഭ്യാസം തുടരാൻ സഹായകമായ ഈ ഉത്തരവിറങ്ങുന്നത്.

ഒരു വിദ്യാർഥിനിക്ക് പരീക്ഷ എഴുതാൻ 75 ശതമാനം ഹാജർ നിർബന്ധമാണ്. ഇത് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനം ആക്കി വിദ്യാർഥിനികൾക്ക് അനുവദിക്കുകയാണ് ചെയ്തത്. കുസാറ്റ് തുടങ്ങിവെച്ച നടപടി എല്ലാ സർവകലാശാലകളിലേക്കും വ്യാപിപ്പി ക്കുകയായിരുന്നു.

18 വയസുകഴിഞ്ഞ വിദ്യാർഥിനികൾക്ക് പരമാവധി 60 ദിവസം പ്രസവാവധിയാണ് അനുവദിച്ചത്. ആദ്യത്തെയോ രണ്ടാമത്തെയോ പ്രസവത്തിനേ അവധി ലഭിക്കൂ. ഒരു കോഴ്സിൽ ഒറ്റ തവണ മാത്രമേ അവധി അനുവ ദിക്കൂ. ഇതിനാവശ്യമായ ഭേദഗതി സർവക ലാശാല ചട്ടങ്ങളിൽ വരുത്തി.





5

## സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ്

പ്രത്യേകരേഖയായി വകുപ്പുകളിലുടനീളം പെൺകുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി അടയാളപ്പെടുത്തിയ വിഭവങ്ങൾ ഉൾപ്പെടുത്തി 2017-18 ലാണ് സംസ്ഥാനത്ത് ആദ്യമായി ലിംഗപദവി ബജറ്റ് അവതരിപ്പിച്ചത്. 2022-23-ൽ സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി (പാർട്ട് എ) 1,619.82 കോടി രൂപയും (7.26 ശതമാനം) പാർട്ട് ബി യിൽ ഘടക പദ്ധതികൾക്കായി 3,045.38 കോടി രൂപയും (13.64 ശതമാനം) സ്ത്രീകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കായി ആകെ 4665.20 കോടി രൂപ വകയിരുത്തിയിട്ടുള്ളത് മൊത്തം അടങ്കലിന്റെ 20.90 ശതമാനമാണ്. ഈ തുകയിൽ 5.0 കോടി രൂപ ട്രാൻസ്ജെൻഡറുകൾക്കായുള്ള പദ്ധതിയായ 'മഴവില്ല്' നാണ് അനുവദിച്ചിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 4,670.22 കോടി രൂപയാണ് സംസ്ഥാനത്തെ ജെൻഡർ ബജറ്റിങ്ങിന്റെ ആകെ അടങ്കൽ. 2021-22 ലെ 19.54 ശതമാനം (?4,025.4 കോടി) ൽ നിന്ന് സ്ത്രീകൾക്കുള്ള വിഹിതം മൊത്തം പദ്ധതി വിഹിതത്തിന്റെ 21.12 ശതമാനം എന്ന ഉയർന്ന തലത്തിലെത്തി. സ്ത്രീകളുടെ പുരോഗതിയ്ക്കായി പ്രത്യേകം തുകയനുവദിക്കുന്ന കേരളത്തിന്റെ ജെൻഡർ ബജറ്റിനെ യു.എൻ.വിമൺ കഴിഞ്ഞ വർഷം അഭിനന്ദിച്ചിരുന്നു.

## 6 പോലീസ് ഉദ്യോഗസ്ഥനല്ല, പോലീസ് സേനാംഗം

ലിംഗവിവേചനം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി കേരള പോലീസിന്റെ പാസിങ്ങ് ഔട്ട് പരേഡിലെ പ്രതിജ്ഞാവാചകത്തിൽ മാറ്റം വരുത്തി. ഒരു പോലീസ് ഉദ്യോഗസ്ഥനെന്ന നിലയിൽ എന്നിൽ അർപ്പിതമായ കർത്തവ്യങ്ങളും ചുമതലകളും നിർവഹിക്കുമെന്നു സർവാത്മനാ പ്രതിജ്ഞ ചെയ്യുന്നു എന്നതിന് പകരം ഒരു പോലീസ് സേനാംഗമെന്ന നിലയിൽ എന്നാണ് മാറ്റം വരുത്തിയത്.



## 7 ചരിത്രത്തിലാദ്യമായി ഫയർ ആൻഡ് റെസ്ക്യൂ വനിത ഓഫീസർമാരുടെ നിയമനം

അഗ്നിരക്ഷാസേനയിൽ ആദ്യമായി വനിതാ ഓഫീസർമാർ 2024ലെ സാർവദേശിക വനിതാദിനം കേരളത്തിന് സവിശേഷാനുഭവമായി. വനിതകൾക്ക് അപ്രാപ്യമായ ഒരു മേഖലയും ഇല്ല എന്ന് തെളിയിച്ചുകൊണ്ട് സംസ്ഥാന ചരിത്രത്തിലാദ്യമായി ഫയർ ആൻഡ് റെസ്ക്യൂ വനിത ഓഫീസർമാരുടെ പാസിംഗ് ഔട്ട് പരേഡും അന്നു നടന്നു. ചരിത്രത്തിലെ സുവർണ നിമിഷമാണിതെന്നാണ് പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചത്. 82 വനിതകളടങ്ങുന്ന ആദ്യബാച്ചാണ് സേനയുടെ ഭാഗമായത്.



## 8 അങ്കണപ്പൂമഴ ജെൻഡർ ഓഡിറ്റഡ് പാഠപുസ്തകം

കുട്ടികളിൽ ചെറുപ്രായം മുതൽതന്നെ ലിംഗസമത്വത്തിന്റെ പ്രാധാന്യവും അവബോധവും നൽകാനുള്ള പദ്ധതി. അങ്കണവാടികളിലെ പഠനസാമഗ്രികൾ ജെൻഡർ ഓഡിറ്റിന് വിധേയമാക്കി. ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ അങ്കണപ്പൂമഴ എന്ന പുതിയ പാഠപുസ്തകം ഇറക്കി.

വര: വി.എസ്.പ്രകാശ്

2016 മുതൽ കേരളം നടപ്പിലാക്കിയ 8 പദ്ധതികൾ

# സ്ത്രീസുരക്ഷിത കേരളത്തിനായി

## വൺസ്റ്റോപ്പ് സെന്ററുകൾ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസലിങ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം, പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ് സെന്റർ. 14 ജില്ലകളിലും ഒരു സെന്റർവീതം 24 മണിക്കൂറും പ്രവർത്തിക്കുന്നു. വൺ സ്റ്റോപ്പ് സെന്ററുകളിൽ സഹായം തേടാനായി കേന്ദ്രത്തിൽ നേരിട്ടെത്തുകയോ ഹെൽപ് ലൈൻ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

## ഡിജിറ്റൽ പാഠശാല

സ്ത്രീകൾക്ക് ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്താനായി ഡിജിറ്റൽ പാഠശാല- വനിതകളെ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനു പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനിത ശിശു വികസന വകുപ്പും ജെൻഡർ പാർക്കും സംയുക്തമായി നടപ്പാക്കുന്ന ഈ പരിപാടിയിലൂടെ അങ്കണവാടി ജീവനക്കാർക്കും കുടുംബശ്രീ പ്രവർത്തകർക്കും പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. സ്മാർട്ട് ഫോൺ, സാമൂഹികമാധ്യമങ്ങൾ, നെറ്റ് ബാങ്കിങ്, ഓൺലൈൻ പേയ്മെന്റ്, എ ടി എം, സൈബർ സെക്യൂരിറ്റി തുടങ്ങിയ വിഷയങ്ങളിൽ സാക്ഷരരാക്കുന്ന പദ്ധതിയാണിത്.

## ധീര പദ്ധതി

ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുന്നതിനാണ് ധീര പദ്ധതി. മാനസിക ശാരീരികാരോഗ്യം മെച്ചപ്പെടുത്തുക, അതിക്രമങ്ങളെ കുറിച്ച് ബോധവത്ക്കരിക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നിവയും ലക്ഷ്യമാണ്. നിർഭയ സെൽ മുഖാന്തരം 10 മുതൽ 15 വയസ്സ് വരെയുള്ള പെൺകുട്ടികൾക്ക് ആയോധനകലകൾ അഭ്യസിപ്പിക്കുന്നു.



## തൊഴിലരങ്ങത്തേക്ക് പദ്ധതി

സ്ത്രീകളെ തൊഴിൽ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് 'തൊഴിലരങ്ങത്തേക്ക്' പദ്ധതി. കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലി (KDISC) ന്റെ കീഴിൽ കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള നോളേജ് ഇക്കോണമി മിഷൻ (KKEM). 2026നുള്ളിൽ കേരളത്തിലെ അഭ്യസ്തവിദ്യരായ 20 ലക്ഷം തൊഴിലന്വേഷകർക്ക് നൈപുണ്യപരിശീലനം നൽകി സ്വകാര്യമേഖലയിൽ വിജ്ഞാനതൊഴിലവസരങ്ങൾ ലഭ്യമാക്കുകയെന്ന ദൗത്യമാണ് ഇപ്പോൾ മിഷനിൽ നിക്ഷിപ്തമായിരിക്കുന്നത്.



## ഷീ പാഡ് പദ്ധതി

സ്കൂൾ വിദ്യാർഥിനികളിൽ ആർത്തവസംബന്ധമായ അവബോധം വളർത്തുന്നതിനും ആർത്തവദിനങ്ങൾ സുരക്ഷിതമാക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് ഷീ പാഡ്. സ്കൂളുകളിൽ 6 മുതൽ പ്ലസ് ടു



വരെയുള്ള വിദ്യാർഥിനികൾക്ക് ഗുണമേയുള്ള സാനിറ്ററി നാപ്കിൻ ലഭ്യമാക്കുക, ഉപയോഗിച്ച നാപ്കിൻ നശിപ്പിക്കാൻ ഇൻസിനറേറ്റർ, നാപ്കിൻ സൂക്ഷിക്കാനുള്ള അലമാരകൾ എന്നിവയാണ് പദ്ധതി വഴി ഉറപ്പാക്കുന്നത്. 2018 ലാണ് പദ്ധതി ആരംഭിച്ചത്.

## ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സേഫ് സ്റ്റേ പദ്ധതി

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനവ്യാപകമായി സ്ത്രീകൾക്ക് കുറഞ്ഞ ചിലവിൽ ഹ്രസ്വകാല താമസ സൗകര്യം ഒരുക്കുന്ന "സേഫ് സ്റ്റേ" പദ്ധതിക്ക് തുടക്കം കുറിച്ചു. സ്ത്രീ യാത്രക്കാർക്ക് കെഎസ്ആർടിസി ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സുരക്ഷിത താമസസൗകര്യങ്ങൾ ഒരുക്കുന്നു. സംസ്ഥാനത്തെ 40 ഡിപ്പോകളിൽ ആദ്യഘട്ടത്തിൽ ഡോർമിറ്ററി സൗകര്യങ്ങളൊരുക്കി.

## വനിതാമിത്ര കേന്ദ്രങ്ങൾ

ജോലിചെയ്യുന്ന സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും ചെലവ് കുറഞ്ഞ, സുരക്ഷിത താമസസൗകര്യം ലഭ്യമാകുന്നയിടങ്ങളാണ് വനിതാമിത്ര കേന്ദ്രങ്ങൾ. നിലവിൽ സംസ്ഥാനത്ത് ഒൻപത് വനിതാമിത്ര കേന്ദ്രങ്ങൾ കേരള സംസ്ഥാന വനിതാ വികസന കോർപറേഷന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഹോസ്റ്റൽ നിർമിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി കോർപ്പറേഷന് നൽകുന്നതിനനുസരിച്ച് ഈ സ്ഥലങ്ങളിൽ മികച്ച സൗകര്യത്തോടെ വനിതാ വികസന കോർപ്പറേഷൻ ഹോസ്റ്റലുകൾ നിർമിച്ച് നൽകും. നഗരപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങൾ തിരഞ്ഞെടുത്താണ് വനിതാമിത്ര കേന്ദ്രങ്ങൾ സജ്ജമാക്കുന്നത്. ജോലി, പഠനം തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി നഗരപ്രദേശങ്ങളിലെത്തുവർക്ക് ഏറെ പ്രയോജനപ്രദമാണ് വനിതാമിത്ര. കൂടാതെ വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന സ്ത്രീകൾക്കും ഈ സംവിധാനം ഉപയോഗപ്പെടുത്താം. www.safestaykswdc.com വഴി ഓരോ സ്ഥലങ്ങളിലെയും താമസസൗകര്യം അറിയാനും മുൻകൂട്ടി ബുക്ക് ചെയ്യാനും സാധിക്കും.

## സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്

കുടുംബശ്രീയുടെ ഭാഗമായി സമൂഹത്തിൽ ഒറ്റപ്പെട്ടവരും, നിരാലംബരും, പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന കേന്ദ്രം. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് 14 ജില്ലകളിലും പ്രവർത്തനം നടത്തിവരുന്നു. സ്നേഹിതയിൽ സേവനത്തിനും പിന്തുണയ്ക്കുമായി എത്തുന്നവർക്ക് താത്കാലിക താമസ സൗകര്യവും കൗൺസിലിംഗും പുനരധിവാസ സഹായങ്ങളും മറ്റു വകുപ്പുകളുമായി ചേർന്ന് നിയമ -ആരോഗ്യ പരിരക്ഷയും നൽകുന്നു. സെന്ററുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലി കൗൺസിലിങ് സേവനവും ലഭ്യമാണ്. ഓരോ കേന്ദ്രങ്ങളിലും കൗൺസിലർ, സേവനദാതാക്കൾ, സെക്യൂരിറ്റി, ഓഫീസ് അസിസ്റ്റന്റ്, കെയർ ടേക്കർ തുടങ്ങിയ തസ്തികകളിലായി 11 പേരെ വീതം നിയമിച്ചിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലേയും സ്നേഹിത സെന്ററിനോട് അനുബന്ധമായി ലീഗൽ ക്ലിനിക്കുകൾ ആരംഭിച്ചു. ■

**നഗരപ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങൾ തിരഞ്ഞെടുത്താണ് വനിതാമിത്ര കേന്ദ്രങ്ങൾ സജ്ജമാക്കുന്നത്. ജോലി, പഠനം തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി നഗരപ്രദേശങ്ങളിലെത്തുവർക്ക് ഏറെ പ്രയോജനപ്രദമാണ്**



വനിത ശിശു വികസന വകുപ്പിന് കീഴിൽ സ്ത്രീകൾക്കായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അറിയാം

# ക്ഷേമം സുരക്ഷ ശാക്തീകരണം



ജെൻഡർ പാർക്ക്, കോഴിക്കോട്

## നിർഭയ

വനിത ശിശുവികസന വകുപ്പിന് കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി കേരളസർക്കാർ നടപ്പിലാക്കിയ നയമാണ് നിർഭയ. ലൈംഗിക പീഡനം, ലൈംഗികാതിക്രമം, ലൈംഗിക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ നയം മുൻതൂക്കം നൽകുന്നത്. പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ ലക്ഷ്യമിടുന്നത്. പോക്സോ അതിജീവിതരെ താമസിപ്പിക്കുന്നതിനായി 19 ഹോമുകൾ പ്രവർത്തിക്കുന്നു.

## ജെൻഡർ പാർക്ക്

ലിംഗവിവേചനം പൂർണ്ണമായി അവസാനിപ്പിക്കുക, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക അസമത്വം അവസാനിപ്പിക്കുക, സ്ത്രീശാക്തീകരണം നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് ജെൻഡർ പാർക്ക്. ജെൻഡർ പാർക്കിന്റെ പ്രാധാന്യവും മൂല്യവും കണക്കിലെടുത്ത് ഐക്യരാഷ്ട്രസഭയുടെ യു.എൻ വിമൺ തുല്യപങ്കാളിത്ത വ്യവസ്ഥയിൽ ജെൻഡർ പാർക്കുമായി ധാരണാപത്രം ഒപ്പിട്ടുകൊണ്ട് സഹകരിക്കുന്നു. കോഴിക്കോട് സ്ഥിതി ചെയ്യുന്ന ജെൻഡർ പാർക്ക് കാമ്പസ് വിവിധ പ്രോജക്ടുകൾക്കും സാംസ്കാരികവും അക്കാദമിക പ്രവർത്തനങ്ങൾക്കുമുള്ള കേന്ദ്രമാണ്. ലൈബ്രറി, ഡോക്യുമെന്റേഷൻ സെന്റർ, കേരളത്തിലെ സ്ത്രീകളുടെ ചരിത്രവും ലിംഗചരിത്രവും പ്രദർശിപ്പിക്കുന്ന മ്യൂസിയം, 500 ലധികം ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്ന ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, 300 ലധികം ആളുകളെ ഉൾക്കൊള്ളാവുന്ന ആംഫി തിയേറ്റർ തു

ടങ്ങിയ സംവിധാനങ്ങൾ ക്യാമ്പസിൽ സജ്ജീകരിച്ചു. ജെൻഡർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ജെൻഡർ പാർക്കിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ജെൻഡർ ഡേറ്റാ ഹബ്ബ്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ജെൻഡർ സൗഹൃദ നഗരാസൂത്രണം, ജെൻഡർ ഓഡിറ്റ് എന്നിവ പ്രധാന പ്രവർത്തനങ്ങളാണ്.

## ലീഗൽ സെൽ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം തടയുന്നതിന് വേണ്ടിയുള്ള സ്റ്റേറ്റ് നിർഭയ സെല്ലിൽ നിയമനടപടികൾ ഏകോപിപ്പിക്കാൻ പ്രവർത്തിക്കുന്ന സംവിധാനമാണ് ലീഗൽ സെൽ. കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യാനും നടപടി സ്വീകരിക്കാനും കേസ് അന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതിനടപടികൾ പൂർത്തിയാക്കി പരമാവധി ശിക്ഷ ഉറപ്പാക്കാനും കാര്യക്ഷമമായ ഇടപെടൽ സെൽ നടത്തുന്നു.

KeLSA, DLSA, പാരാ ലീഗൽ വളണ്ടിയർമാർ, ലോ കോളേജുകൾ, സഖി വൺ സ്റ്റോപ്പ് സെന്ററുകൾ തുടങ്ങിയവയുമായി സഹകരിച്ചാണ് പ്രവർത്തനം. നിയമപരമായ പിന്തുണ ഉറപ്പാക്കുന്നതിനൊപ്പം മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന ഇരകൾക്ക് ആവശ്യമായ കൗൺസിലിങ്ങ് നൽകാനും ലീഗൽ സെൽ പ്രയോജനകരമാണ്. അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ലഭിക്കേണ്ട നഷ്ടപരിഹാര പദ്ധതി, ആശ്വാസനിധി തുടങ്ങിയവ അതിവേഗം ലഭ്യമാക്കുന്നതിനും സംവിധാനം ഉപയോഗപ്പെടുത്താം.

## സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യാൻ ഓൺലൈൻ പോർട്ടൽ

വിവാഹത്തിന്റെ പേരിൽ സ്ത്രീധനം ചോദിക്കുകയോ വാങ്ങുകയോ ചെയ്യുന്നതിനെതിരെ പരാതി നൽകാൻ സാധിക്കുന്ന വെബ് പോർട്ടൽ വനിതാ ശിശുവികസന വകുപ്പ്

**പൊൻവാക്ക്**

ശൈശവ വിവാഹം മുൻകൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2500 രൂപ പാരിതോഷികം നൽകുന്നു.



വികസിപ്പിച്ചിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യാൻ wcd.kerala.gov.in/dowry എന്ന ലിങ്ക് ഉപയോഗിക്കാം. സ്ത്രീധന ദുരിത ബാധിതരായ സ്ത്രീകൾ, മാതാപിതാക്കൾ, ബന്ധുക്കൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവർക്ക് ലിങ്ക് ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച് പരാതി ഫയൽ ചെയ്യാം. പോർട്ടലിലൂടെ മുഖ്യ സ്ത്രീധനനിരോധന ഓഫീസർക്ക് പരാതി തീർപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കും.

## പോഷ് കംപ്ലയൻസ് പോർട്ടൽ

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം തടയുന്നതിനും എല്ലാ സ്ത്രീകൾക്കും സുരക്ഷിതത്വബോധത്തോടെ ജോലി ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നടപ്പിലാക്കിയ നിയമമാണ് 2013 ലെ പോഷ് ആക്ട് (Sexual Harassment of Women at Work Place (Prevention, Prohibition and Redressal) Act, 2013 POSH Act). ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള വനിത ശിശുവികസന വകുപ്പിന്റെ പോഷ് കംപ്ലയൻസ് പോർട്ടൽ (www.posh.wcd.kerala.gov.in) 2023 ൽ ആരംഭിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് ഇങ്ങനെയൊരു സംവിധാനം ആവിഷ്ക്കരിച്ചത്.

## ഉജ്ജ്വല പദ്ധതി

ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേക്ക് തിരിച്ചു കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി.

സംസ്ഥാനത്ത് നിലവിൽ 3 ഹോമുകളാണ് ഉജ്ജ്വല പദ്ധതി പ്രകാരം പ്രവർത്തിച്ചുവരുന്നത്.

1. കൾച്ചറൽ അക്കാദമി ഫോർ പീസ്, എറണാകുളം 2. സെന്റ് ബർണഡിറ്റ് ഹോം ഫോർ വിമൻ, കോഴിക്കോട് 3. പി.സരോജിനി അമ്മ സ്മാരക മഹിളാ സമാജം, മലപ്പുറം.

## പടവുകൾ

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി പടവുകൾ എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയിലൂടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. വിവാഹമോചിതർ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവിനെ കാണാതായി ഒരു വർഷം കഴിഞ്ഞവർ, നിയമപരമായ വിവാഹത്തിലൂടെയല്ലാതെ അമ്മമാരായവർ, ഭർത്താവിന് നട്ടെല്ലിന് ക്ഷതമേറ്റ്/പക്ഷാഘാതം കാരണം ജോലി ചെയ്യുവാനും കുടുംബം പുലർത്തുവാനും കഴിയാത്ത വിധം കിടപ്പിലായ കുടുംബത്തിലെ വനിതകളുടെ കുട്ടികൾ, എ.ആർ.ടി തെറാപ്പി ചികിത്സയ്ക്ക് വിധേയരാകുന്ന എച്ച്.ഐ.വി ബാധിതരായ വ്യക്തികളുടെ കുട്ടികൾ എന്നിവർക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

## സഹായഹസ്തം പദ്ധതി

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 55 വയസിനു താഴെ പ്രായമുള്ള വിധവകളായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ ഒറ്റത്തവണ സഹായം 30,000

**സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യാൻ wcd.kerala.gov.in/dowry എന്ന ലിങ്ക് ഉപയോഗിക്കാം**



**കനൽ**

കേന്ദ്ര മഹിളാശക്തി കേന്ദ്രവും വനിത ശിശുവികസന വകുപ്പും സംയുക്തമായി കേരളത്തിലെ 400-ൽ അധികം കോളജുകൾവഴി ലിംഗസമത്വത്തിനായി കനൽ എന്ന കർമ്മ പദ്ധതി വഴി പ്രചരണവും പരിശീലനവും നൽകുന്നു.



## രക്ഷാദൂത്

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശുവികസന വകുപ്പും സഹകരിച്ച് ആരംഭിച്ച പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വ്യക്തിയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി തപാൽ എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെ ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. പീഡനം അനുഭവിക്കുന്ന സ്ത്രീയോ/കുട്ടിയോ അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ളപേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാം. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പീഡനം നേരിട്ട സ്ത്രീ/കുട്ടിയുടെ പൂർണ്ണമായ മേൽവിലാസത്തോടെ വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ/ വാട്സ് ആപ് /sms helplineൽ കൈമാറുന്നതാണ്. പരാതികൾ വകുപ്പിലെ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

രൂപ നൽകുന്നു. ഒരു വർഷം ഒരു ജില്ലയിൽ 10 പേർക്കെന്ന നിലയിൽ ധനസഹായം. കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ, വനിത കൂട്ടായ്മകൾ തുടങ്ങിയവയിൽ ഉൾപ്പെട്ടവർക്ക് മുൻഗണനയുണ്ട്. 18 വയസിൽ താഴെയുള്ള കുട്ടികളുള്ള വിധവകൾ, ഭിന്നശേഷിക്കാരായ മക്കളുള്ളവർ, പെൺകുട്ടികൾ മാത്രമുള്ളവർ എന്നിവർക്ക് മുൻഗണന.

### പുനർവിവാഹത്തിന് മംഗല്യ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയവർ എന്നിവരുടെ പുനർവിവാഹത്തിന് ധനസഹായം നൽകാൻ മംഗല്യ. വനിതാ ശിശുവികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയിലൂടെ 25,000 രൂപ ധനസഹായം നൽകും. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കാണ് നിർവഹണ ചുമതല. അപേക്ഷക ബി.പി.എൽ/ മുൻഗണനാ വിഭാഗത്തിൽപ്പെട്ടതായിരിക്കണം.

### വിധവകളെ സംരക്ഷിക്കുന്നവർക്ക് അഭയകിരണം

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന പദ്ധതിയാണ് അഭയകിരണം. സ്വന്തമായി താമസിക്കാൻ നിവൃത്തിയില്ലാത്ത, ബന്ധുക്കളുടെ ആശ്രയത്തിൽ ജീവിക്കുന്ന വിധവകളെ സംരക്ഷിക്കുന്നവർക്കാണ് അഭയകിരണത്തിലൂടെ സഹായം ലഭിക്കുന്നത്. സാധുക്കളായ വിധവകൾക്ക് അഭയസ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000 രൂപ അനുവദിക്കുന്നു. www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റിലെ നിർദേശങ്ങൾക്ക് അനുസരിച്ച് അപേക്ഷിക്കാം.

### മാമോഗ്രാം സംവിധാനം

സംസ്ഥാനത്ത് സ്തനാർബുദ നിർണയത്തിനുള്ള മാമോഗ്രാം സൗകര്യം ജില്ലാ, താലൂക്ക് തല ആശുപത്രികളിൽ ലഭ്യമാക്കി. 30 വയസിന് മുകളിലുള്ളവരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീൻ ചെയ്യുന്നു. ഇങ്ങനെ ആകെ 1.53 കോടിയിലധികം പേരെ സ്ക്രീൻ ചെയ്യതിൽ 7.9 ലക്ഷത്തിലധികം പേർക്ക് സ്തനാർബുദ സാധ്യത കണ്ടെത്തി. സ്തനാർബുദം സ്വയം കണ്ടെത്തുന്നതിനുള്ള പരിശീലനവും നൽകുന്നു.

### ഇടം

ലിംഗഭേദമില്ലാതെ എല്ലാവർക്കും തുല്യ ആരോഗ്യപരിരക്ഷ ഉറപ്പാക്കാനായി ഇടം കാമ്പയിൻ. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിലെ ജില്ല, ജനറൽ ആശുപത്രികൾ ട്രാൻസ്ജെൻഡർ സൗഹൃദ ആശുപത്രികളാക്കുന്നതിന് നടപടി തുടങ്ങി.

### ഭാസുര പദ്ധതി

ഗോത്രവർഗവനിതകൾക്ക് ഭക്ഷ്യഭദ്രത നിയമപ്രകാരമുള്ള അവകാശങ്ങൾ ഉറപ്പ് വരുത്താനായി സംസ്ഥാന ഭക്ഷ്യ കമ്മിഷന്റെ ഭാസുര പദ്ധതി. അർഹതപ്പെട്ട അവകാശങ്ങൾ ഗോത്രവർഗ വനിതകൾക്ക് കൃത്യമായ അളവിലും ഗുണമേന്മയിലും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. ഗോത്രവർഗ കോളനികൾ കേന്ദ്രീകരിച്ച് വനിതകൾ അടങ്ങുന്ന കൂട്ടായ്മ രൂപീകരിക്കുന്നു. ഭക്ഷണത്തിന്റെ ഗുണമേന്മയും അളവിലെ കൃത്യതയും പരിശോധിച്ചറിയുവാൻ പ്രാപ്തരാക്കുന്നു. ആദ്യഘട്ടത്തിൽ 360 കൂട്ടായ്മകൾ.

### പരിണയം

ഭിന്നശേഷിയുള്ള വനിതകൾക്കും ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ചെലവിന് ധനസഹായം പരിണയം പദ്ധതി. ഗുണഭോക്താക്കൾക്ക് 30,000 രൂപ സഹായം ലഭിക്കുന്നു.

## വിളിക്കാം



### സഹജ (1800 4255 5215)

സ്ത്രീതൊഴിലാളികൾക്ക് മാത്രമായി ഒരു കോൾ സെന്റർ സംവിധാനം. ടോൾ ഫ്രീ നമ്പർ 1800 4255 5215 തൊഴിലിടങ്ങളിലെ ഏതു പ്രശ്നവും വനിത കോൾ സെന്റർ എക്സിക്യൂട്ടീവിനെ രാവിലെ 10 മുതൽ വൈകിട്ട് 5 വരെയുള്ള സമയത്ത് നേരിട്ട് വിളിച്ച് അറിയിക്കാം. തൊഴിലാളി ആഗ്രഹിക്കുന്നെങ്കിൽ അവരുടെ വ്യക്തിവിവരങ്ങൾ വെളിവാക്കാതെ പരാതികൾ സമയബന്ധിതമായി പരിഹരിക്കും. തൊഴിൽനിയമങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തര നടപടി.

### മിത്ര 181

അവശ്യഘട്ടങ്ങളിൽ സ്ത്രീകളെ സഹായിക്കുന്നതിനായി മിത്ര കോൾ സെന്റർ. ഗാർഹിക പീഡനം, പൊതുസ്ഥലത്തെ ശല്യംചെയ്യൽ, ഫോൺവഴിയുള്ള അശ്ലീല സംഭാഷണം, പരസ്യ മദ്യപാനം, കുട്ടികളെ പീഡിപ്പിക്കൽ, സ്ത്രീകളെ കാണാതാകൽ തുടങ്ങിയ സുരക്ഷയും അന്തസും ചോദ്യംചെയ്യപ്പെടുന്ന ഏതു ഘട്ടത്തിലും സ്ത്രീകൾക്ക് മിത്രയെ ആശ്രയിക്കാം. മാനസിക സമ്മർദം അനുഭവിക്കുന്നവർക്ക് ടെലി കൗൺസിലിങ് ഉൾപ്പെടെയുള്ള സേവനങ്ങളും മിത്ര ഹെൽപ്ലൈൻ വഴി നൽകുന്നു.

# പറയാം പരിഹാരമുണ്ട്

## കാതോർത്ത്

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്ന തിനും പരിഹാരം നിർദേശിക്കുന്നതിനുമായി കാതോർത്ത് എന്ന പേരിൽ ഓൺലൈൻ കൺസൾട്ടൻസി വിജയകരമായി നടപ്പിലാക്കി വരുന്നു. kathorthu.wcd.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാം. പ്രശ്നപരിഹാരം, കൗൺസിലിങ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നു. സ്ത്രീകൾക്ക് സ്വന്തം വീട്ടിലിരുന്നു പ്രശ്നപരിഹാരം തേടാം എന്നതാണ് പ്രത്യേകത.

## ഫാമിലി കൗൺസിലിങ് സെന്ററുകൾ

സാമൂഹികക്ഷേമ ബോർഡിന് കീഴിൽ ഫാമിലി കൗൺസിലിങ് സെന്ററുകൾ. ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് കൗൺസിലിങ് നിയമസഹായം ആവശ്യമായവർക്ക് ലീഗൽ കൗൺസിലറുടെ സേവനം. താൽക്കാലിക അഭയം ആവശ്യമായവർക്ക് ഷെൽട്ടർ ഹോമുകളിൽ താമസ സൗകര്യം ലഭ്യമാക്കുന്നു. 36 ഫാമിലി കൗൺസിലിങ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.



## വിവാഹ/ വിവാഹപൂർവ കൗൺസിലിങ്

വർധിച്ചുവരുന്ന കുടുംബ ശിഥിലതയും സ്ത്രീധനമരണങ്ങളും ഗാർഹിക പീഡനവും തടയുക എന്ന ലക്ഷ്യത്തോടെ വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ വിവാഹ/ വിവാഹ പൂർവ കൗൺസിലിങ് നൽകിവരുന്നു. പരിശീലനം ലഭിച്ച കൗൺസിലർമാർ ഫാമിലി കൗൺസിലിങ് സെന്റർ, ഷെൽട്ടർ ഹോമുകൾ, കാതോർത്ത് ഓൺലൈൻ പോർട്ടൽ എന്നിവയ്ക്കൊപ്പം തിരഞ്ഞെടുത്ത 100 ബ്ലോക്കുകളിൽ പ്രീ മാരിറ്റൽ/ മാരിറ്റൽ കൗൺസിലിങ്ങും നൽകിവരുന്നു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിയുള്ളവരുടെ പെൺമക്കൾ, ഭിന്നശേഷിയുള്ള യുവതികൾ, പുനർവിവാഹിതരാകുന്ന ഭിന്നശേഷിക്കാരായ സ്ത്രീകൾ എന്നിവർക്ക് അർഹത.

## അപരാജിത

സ്ത്രീകളുടെ പരാതികൾക്ക് അതിവേഗ പരിഹാരം. സാമൂഹിക മാധ്യമങ്ങളിൽ സ്ത്രീകൾക്കെതിരെ വർധിച്ചുവരുന്ന സൈബർ ആക്രമണങ്ങൾ, ഭർതൃവീടുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന സ്ത്രീധന പീഡനങ്ങൾ, മറ്റ് ഗാർഹിക പീഡനങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ കേരള പൊലീസ് ആരംഭിച്ച പദ്ധതി. വനിതാ സെൽ എസ്.പിയാണ് അപരാജിത പരാതി പരിഹാര പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഓഫിസർ. പരാതികൾ അറിയിക്കുന്നതിന് aparajitha.pol@kerala.gov.in അല്ലെങ്കിൽ 9497996992.

## സ്നേഹയാനം പദ്ധതി

നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെടുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നിവ ബാധിച്ചവരുടെ നിർധനരായ അമ്മമാർക്ക് സ്ഥിര ഉപജീവനം കണ്ടെത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന 'സ്നേഹയാനം' പദ്ധതി. പദ്ധതിയിലൂടെ ഇലക്ട്രിക് ഓട്ടോ സൗജന്യമായി നൽകുന്നു.

## തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

രണ്ട് വർഷമോ അതിലധികമോ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം. ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30,000 രൂപ വരെ സാമ്പത്തികസഹായം ഒരു വർഷം 20 പേർക്ക്. ഒരു കുടുംബത്തിൽ നിന്നും പരമാവധി രണ്ട് പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നു.

## ഭിന്നശേഷിക്കാരായ അമ്മമാർക്ക് മാതൃജ്യോതി

ഭിന്നശേഷിയുള്ള അമ്മമാർക്ക് കുഞ്ഞിന് രണ്ടുവയസ്സ് തികയുന്നത് വരെ പ്രതിമാസം 2,000 രൂപ ധനസഹായം. വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ളവർക്കാണ് ആനുകൂല്യം. വരുമാനം, ഭിന്നശേഷി എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതമാണ് ജില്ലാ സാമൂഹിക നീതി ഓഫിസർക്ക് അപേക്ഷ നൽകേണ്ടത്. പരമാവധി രണ്ടുതവണ മാത്രമാണ് മാതൃജ്യോതി പ്രകാരം ആനുകൂല്യം ലഭിക്കുക. ദമ്പതികളിൽ രണ്ടുപേരും വൈകല്യം ബാധിച്ചവരാണെങ്കിൽ മുൻഗണന ലഭിക്കും.

## ആശ്വാസനിധി

ലൈംഗിക കുറ്റകൃത്യങ്ങൾക്കും അത്യന്തം ഹീനമായ ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കും ഇരയാകുന്ന എല്ലാവർക്കും സാമ്പത്തിക സഹായം. ഇരകൾക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് 300 ലക്ഷം കോർപ്പസ് ഫണ്ട്. വിക്ടിം കോമ്പൻസേഷൻ ഫണ്ടോ നിയമവ്യവസ്ഥകൾ പ്രകാരം നൽകിയ മറ്റേതെങ്കിലും നഷ്ടപരിഹാരമോ പരിഗണിക്കാതെ ഈ തുക അനുവദിക്കും.

## സാമ്പത്തിക ശാക്തീകരണം

### മഹിളാശക്തി വായ്പയുമായി കേരളബാങ്ക്

സ്വയംതൊഴിൽ കണ്ടെത്താനും സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മഹിളാശക്തി സ്വയംതൊഴിൽ സഹായ വായ്പാ പദ്ധതിയിൽ ആറ് പ്രധാന വായ്പകൾ. വനിതാ സഹകരണസംഘങ്ങളിൽ അംഗങ്ങളായ സ്ത്രീകൾക്ക് സ്വയം തൊഴിലിനു ഒറ്റയ്ക്കോ ഗ്രൂപ്പുകളായോ അനുവദിക്കുന്നു. ഫുഡ് കാറ്ററിങ് ബിസിനസ് തുടങ്ങാൻ അന്നപൂർണ്ണ വായ്പ, ബിസിനസ് ആവശ്യങ്ങൾക്ക് ബിസിനസ് വനിത വായ്പ, ചെറുകിട സംരംഭങ്ങൾക്ക് വനിത മുദ്ര വായ്പ, സർക്കാർ സംരംഭങ്ങളുടെ ഭാഗമായുള്ള ചെറുകിട സംരംഭങ്ങൾക്ക് വനിത വികസന വായ്പ, 45000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്ത്രീകൾക്ക് ഉദ്യോഗിനി വായ്പ,

# വനിതകൾക്കായുള്ള ക്ഷേമസ്ഥാപനങ്ങൾ

### മഹിളാ മന്ദിരങ്ങൾ

വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ സംരക്ഷിക്കാനാരുമില്ലാത്ത സ്ത്രീകൾ, അവരുടെ 6 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവർക്കായുള്ള പുനരധിവാസ കേന്ദ്രങ്ങളാണ് മഹിളാ മന്ദിരങ്ങൾ. സംസ്ഥാനത്താകെ 12 മഹിളാ മന്ദിരങ്ങളാണ് ഉള്ളത്.

### റസ്ക്യൂ ഹോം

സ്ത്രീകളുടെ പുനരധിവാസം ലക്ഷ്യമിട്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റസ്ക്യൂ ഹോം.

### വൺഡേ ഹോം

അടിയന്തര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സുരക്ഷിത താമസസ്ഥലം ഒരുക്കുന്നതാണ് വൺഡേ ഹോമുകൾ.

### സേവനകേന്ദ്രങ്ങൾ

ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയും സൗജന്യ നിയമസഹായവും ലഭ്യമാക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലായി 82 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു.

### ഷോർട്ട് സ്റ്റേ ഹോം

തകർന്ന കുടുംബത്താൽ സാമൂഹിക പിന്തുണ ലഭിക്കാത്തവർ, മാനസിക സമ്മർദമുള്ളവർ, സമൂഹം ബഹിഷ്ക്കരിച്ചവർ, ചൂഷണം ചെയ്യപ്പെട്ടവർ, അനാശാസ്യവിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളേയും പെൺകുട്ടികളേയും പുനരധിവസിപ്പിക്കുന്നതിനുള്ള താൽക്കാലിക അഭയകേന്ദ്രങ്ങളാണ് ഷോർട്ട് സ്റ്റേ ഹോമുകൾ.

### ഷെൽട്ടർ ഹോമുകൾ

ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള താൽക്കാലിക (പരമാവധി രണ്ട് വർഷം വരെ) അഭയകേന്ദ്രമാണ് ഷെൽട്ടർ ഹോമുകൾ. സംസ്ഥാനത്ത് നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

### ഫാമിലി കൗൺസിലിങ് സെന്ററുകൾ

വനിത ശിശു വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ 38 ഫാമിലി കൗൺസിലിങ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

### എൻട്രി ഹോമുകൾ

പോക്സോ അതിജീവിതരായ പെൺകുട്ടികൾക്ക് സുരക്ഷിത അഭയകേന്ദ്രമെന്ന നിലയിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നവയാണ് എൻട്രി ഹോമുകൾ.

### മോഡൽ ഹോം ഫോർ ഗേൾസ്, തൃശൂർ

വനിത ശിശുവികസന വകുപ്പ് നിർഭയ സെല്ലിന് കീഴിൽ 12 വയസിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള പോക്സോ അതിജീവിതരായ പെൺകുട്ടികൾക്ക് ശാസ്ത്രീയ പരിചരണവും അഭിരുചിക്കനുസൃതമായ വിദ്യാഭ്യാസവും നൽകി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് തയ്യാറാക്കിയിട്ടുള്ളതാണ് മോഡൽ ഹോം.

### എസ്.ഒ.എസ് മോഡൽ ഹോം, തിരുവനന്തപുരം, തൃശൂർ, പാലക്കാട്

12 വയസ്സിന് താഴെയുള്ള അതിജീവിതർക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനാണ് എസ്.ഒ.എസ് മോഡൽ ഹോം ലക്ഷ്യമിടുന്നത്. ഓരോ ഹോമിലും ഒരമ്മയും സഹായിയും ചേർന്ന് ആറ് മുതൽ എട്ട് വരെ കുട്ടികളെ പരിപാലിക്കുന്നു. ഇത്തരത്തിലുള്ള ഓരോ ഹോമുകൾ വീതം തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ പ്രവർത്തിക്കുന്നു.

### ഇന്റഗ്രേറ്റഡ് കെയർ സെന്റർ

എൻട്രി ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിചരണം നൽകുന്നതിനും വേണ്ടി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച പദ്ധതിയാണ് ഇന്റഗ്രേറ്റഡ് കെയർ സെന്റർ.

### ഹോം ഫോർ മെന്റൽ ഹെൽത്ത്

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരിൽ പെരുമാറ്റവൈകല്യം മുതൽ ഗുരുതരമായ മാനസിക രോഗങ്ങൾക്ക് വരെ ചികിത്സ തേടുന്ന കുട്ടികൾക്കായിട്ടുള്ളതാണ് ഹോം ഫോർ മെന്റൽ ഹെൽത്ത്.

### തേജോമയ ആഫ്റ്റർ കെയർ പദ്ധതി

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരിൽ 16 വയസ്സ് പൂർത്തിയായവരും റെഗുലർ സ്കൂൾ പഠനത്തിന് താൽപര്യമില്ലാത്തവരുമായ കുട്ടികൾക്ക് വരുമാനദായകമായ തൊഴിൽ പരിശീലനവും തൊഴിലും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥാപനമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം.

### മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ ഹോം

എസ്.ഒ.എസ് ഹോമിലും എൻട്രി ഹോമുകളിലും താമസിച്ചുവരുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ് സ്പെഷ്യൽ ഹോം.

### എന്റെ കൂട്

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ചതാണ് എന്റെ കൂട് പദ്ധതി. ■

ഗ്രാമീണ വനിതകൾക്ക് വനിത ശക്തികേന്ദ്ര പദ്ധതി, മുറ്റത്തെ മുല്ല വായ്പ എന്നിവ.

### വനിതാ സംരംഭകർക്കായി പ്രത്യേക വായ്പാപദ്ധതി

വ്യവസായവകുപ്പിന്റെ സംരംഭകത്വ ധനസഹായ പദ്ധതിയിലൂടെ വനിതകളുടെ സംരംഭത്തിന് നിക്ഷേപസഹായമായി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 25 ശതമാനം സാമ്പത്തികസഹായം നൽകും. പരമാവധി 40 ലക്ഷം രൂപയാണ് ഇതുപ്രകാരം ലഭിക്കുക. കൂടാതെ മുൻഗണനാ വിഭാഗമെന്ന നിലയിൽ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം, പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായമായി നൽകും.

കൂടുതൽ വിവരങ്ങൾക്ക്: schemes.industry.kerala.gov.in.

ബിന്ദു വി.സി
മാനേജിംഗ് ഡയറക്ടർ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ



സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ഉന്നമനം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ ഒട്ടേറെ നേട്ടങ്ങൾ കരസ്ഥമാക്കിയ കാലഘട്ടമാണിത്

# ഗുണഭോക്താക്കൾ പറയും വിജയഗാഥകൾ



കേരളത്തിലെ സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ നില മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിന്റെ സുസ്ഥിരവികസനത്തിലും പുരോഗതിയിലും അവരെ പങ്കാളികളും ഗുണഭോക്താക്കളുമാക്കുന്നതിനും വനിതാവികസന കോർപ്പറേഷൻ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. കോർപ്പറേഷന്റെ സഹായഹസ്തം നിരവധി സ്ത്രീകളുടെ ജീവിതത്തെ മാറ്റിമറിക്കുകയും വെല്ലുവിളികളെ നേരിടാൻ അവരെ സജ്ജരാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിജയഗാഥകൾ കോർപ്പറേഷന്റെ പ്രതിജ്ഞാബദ്ധതയുടെ മികച്ച സാക്ഷ്യപത്രമാണ്.

## വായ്പാ വിതരണത്തിൽ റെക്കോർഡ് നേട്ടം

2016 മെയ് മുതൽ നാളിതുവരെ സ്ഥാപനം വായ്പാവിതരണത്തിൽ വലിയ പുരോഗതിയാണ് കൈവരിച്ചത്. സർക്കാർ ഗ്യാരന്റി 140കോടി രൂപയിൽ നിന്നും 1020.56കോടി രൂപയായി ഉയർന്നു. 1988 മുതൽ 2016 വരെ ആകെ മൂന്ന് ദേശീയ ധനകാര്യ കോർപ്പറേഷനുകളായിരുന്നു സ്ഥാപനത്തിന്റെ ഫണ്ടിങ്ങ് ഏജൻസികൾ. 2016-20 കാലയളവിൽ ദേശീയ സഫായി കർമ്മചാരി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ദേശീയ പട്ടികവർഗ ധനകാര്യ വികസന കോർപ്പറേഷന്റെയും കൂടി സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിച്ചു തുടങ്ങി. വാർഷിക



എസ്കലേറ എക്സ്പോ

വായ്പ വിതരണം ശരാശരി 40 കോടി രൂപയിൽനിന്നും 340കോടിയിലധികമായും പ്രതിവർഷ വായ്പാ തിരിച്ചടവ് ശരാശരി 35കോടിയിൽനിന്നും 214കോടിയിലേക്കും വളർന്നു. ഇതുവരെ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി 1,44,606 വനിതകൾക്ക് 1688.09കോടി രൂപയുടെ വായ്പാവിതരണം ചെയ്തു. 2,44,369 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

## സ്ത്രീസുരക്ഷയ്ക്കായി 181 വനിതാ ഹെൽപ് ലൈൻ

കോർപറേഷന്റെ പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നാണ് 181 വനിതാ ഹെൽപ് ലൈൻ. സ്ത്രീസുരക്ഷയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ ഹെൽപ് ലൈനിൽ ഇതുവരെ മൂന്ന് ലക്ഷത്തിലധികം കോളുകൾ സ്വീകരിച്ചു. രണ്ടരലക്ഷത്തിലധികം കോളുകൾക്ക് ഫലപ്രാപ്തിയുണ്ടായി.

## ആർത്തവം ആരോഗ്യത്തോടെ

സ്കൂൾ വിദ്യാർഥിനികളുടെ ആർത്തവ ശുചിത്വ പരിപാലനം ലക്ഷ്യമിട്ടുകൊണ്ട് കോർപറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഷീപാഡ് പദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കോർപറേഷന്റെയും ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. വിദ്യാർഥിനികൾക്ക് നാപ്കിനുകൾ സൂക്ഷിക്കാനുള്ള സ്റ്റീൽ അലമാരകൾ, ഇൻസിനറേറ്ററുകൾ എന്നിവ വിതരണം ചെയ്യുന്നു. പ്രത്യുൽപാദന ആരോഗ്യം, ആർത്തവം, ആർത്തവശുചിത്വ പരിപാലനം എന്നിവയിൽ ശാസ്ത്രീയ അവബോധം വളർത്തുന്നതിന് മെൻസ്ട്രുവൽ ഹൈജീൻ മാനേജ്മെന്റ് ട്രെയിനിംഗ് പരിശീലന ക്ലാസുകളും നൽകുന്നു. 2500ൽ പരം സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ആറ് ലക്ഷത്തിലധികം വിദ്യാർഥിനികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു. മറ്റു സ്കൂളുകളിലും പദ്ധതി നടപ്പാക്കാനുള്ള തയ്യാറെടുപ്പിലാണ് കോർപറേഷൻ.

ശുചിത്വപരമായ ആർത്തവ സമ്പ്രദായം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മറ്റൊരു പദ്ധതിയാണ് എം-കപ്പ് പദ്ധതി. കോർപറേഷൻ 300 രൂപയ്ക്ക് മെൻസ്ട്രൽ കപ്പ് നൽകുന്നു. മെൻസ്ട്രൽ കപ്പിന്റെ ഉപയോഗത്തെക്കുറിച്ചുള്ള അവബോധ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. 16,500 സ്ത്രീകൾക്ക് ഇതുവരെ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

## ആദിവാസി വനിതകളുടെ ശാക്തീകരണത്തിന് വനമിത്ര

ആദിവാസി വനിതകൾക്ക് വേണ്ടി നിരവധി വികസന പദ്ധതികളാണ് കോർപറേഷൻ നടപ്പാക്കുന്നത്. അതിൽ എടുത്തുപറയേണ്ട പദ്ധതിയാണ് വനമിത്ര. പട്ടികവർഗ വനിതകളുടെ വികസനത്തിനും മെച്ചപ്പെട്ട ജീവിതസാഹചര്യം ഒരുക്കുന്നതിനുമായി ആരംഭിച്ച മാതൃകാ പദ്ധതിയാണിത്. കോഴിക്കോട് ചക്കിട്ടപ്പാറ പഞ്ചായത്തിലാണ് പദ്ധതിക്ക് തുടക്കമിട്ടത്. 18നും 55നുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക്



ആർത്തവ ആരോഗ്യം സംബന്ധിച്ച ബോധവത്കരണം



വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നുണ്ട്.. 7418 പരിശീലനദിവസങ്ങൾ പൂർത്തിയാക്കി. തയ്യൽ പരിശീലനം വിജയകരമായി പൂർത്തീകരിച്ച 18 പേർ കോർപ്പറേഷന്റെ വായ്പാ സഹായത്തോടെ തയ്യൽ തൊഴിൽ കേന്ദ്രം ആരംഭിച്ചു. പട്ടികജാതി, പട്ടികവർഗ വികസന ഡയറക്ടറേറ്റിന്റെ സാമ്പത്തിക സഹായമായ 235 ലക്ഷം രൂപ പ്രയോജനപ്പെടുത്തി 50 വനിതകൾക്ക് 100 പശുക്കളെ നൽകുന്ന പദ്ധതി ആരംഭിക്കുകയും മിൽമ വഴി പാൽ വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. തേനീച്ചക്കൃഷി പഠിച്ച 40 വനിതകൾക്ക് തേനീച്ചക്കൂട് വിതരണം ചെയ്തു. ഉൽപന്നം ഹോർട്ടി കോർപ്പ് മുഖേന വിപണനം നടത്തുന്നതിനും സൗകര്യമുണ്ടാക്കി. വയനാട് ജില്ലയിലും വനമിത്ര നടപ്പിലാക്കും.

## ലിംഗാവബോധത്തിനായി പദ്ധതികൾ

**വുമൺ സെൽ:** വ്യക്തികളിൽ കൗമാരകാലത്ത് തന്നെ ലിംഗാവബോധം, സാമൂഹികാവബോധം, സൃഷ്ടിപരമായ കഴിവുകൾ, ഇച്ഛാശക്തി എന്നിവ വളർത്തുന്നതിനായി സംസ്ഥാനത്തെ ഗവ./എയ്ഡഡ് കോളേജുകൾ കേന്ദ്രീകരിച്ചുള്ള പദ്ധതിയാണ് വിമൺ സെൽ. 100 കോളേജുകളിലെ ഇരുപതിനായിരത്തോളം വിദ്യാർഥിനികൾ വുമൺ സെല്ലിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

**ബോധ്യം പദ്ധതി:** ജെൻഡർ റെസ്പോൺസീവ് പൊലീസിങ്ങ് നടപ്പിലാക്കുന്നതിലേക്ക് സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് ലിംഗാവബോധ പരിശീലനം നൽകുന്നതിനുള്ള ബോധ്യം പദ്ധതി 2019ൽ ആരംഭിച്ചു. 30 പേരടങ്ങുന്ന ബാച്ചുകളിലായി 10,000ത്തോളം പോലീസ് ഉദ്യോഗസ്ഥർക്ക് ഇതുവരെ പരിശീലനം നൽകി. ജെൻഡർ സയൻസ്, ജെൻഡർ നിയമം, പെരുമാറ്റരീതിയും സമീപനവും മികച്ചതാക്കുന്നതിനായി നൂതനപരിശീലനമാണ് നൽകുന്നത്.

**വനിതാമിത്ര കേന്ദ്രങ്ങൾ:** ഹോസ്റ്റൽ സൗകര്യം, യാത്രയ്ക്കിടെ തങ്ങാനുള്ള രീതിയിൽ ലോഡ്ജിങ്ങ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാമിത്ര കേന്ദ്രങ്ങൾ. നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കോർപ്പറേഷൻ 11 വനിതാമിത്ര കേന്ദ്രങ്ങൾ/വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തുന്നു.



**100 കോളേജുകളിലെ ഇരുപതിനായിരത്തോളം വിദ്യാർഥിനികൾ വുമൺ സെല്ലിന്റെ ഭാഗമായി പ്രവർത്തിക്കുന്നു**

**സേഫ് സ്റ്റേ:** വനിതകൾക്ക് സംസ്ഥാന വ്യാപകമായി ഹ്രസ്വകാല താമസസൗകര്യം ഒരുക്കുന്ന പദ്ധതിയാണിത്. ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന വനിതകൾക്ക് മിതമായ നിരക്കിൽ സുരക്ഷിതവും വൃത്തിയുള്ളതുമായ താമസസൗകര്യം ഹോസ്റ്റലുകളിലും ഹോട്ടലുകളിലും ഉറപ്പാക്കുന്നു. മൊബൈൽ ആപ്ലിക്കേഷൻ വഴി സേവനങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കാം. സംസ്ഥാനത്തെ പല നഗരങ്ങളിലെ 30 വനിതാഹോസ്റ്റലുകളിലായി 150 കിടക്കകൾ ക്രമീകരിച്ചിട്ടുണ്ട്.

## തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനം

കോർപ്പറേഷന്റെ റീച്ച് ഫിനിഷിംഗ് സ്കൂളുകളിൽ നടപ്പാക്കിവരുന്ന വിവിധ തൊഴിൽ പരിശീലന/ നൈപുണ്യ വികസന പരിപാടികളിലൂടെ കഴിഞ്ഞ ഏഴുവർഷങ്ങളിലായി 11,565 വനിതകൾക്ക് പരിശീലനം നൽകി. സർക്കാർ/പ്രൈവറ്റ് നഴ്സിംഗ് കോളേജുകളിലെ അവസാനവർഷ നഴ്സിങ്ങ് വിദ്യാർഥിനികൾക്ക് ഇംഗ്ലീഷ് ഭാഷാപരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 545 വിദ്യാർഥിനികൾക്ക് പരിശീലനം ലഭ്യമാക്കി. 304 നഴ്സിംഗ് പ്രൊഫഷണലുകൾക്ക് അന്താരാഷ്ട്ര നില

## പുരസ്കാരങ്ങൾ/ ബഹുമതികൾ

- 2018-19, 2019-20, 2020-21, 2021-22 തുടർച്ചയായി നാലുവർഷങ്ങളിൽ വനിതാശാക്തീകരണത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിനുള്ള ദേശീയ പുരസ്കാരം എൻ.ബി.സി.എഫ്.ഡി.സിയിൽ നിന്നും ലഭിച്ചു.
- സംസ്ഥാന ചാനലൈസിങ്ങ് ഏജൻസികളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വെച്ചതിന് എൻ.എസ്.എഫ്. ഡി.സിയുടെ 2017-18, 2018-19, 2019-20, 2020-21, 2021-22 എന്നിങ്ങനെ തുടർച്ചയായി അഞ്ച് വർഷങ്ങളിലെ പെർഫോമൻസ് എക്സലൻസ് ദേശീയ പുരസ്കാരം, കാഷ് ഇൻസന്റീവ് നേടി.
- സ്ഥാപനത്തിന്റെ ആദിവാസി ശാക്തീകരണ പദ്ധതിയായ വനമിത്ര തൊഴിൽ കേന്ദ്രത്തിന് ആസാദി കീ അമൃത് മഹോത്സവിന്റെ ഭാഗമായി ദേശീയ അംഗീകാരം ലഭിച്ചു.
- 2023 ഫെബ്രുവരിയിൽ ഹരിയാനയിൽ എൻ.ബി.സി.എഫ്. ഡി.സി സംഘടിപ്പിച്ച പ്രസിദ്ധമായ അന്താരാഷ്ട്ര സൂരജ്കണ്ട് മേളയിൽ മികച്ച സ്റ്റാളിനുള്ള അവാർഡ് കോർപ്പറേഷന്റെ സംരംഭകയായ ബിന്ദു പി.ബി. (ക്ലേ മോൾഡിങ്ങ്) കരസ്ഥമാക്കി.
- എൻ.ബി.സി.എഫ്.ഡി.സി സംഘടിപ്പിച്ച പി.എം.ആദി മഹോത്സവിൽ 2023 ൽ തിരുവനന്തപുരം മേഖലയിൽ നിന്നുള്ള സംരംഭകരായ ആദിവാസി സ്വയംസഹായ സംഘം വനിതകൾക്ക് മികച്ച സംരംഭകത്വത്തിനുള്ള അവാർഡ്.
- 2024 നവംബറിൽ തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ എൻ.എസ്. ടി.എഫ്.ഡി.സി സംഘടിപ്പിച്ച ജൻ ജാതീയ് ഗൗരവ് ദിവസ് ആഘോഷങ്ങളുടെ ഭാഗമായി കോർപ്പറേഷന്റെ രണ്ട് ട്രൈബൽ വനിതാ വായ്പാ ഗുണഭോക്താക്കളെ ആദരിച്ചു.
- ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ദക്ഷിണേന്ത്യയിലെ മികച്ച ചാനലൈസിങ്ങ് ഏജൻസിക്കുള്ള ഒന്നാംസ്ഥാനം കഴിഞ്ഞ രണ്ട് വർഷമായി കോർപ്പറേഷനാണ്.





ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിങ്ങ് പ്രോഗ്രാം

വാരത്തിലുള്ള നൈപുണ്യ വികസന പരിശീലനം നൽകി. വിദേശ രാജ്യങ്ങളിൽ തൊഴിലവസരങ്ങൾ നേടുന്നതിനായുള്ള വഴിയും ഒരുക്കിക്കൊടുക്കുന്നു.

വനിതാ പോളിടെക്നിക്ക് കോളേജുകളിലെ 37 അവസാനവർഷ വിദ്യാർഥിനികൾക്കുള്ള ഫിനിഷിങ്ങ് പരിശീലനം ലീഡ് കോർപ്പറേഷന്റെ റിച്ച് ഫിനിഷിംഗ് സ്കൂൾ മുഖേന ലഭ്യമാക്കി.

കോർപ്പറേഷന്റെ സംരംഭകത്വ വികസന പരിശീലന പരിപാടിയിലൂടെ സംസ്ഥാനത്തെ 18നും 55നും മധ്യേ പ്രായമുള്ള 1500 വനിതകൾക്കും 78 ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സംരംഭകത്വ വികസന പരിശീലനം നൽകി..

## വനിതാ സംരംഭകർക്കായി എസ്കലേറ എക്സ്പോ

എസ്കലേറ എക്സ്പോ 2023 എന്ന പേരിൽ കോഴിക്കോട് വനിതാ സംരംഭകർക്കായി പ്രദർശന വിപണനമേള സംഘടിപ്പിച്ചു. 2025 ഫെബ്രുവരി 25 മുതൽ മാർച്ച് 3 വരെ തിരുവനന്തപുരം നഗരത്തിൽ മേള സംഘടിപ്പിക്കും.

## ഫ്യൂച്ചർ വിമൻ ഗ്രൂമിങ്ങ് പ്രോഗ്രാം (പ്രതിഭ 2024)

സ്ത്രീകളെയും പെൺകുട്ടികളെയും സാമൂഹികവികസനത്തിൽ സജീവ പങ്കാളികളാക്കുന്നതിനും അവരുടെ നേതൃശേഷിക്ക് കൂടുതൽ കരുത്ത് നൽകുന്നതിനും സംസ്ഥാനത്തെ കലാലയങ്ങളിൽ നിന്നുള്ള 27 അവസാനവർഷ ബിരുദവിദ്യാർഥിനികൾക്കായി പ്രതിഭ 2024-ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിങ്ങ് പ്രോഗ്രാം എന്ന പേരിൽ ദശദിന നേതൃത്വ വികസന ക്യാമ്പ് 2024 ഡിസംബറിൽ സംഘടിപ്പിച്ചു.

## നൂതന പദ്ധതികൾ

സംരംഭകത്വത്തിലേക്ക് വരുന്ന സ്ത്രീകൾക്കും ട്രാൻസ് വ്യക്തികൾക്കും സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ഉപദേശനിർദേശങ്ങൾ നൽകുന്നതിനും സാമ്പത്തിക, സാങ്കേതിക, മാർക്കറ്റിങ്ങ് സഹായങ്ങൾ കോർത്തിണക്കുന്നതിനും പ്രതിസന്ധിഘട്ടത്തിൽ കൈത്താങ്ങ് കൊടുക്കുന്നതിനുമായി ഒരു പ്രോജക്റ്റ് കൺസൾട്ടൻസി വിങ്ങ് രൂപവൽക്കരിക്കുന്നതിനുള്ള നടപടികളിലാണ് കോർപ്പറേഷൻ. ■

> സ്ത്രീസുരക്ഷയ്ക്കായി ദേശീയ ശ്രദ്ധ നേടിയപിങ്ക് പോലീസ് ഉൾപ്പെടെ ഒട്ടേറെ പദ്ധതികൾ കേരളപോലീസിനുണ്ട്

# സുരക്ഷയും പ്രതിരോധവും




## പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്

സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് രൂപീകരിച്ചു. സ്ത്രീധനവുമായി ബന്ധപ്പെട്ട അവഹേളനങ്ങൾ, സൈബർലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങിയവ തടയുക എന്ന ലക്ഷ്യത്തോടെയാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിന് രൂപം നൽകിയത്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെയാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടിൽ നിയോഗിച്ചിരിക്കുന്നത്.

## പിങ്ക് പോലീസ്

സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് 2016 ൽ കേരളാ പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ്. പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം സിറ്റി കേന്ദ്രീകരിച്ച് ആരംഭിച്ച പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും പ്രവർത്തിച്ചുവരുന്നു. വനിതാ ഉദ്യോഗസ്ഥർ മാത്രമുള്ള പട്രോളിംഗ് സംഘങ്ങളാണ് പിങ്ക് പോലീസ്. ഏത് അടിയന്തര സാഹചര്യവും നേരിടാൻ കഴിയുന്ന തരം സജ്ജീകരണങ്ങളുള്ള വാഹനങ്ങളാണ് പിങ്ക് പോലീസ് പട്രോളിംഗിന് നൽകിയിരിക്കുന്നത്. 112 എന്ന നമ്പരിൽ വിളിച്ചാൽ പിങ്ക് പോലീസിന്റെ സഹായം ലഭിക്കും. സ്കൂൾ, കോളേജ്, ഓഫീസ്, പാർക്ക്



## വനിതാ സ്വയം പ്രതിരോധ പദ്ധതി

അതിക്രമങ്ങളിൽ നിന്ന് രക്ഷനേടുന്ന തിന് സ്ത്രീകളെയും കുട്ടികളെയും പ്രാപ്ത രാക്കുക എന്ന ലക്ഷ്യത്തോടെ നിർഭയ പദ്ധതിയിൽപ്പെടുത്തി രൂപം നൽകിയ താണ് വനിതാ സ്വയം പ്രതിരോധ പദ്ധതി. സ്വയം പ്രതിരോധമുറയിൽ താൽപര്യമുള്ള സ്ത്രീകൾക്കും കുട്ടികൾ ക്കും തികച്ചും സൗജന്യമായാണ് കേരള പോലീസ് ഈ പരിശീലനം നൽകുന്നത്. 20 മണിക്കൂർ പാഠ്യപദ്ധതിയുള്ള ഈ പരിശീലനം എല്ലാ പോലീസ് ജില്ലക ളിലും സിവിൽ പോലിസ് ഓഫീസർ / സീനിയർ സിവിൽ പോലീസ് ഓഫീസർ റാങ്കിൽ ഉള്ള നാല് വനിതാ പോലീസ് ഉദ്യോഗസ്ഥരെ വീതമാണ് മാസ്റ്റർ ട്രെ യിനർമാരായി നിയോഗിച്ചിരി ക്കുന്നത്. ഇവർക്ക് കൃത്യമായ ഇടവേളകളിൽ വിദഗ്ദ്ധപരിശീലനം നൽകി വരുന്നു.

## വനിതാ ബറ്റാലിയൻ

വനിതാപ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച വനിതാ ബറ്റാലിയൻ 2018 ൽ നിലവിൽ വന്നു. ആദ്യ ബാച്ചിൽ 578 പേരാണ് പരിശീലനം പൂർത്തിയാക്കി സേനയുടെ ഭാഗമായത്. ഇവരിൽ 44 പേർ കമാൻഡോ പരിശീലനം നേടി സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ കമാൻഡോ വിങ്ങ് ആരംഭിച്ചു. തിരുവനന്തപുരം നഗരത്തോട് ചേർന്നുള്ള മേനംകുളം എന്ന സ്ഥലത്ത് 10 ഏക്കറിലാണ് വനിതാബറ്റാലിയന്റെ ആസ്ഥാനം പ്രവർത്തിക്കുന്നത്. പോലീസിലെ വനിതാപ്രാതിനിധ്യം ഘട്ടം ഘട്ടമായി വർധിപ്പിച്ച് 25 ശതമാനമാക്കുക എന്ന ലക്ഷ്യമാണ് വനിതാബറ്റാലിയന്റെ രൂപീകരണ ത്തിലേക്കെത്തിയത്.




തുടങ്ങിയ പൊതുസ്ഥലങ്ങളിൽ തിര ക്കേറിയ സമയങ്ങളിൽ പിങ്ക് പോലീസ് പട്രോളിംഗ് നടത്തിവരുന്നു. സദാസമയം നഗരത്തിൽ റോന്ത് ചുറ്റുന്നതിനാൽ ഈ വാഹനങ്ങൾക്ക് ആപത്ഘട്ടത്തിൽ വനിതകൾക്ക് അതിവേഗം സഹായമെ ത്തിക്കാൻ കഴിയും. ജി.പി.എസ് സംവി ധാനമുൾപ്പെടെ ഘടിപ്പിച്ചിരിക്കുന്ന പിങ്ക് പോലീസ് വാഹനങ്ങൾക്ക് പരാതിക്കാരു ടെ ലൊക്കേഷൻ അതിവേഗം കണ്ടെത്തി ലക്ഷ്യത്തിലെത്താൻ കഴിയും.

സ്‌കൂൾ, കോളേജ് വിദ്യാർഥിനികൾ, വീട്ടമ്മമാർ എന്നിവർക്കായും കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവ മുഖേന എത്തുന്ന വനിതകൾക്കുമാണ് പരിശീലനം നൽകുന്നത്. ഏകദേശം ഏഴ് ലക്ഷത്തിലധികം പെൺകുട്ടികളും വനിതകളും കേരളത്തിൽ സ്വയംപ്രതി രോധ പരിശീലനം നേടിയിട്ടുണ്ട്.

## സേ നോ ടു ഡൗറി

സ്ത്രീധന അതിക്രമങ്ങൾക്ക് എതിരെ "സേ നോ ടു ഡൗറി ' എന്നപേരിൽ പോലീസിന്റെപ്രചാരണ പരിപാടികൾക്ക് 14.07.2021 ൽ തുടക്കം കുറിച്ചു. ഗാർഹിക പീഡനം ഉൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള ഏത് തരം അതിക്രമവും സംബന്ധിച്ച് പരാതി ലഭിച്ചാൽ പോലീസ് അടിയന്തര നടപടി സ്വീകരിക്കും. ■

വിവിധതലങ്ങളിലുള്ള സ്ത്രീകൾ പറയുന്നു

# കേരളം പ്രതീക്ഷയും കരുത്തുമാണ്

## സ്ത്രീ സിനിമാപ്രവർത്തകർക്ക് വലിയ പ്രതീക്ഷ

**ശിവരഞ്ജിനി**
സംവിധായിക



വിക്ടോറിയ എന്റെ ആദ്യ ഫീച്ചർ സിനിമയാണ്. സംസ്ഥാന സർക്കാരിന്റെ സ്ത്രീ സംവിധായകർക്കുള്ള പദ്ധതി പ്രകാരം കെ.എസ്.എഫ്.ഡി.സി. യാണ് ഈ സിനിമ നിർമ്മിച്ചത്. സിനിമ സ്വാഭാവികമായും പാഷനായിരുന്നു എൻ.ഐ.ഡി.യിൽ സിനിമാ ഡിസൈനിംഗിൽ ഔദ്യോഗിക വിദ്യാഭ്യാസം നടത്തി. പഠനത്തിന്റെ ഭാഗമായി ഹ്രസ്വസിനിമകളും ഡോക്യുമെന്ററികളും ചെയ്യുകയും ഐ.ഡി. എസ്.എഫ്.എഫ്.കെ.യിലൂടെ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. പഠനശേഷം രണ്ടുവർഷക്കാലം ഫ്രീലാൻസായി എഡിറ്റിംഗ് ചെയ്തു. സിനിമയെടുക്കുക എന്നതുതന്നെയായിരുന്നു ഒന്നാമത്തെ ആഗ്രഹം. എന്നാൽ അതിനുള്ള നിർമ്മാണച്ചെലവ് കണ്ടെത്തൽ ഒരു തുടക്കക്കാരിക്ക് അത്ര എളുപ്പമല്ല എന്നു ബോധ്യപ്പെടുന്നതോടെയാണ് മുംബൈ ഐ.ഐ.ടി.യിൽ കമ്യൂണിക്കേഷൻ ഡിസൈനിൽ സിനിമ സ്പെഷ്യലൈസേഷനായി പി.എച്ച്. ഡിക്ക് ചേരുന്നത്. ഈ ഔദ്യോഗിക ഗവേഷണം അവസാന ഘട്ടത്തിലാണ്. അതിനിടയിലാണ് സർക്കാരിന്റെ സ്ത്രീ ഡയറക്ടേഴ്സിനുള്ള സെലക്ഷൻ നോട്ടിഫിക്കേഷൻ വരുന്നതും തുടർന്ന് വിക്ടോറിയ സംഭവിക്കുന്നതും. ഈ സർക്കാർ പദ്ധതിയിലൂടെ തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടാണ് വലിയ ഫണ്ട് ആവശ്യമുള്ള ഒരു കലയിൽ തുടരാനായതെന്നു പറയുന്നതിലും അതിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട വിക്ടോറിയ ഫിപ്രസ്കി പുരസ്കാരം നേടിയതിലും വലിയ അഭിമാനവും ആഹ്ലാദവും തോന്നുന്നു. തുടക്കക്കാർക്ക്, പ്രത്യേകിച്ചും സ്ത്രീകളായ സിനിമാപ്രവർത്തകർക്ക് ഈ സംരംഭം വലിയൊരു പ്രതീക്ഷ നൽകുന്നു.

സിനിമാ നിർമ്മാണത്തിനുള്ള ഗ്രാന്റ്, ചിത്രാഞ്ജലിയുടെ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രോജക്ട് ഒരു തുടക്കക്കാരിയെന്ന നിലയിൽ വലിയ സാധ്യതയുള്ള ഒരു പദ്ധതിയായാണ് അനുഭവപ്പെട്ടത്. ഇത്തരമൊരു പ്രൊജക്ടിന്റെ ഭാഗമായതുകൊണ്ടാണ് എനിക്ക് ഇങ്ങനെ ഒരു സിനിമയെടുക്കാനായത്. എന്റെ കാഴ്ചയിലെ സിനിമയോടും കലയോടും എനിക്ക് കോംപ്രമൈസ് ചെയ്യേണ്ടി വന്നിട്ടില്ല എന്നതാണ് ഇതിൽ ഏറ്റവും പ്രധാനം.

# പിങ്ക് പോലീസ് ഇന്ത്യയ്ക്ക് മാതൃക

**അശ്വതി പുത്തൂർ**
പ്രവാസി, ദുബായ്

വിദേശത്ത് ജോലി ചെയ്തു ജീവിക്കുന്ന ഒരു സ്ത്രീ എന്ന നിലയ്ക്ക് എല്ലായ്പ്പോഴും ചിന്തിച്ചിരുന്നത് സ്ത്രീസുരക്ഷയെ കുറിച്ചായിരുന്നു. രാജ്യത്തെ സ്ത്രീസുരക്ഷ ഏറ്റവും അപകടകരമായ സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നു എന്ന് പലപ്പോഴും ആശങ്കപ്പെട്ടിരുന്നു.



അതേസമയം സ്ത്രീ സുരക്ഷയ്ക്കും സ്ത്രീകളുടെ ഉന്നമനത്തിനും വേണ്ടി വിപ്ലവകരമായ ചില കാൽവയ്പ്പുകൾ നടത്താൻ കേരള സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഏറെ പ്രാധാന്യം നേടിയ പദ്ധതി ആണ് പിങ്ക് പോലീസ്. വനിതകൾക്ക് മുഴുവൻ സമയവും സുരക്ഷ ഒരുക്കുവാൻ ആരംഭിച്ച പിങ്ക് പോലീസ് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് അനുകരണീയ മാതൃകയാണ്.

കേരളത്തിൽ വസ്ത്രവ്യാപാര മേഖലകളിൽ ജോലി ചെയ്യുന്നിരുന്ന സ്ത്രീകൾക്ക് മണിക്കൂറുകൾ നിന്നനിൽപ്പിൽ ജോലി ചെയ്യേണ്ട സാഹചര്യമായിരുന്നു. കേരള സർക്കാരിന്റെ വിപ്ലവകരമായ ഉത്തരവിലൂടെ അവർക്ക് ജോലിക്കിടയിൽ ആവശ്യമായ വിശ്രമം ഉറപ്പുവരുത്താൻ കഴിഞ്ഞത് ചെറിയ കാര്യമല്ല. ഇന്ത്യയിൽതന്നെ ആദ്യമായി ചലച്ചിത്ര രംഗത്തെ വനിതാപ്രവർത്തകർക്ക് നേരിടുന്ന എല്ലാ രീതിയിലുമുള്ള ചൂഷണങ്ങൾ പഠിക്കാനും വേണ്ട പരിഹാരം നിർദേശിക്കുവാനും വേണ്ടി കമ്മിറ്റി രൂപീകരിച്ച് മാതൃകയായ സംസ്ഥാനമാണ് നമ്മുടേത്. കമ്മിറ്റിയുടെ നിർദേശങ്ങൾ കൃത്യമായി നടപ്പിലാക്കുവാൻ ശ്രമിക്കുന്ന സർക്കാർ മറ്റു സംസ്ഥാനങ്ങൾക്കും ഒരു മാതൃക സൃഷ്ടിക്കുന്നു. സ്ത്രീസമൂഹത്തോട് മാത്രമല്ല ട്രാൻസ്ജെൻഡർ സമൂഹത്തോടും പുലർത്തുന്ന നീതിപൂർവമായ നിലപാടുകൾ ഏറെ അഭിമാനത്തോടെ കാണുന്നു.

# ആണധികാര വ്യവസ്ഥയെ മാറ്റാനുള്ള ശ്രമം

**ആശിക വി.എം.**
ഗവേഷക വിദ്യാർഥി, ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി

ഈ കഴിഞ്ഞ ഏഴ് വർഷത്തിൽ ഭൂരിഭാഗവും കേരളത്തിന് പുറത്ത് നിന്ന് കേരളം മാറുന്നത് കണ്ടറിഞ്ഞ അനുഭവമാണുള്ളത്. ഒറ്റയ്ക്ക് ജീവിക്കുന്ന ഗവേഷക വിദ്യാർഥി എന്ന നിലക്ക് വ്യക്തിപരമായി, വലിയ തോതിൽ മാറിക്കൊണ്ടിരിക്കുന്നതായി തോന്നിയത് നമ്മുടെ അടിസ്ഥാന സൗകര്യങ്ങളാണ്. അത് സ്ത്രീകൾക്ക് കൂടുതൽ പ്രാപ്യമാകുന്ന തരത്തിലായിട്ടുണ്ട്. ഷീ ലോഡ്ജ് സംരംഭങ്ങൾ, ബിസിനസ്, സ്വയം സംരംഭകർക്കാർക്കുള്ള സഹായം, ലൈംഗിക വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും തുടങ്ങിയവ കുറച്ചുകാലം മുമ്പുവരെ ചിന്തിക്കാൻ പറ്റാത്ത കാര്യമാണ്. എടുത്തുപറയേണ്ട ഒന്ന് വിമൺ ആൻഡ് ജെൻഡർ സെല്ലിന്റെ പ്രവർത്തനങ്ങളാണ്. അത് പൊതുബോധത്തിൽ കൊണ്ടുവരുന്ന ശരിയായ മാറ്റങ്ങൾ നമ്മുടെ വീടുകളിൽവരെ കണ്ടുതുടങ്ങുകയാണ്. എന്റെ അനിയത്തിമാർ 'ഷീപാഡ്' സംരംഭത്തെക്കുറിച്ച് പറയുന്നത് കേൾക്കാനിടയായി. ആർത്തവത്തെക്കുറിച്ചും ലൈംഗിക ആരോഗ്യത്തെക്കുറിച്ചും എല്ലാം എത്ര ആധികാരികമായും



ആത്മവിശ്വാസത്തോടെയുമാണ് കുട്ടികൾ സംസാരിക്കുന്നത്!

അതോടൊപ്പം, ഹരിതകർമ്മസേന പോലുള്ള സംരംഭങ്ങളെയും അവയുടെ വളർച്ചയെയും ഒരു സാമൂഹികശാസ്ത്ര ഗവേഷണ വിദ്യാർഥി എന്ന നിലയ്ക്ക് കൗതുകത്തോടെയാണ് ഞാൻ നോക്കുന്നത്. എല്ലാ തലങ്ങളിലും സ്ത്രീകൾ ശാക്തീകരിക്കപ്പെടുന്നത് കാണുന്നത് അതിശയകരമാണ്.

നിലവിൽ ഒരു ടയർ 1 നഗരത്തിലാണെങ്കിലും, ലൈംഗിക അതിക്രമങ്ങൾക്കോ അസഭ്യംപറച്ചിലിനോ എതിരായ പരാതിയുമായി പൊലീസിൽ പോകുന്നതിൽ എനിക്കിപ്പോഴും അൽപം ഭയമുണ്ട്. എന്നാൽ കേരളത്തിൽ ഞാൻ രണ്ടാമതൊന്ന് ആലോചിക്കാതെ പരാതിയുമായി പോകും. കാരണം പരാതികൊടുക്കലൊക്കെ സാധാരണവും സുരക്ഷിതവുമാണ് കേരളത്തിൽ. പൊതുസ്ഥലങ്ങളും പൊതുബോധവും കേരളത്തിൽ ഉൾപ്പെടെ എന്നും സ്ത്രീകളെ തഴയാനാണ് ശ്രമിച്ചിരുന്നത്. ഈ ആണധികാര വ്യവസ്ഥയെ ചെറിയ, വലിയ പരിശ്രമങ്ങൾ കൊണ്ട് മാറ്റാൻ ഒരു സർക്കാരും വനിതാ വികസന വകുപ്പും ശ്രമിക്കുന്നത് വളരെ അഭിമാനകരവും പ്രതീക്ഷാജനകവും തന്നെയാണ്.

# ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷ മാത്രം

**ഫരിഷ്ത എൻ.എസ്.**
ചെയർപേഴ്സൺ,
യൂണിവേഴ്സിറ്റി കോളേജ്,
തിരുവനന്തപുരം

സ്വതന്ത്ര ഇന്ത്യയുടെ 77-ാം വർഷത്തിലും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീസമൂഹം വിദ്യാഭ്യാസമില്ലാത്ത, വരുമാനമില്ലാത്ത, തൊഴിലില്ലാത്ത, അധികാരമില്ലാത്ത, സുരക്ഷിതത്വമില്ലാത്ത, സ്വത്തവകാശമില്ലാത്ത വിഭാഗമായി തുടരുന്നു. എന്നാൽ കേരളത്തിൽ അങ്ങനെയല്ല. ആൺ-പെൺ വ്യത്യാസമില്ലാതെ വിദ്യാഭ്യാസം നേടുന്ന കേരളത്തിൽ പെൺകുട്ടികളെ വൈവിധ്യമാർന്ന മേഖലകളിലേക്ക് കടന്നുചെല്ലുന്നതിന് സർക്കാർ പ്രോത്സാഹനം കൊടുക്കുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിന്, ഉന്നതവിദ്യാഭ്യാസത്തിന്, സിനിമാ മേഖലയിൽ, സുരക്ഷിതയാത്രയിൽ, എല്ലാം സർക്കാർ സ്ത്രീക്ക് കൂട്ടായി നിൽക്കുന്നു. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം



ഉറപ്പുവരുത്തുന്നതോടൊപ്പം തൊഴിലിടങ്ങളെ കൂടുതൽ സ്ത്രീസൗഹൃദമാക്കി മാറ്റുന്നതിനുള്ള ഇടപെടലുകളും സാധ്യമാക്കുന്നു. തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളെ കൃത്യമായി മനസ്സിലാക്കാനും അത് ഇല്ലാതാക്കാനും വേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. നഗരങ്ങൾ ഏറെക്കുറെ സ്ത്രീസൗഹൃദമായി മാറിക്കഴിഞ്ഞു. വിദ്യാർഥിനികൾക്ക് ആർത്തവ അവധി ഏർപ്പെടുത്തിയതും ഒരു മുന്നേറ്റമാണ്. വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സാധാരണക്കാരുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതിൽ കുടുംബശ്രീയുടെ പങ്ക് വലുതാണ്. ഈ പ്രവർത്തനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരങ്ങളും ലഭ്യമാകുന്നുണ്ട്. സ്ത്രീകളുടെയും സാധാരണക്കാരുടെയും ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാനാണ് സർക്കാർ എല്ലാ പ്രതിസന്ധികൾക്കിടയിലും ശ്രമിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ യുവാക്കൾക്ക് ജോലി നൽകിയ സർക്കാരാണ് നമ്മുടേത്. ഒരു വിദ്യാർഥിനി എന്ന നിലയിൽ, ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷ പുലർത്താൻ ഈ സർക്കാർ സഹായിക്കുന്നു എന്നതിലാണ് ഏറ്റവും സന്തോഷം.


## സ്ത്രീസംരംഭകർ ചിറകുവിരിച്ച് പറക്കട്ടെ

**അഞ്ജലി ചന്ദ്രൻ**

**സംരംഭക, ഇംപ്രസ, കോഴിക്കോട്**

സ്ത്രീകൾ സംരംഭകരാകുമ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ആവശ്യമായ വിവരങ്ങൾ എവിടെനിന്ന് ലഭിക്കും എന്ന് അറിയാത്തതാണ്. ശരിയായ വിവരങ്ങൾ ലഭിക്കുക, ശരിയായ ആളുകളെ ആശ്രയിക്കുക എന്നതൊക്കെ പ്രതിസന്ധിയാണ്. പലപ്പോഴും തെറ്റായ ആളുകൾ തെറ്റായ വിവരങ്ങൾ നൽകി ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുകയും മനസ്സുമടുപ്പിക്കുകയും ചെയ്യും. ലൈസൻസുകൾക്കും വിപുലമായ ക്വോട്ട് കിട്ടാനുമെല്ലാം ഏജന്റുമാരെ ആശ്രയിക്കേണ്ടിവരും. ഇത് സാമ്പത്തികനഷ്ടത്തോടൊപ്പം സ്വകാര്യതയുടെ പ്രശ്നംകൂടി ഉണ്ടാക്കും.

ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ രാജ്യത്ത് ഒന്നാമതാണല്ലോ ഇപ്പോൾ കേരളം. ഇതിന്റെ ഭാഗമായി നടപ്പിൽ



വരുത്തിയ മാറ്റങ്ങൾ എല്ലാ മേഖലയിലും പ്രകടമാണ്. ലൈസൻസുകളും മറ്റ് സർട്ടിഫിക്കറ്റുകളും ഒരേയിടത്തുനിന്ന് ഓൺലൈനായി ലഭ്യമായതോടെ കഴിവും ആഗ്രഹവും ഉള്ള സ്ത്രീകൾക്കെല്ലാം സംരംഭം തുടങ്ങാമെന്നായി. ചെറുതും വലുതുമായ നിരവധി സ്ത്രീസംരംഭങ്ങൾ പുതുതായി തുടങ്ങി. സംരംഭകവർഷം പദ്ധതി വഴി നിരവധി പേരാണ് സ്വന്തമായി ബിസിനസ് ആരംഭിച്ചത്. ഒട്ടനവധി വായ്പാസൗകര്യങ്ങൾ വന്നു. ഒരു സ്ത്രീ സംരംഭക എന്ന നിലയിൽ ഇത് തരുന്ന സന്തോഷവും ആത്മവിശ്വാസവും ചെറുതല്ല. കൂടുതൽ സ്ത്രീകൾ സംരംഭകരാകട്ടെ, അവരുടെ സ്വപ്നങ്ങൾക്ക് ചിറകുവിരിക്കട്ടെ.

## ഇപ്പോഴില്ല പട്ടിണിക്കാലം

**മീനാക്ഷി**

**മത്സ്യത്തൊഴിലാളി, കൊല്ലം**

വറുതിയുടെ നാളുകൾ തീരദേശവാസികൾക്ക് പുത്തരിയല്ല. പല ഘട്ടങ്ങളിലും കൊടിയ ദാരിദ്ര്യത്തിലേക്ക് വീണുപോയിരുന്നു മിക്കവാറും കുടുംബങ്ങൾ. എന്നാൽ, ഇക്കഴിഞ്ഞ കുറച്ച് വർഷങ്ങളായി ആ അവസ്ഥ നേരിടേണ്ടിവന്നിട്ടില്ല. പട്ടിണിക്കാലം എന്നൊരു കാലം ഇപ്പോൾ തീരത്ത് അങ്ങനെ ഉണ്ടാകാറില്ല. ഏത് പ്രതിസന്ധി സഹാചര്യത്തിലും അധികാരികളുടെ ഒരു പിന്തുണ ഉണ്ടാകുമെന്ന് ഉറപ്പുള്ളത് വലിയ ആശ്വാസമാണ്. പുതിയ സംരംഭങ്ങളുമായി ഇറങ്ങാൻ സാധാരണ തൊഴിലാളികൾക്ക് ആത്മവിശ്വാസം പകരുന്നതും ഈ പിന്തുണയാണ്.

കടലിനെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കുന്നുണ്ട്. അതിൽ സ്ത്രീകൾക്കായി പ്രത്യേകം പദ്ധതികളുണ്ട്. ഇവിടത്തെ സാധാരണ സ്ത്രീകളുടെ ജീവിതത്തിൽ എടുത്തുപറയേണ്ട മുന്നേറ്റം അതുണ്ടാക്കി. ചെറുകിട തൊഴിൽ സംരംഭങ്ങൾ നല്ല രീതിയിൽ വർധിച്ചത് ഇക്കാലത്താണ്. തീരമൈത്രി യൂണിറ്റുകൾ വഴിയാണ് ഞങ്ങളെപ്പോലെയുള്ള നിരവധി സ്ത്രീകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കാനായത്. മിക്കവരും അത് നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. സ്വന്തമായി



വരുമാനം ഉറപ്പാക്കാനായത് പലരുടെയും ജീവിതത്തെ മാറ്റി. സ്ത്രീകൾക്ക് വലിയതോതിൽ സഹായകമായ പദ്ധതിയാണിത്. ഫിഷറീസ് വകുപ്പിൽനിന്നും മത്സ്യഫെഡിൽനിന്നും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളുടെ ഉന്നമനത്തിനായി പല തരത്തിലുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ നടപ്പായിട്ടുണ്ട്.

കടലിൽനിന്ന് പണ്ടത്തെ പോലെ കോള് ലഭിക്കുന്നില്ലെങ്കിലും ഞങ്ങളുടെ കുടുംബങ്ങൾ പട്ടിണിയാകാതിരിക്കാൻ സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. ട്രോളിങ് നിരോധനകാലത്ത് മുടങ്ങാതെ സൗജന്യ റേഷൻ എത്തിച്ചു നൽകുന്നതടക്കം

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വേണ്ട അടിസ്ഥാനസൗകര്യങ്ങളെല്ലാം ഒരുക്കിത്തരുന്നത് പ്രതിസന്ധികളിലും മുന്നോട്ടുപോകാൻ വലിയ കരുത്താണ്. ഇത് വെറും വാക്കല്ല.

## ഭിന്നശേഷിക്കാരോടുള്ള സമീപനം മാറി

### ജിലുമോൾ മാരിയറ്റ് തോമസ്

സംസ്ഥാന വനിതാരത്ന പുരസ്കാര ജേതാവ്

സ്ത്രീകളുടെ ഉന്നമനത്തിന് നിരവധി പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയതായി മനസ്സിലാക്കുന്നു. സ്ത്രീകളിൽ അഭിമാനവും ആത്മവിശ്വാസവും വളർത്താനുതകുന്ന ധാരാളം പരിപാടികൾ നമുക്കിടയിൽ വന്നു. കാവൽ, കാവൽ പ്ലസ് പദ്ധതികളെ സുപ്രീം കോടതിയും കേരളത്തിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ യുഎൻ ഉം അഭിനന്ദിച്ചത് തന്നെ ഉദാഹരണം. ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താനുള്ള ധീര പദ്ധതി ഉൾപ്പെടെ നടപ്പാക്കിയതിലൂടെ സ്ത്രീകൾക്ക് സർക്കാരിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാനായിട്ടുണ്ട്.

ജന്മനാ ഇരുകൈകളും ഇല്ലാത്ത എനിക്ക് ആറുവർഷത്തെ നിരന്തരമായ ശ്രമങ്ങൾക്കൊടുവിലാണ് ഭിന്നശേഷി കമ്മീഷണറായിരുന്ന എസ്.എച്ച്.



പഞ്ചാപാകേശന്റെ ഇടപെടലിനെ തുടർന്ന് നിയമപരമായ തടസ്സങ്ങൾ നീങ്ങി ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നത്. മുഖ്യമന്ത്രിയുടെ കയ്യിൽനിന്ന് അത് ഏറ്റുവാങ്ങാനായത് ഏറെ സന്തോഷം പകരുന്നു. ജീവിതത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായത്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നായിരുന്നു വാഹന ലൈസൻസ്. ഇരുകൈകളുമില്ലാതെ ഡ്രൈവിംഗ് ലൈസൻസ് നേടുന്ന ഏഷ്യയിലെ ആദ്യ വനിതയായി മാറുകയും ചെയ്തു. ഡ്രൈവിംഗ് ലൈസൻസ് ഉള്ളത് എന്റെ ജീവിതത്തെ പല തരത്തിൽ മാറ്റിമറിച്ചു. മുമ്പ് യാത്ര ചെയ്യാൻ എനിക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടിയിരുന്നു. എന്നാൽ ഇപ്പോൾ എനിക്ക് സഞ്ചാരസ്വാതന്ത്ര്യം ലഭിച്ചു. ജോലിക്ക് പോവുകയാണെങ്കിലും വ്യക്തിപരമായ ആവിശ്യങ്ങളിലും ഡ്രൈവിംഗ് ദൈനംദിന ജോലികൾ എളുപ്പമാക്കുന്നു. ഏറ്റവും പ്രധാനം, എന്റെ ജീവിതം യുവജനങ്ങളെയും ഭിന്നശേഷിക്കാരായ നിരവധി പേരെയും സ്വയം വിശ്വസിക്കാനും അവരുടെ സ്വപ്നങ്ങൾ പിന്തുടരാനും പ്രചോദിപ്പിച്ചിക്കുന്നുണ്ടെന്ന് മനസ്സിലാക്കാനും ഈ കാലയളവിൽ സാധിച്ചു. എന്നെ സന്തോഷിപ്പിച്ച മറ്റൊരു കാര്യം, ഭിന്നശേഷിക്കാരോടുള്ള സമീപനത്തിൽ ജനങ്ങൾക്കുള്ള മാറ്റം പൊതുവെ ദൃശ്യമാണ് എന്നതാണ്.

## സ്ത്രീകളുടെ ശക്തികേന്ദ്രമാണ് ഹരിത കർമ്മസേന

### ധനുജാകുമാരി

എഴുത്തുകാരി, ഹരിതകർമസേനാംഗം

തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ വാർഡിൽ ചെങ്കൽച്ചൂളയിൽ താമസക്കാരിയാണ് ഞാൻ. വിദ്യാസമ്പന്നരും അല്ലാത്തവരും ആയിട്ടുള്ള ഒരു കൂട്ടം സ്ത്രീകളുടെ ശക്തികേന്ദ്രമാണ് ഹരിത കർമ്മസേന. ഒരുകാലത്ത് വീടിനകത്ത് മാത്രം കഴിഞ്ഞു കൂടിയിരുന്ന സ്ത്രീകളാണ് ഞങ്ങളിലധികവും. പങ്കാളിയുടെ വരുമാനം പലപ്പോഴും വീട്ടിലെ കാര്യങ്ങൾ, കുട്ടികളുടെ പഠനച്ചെലവ്, കുട്ടികളുടെ മരുന്ന്, ബന്ധുക്കളുടെ കല്യാണം, അടുത്ത വീട്ടുകാരുടെ ആഘോഷങ്ങൾ ഇതിലൊക്കെയായി തീരും. കുറവുകൾ വരുന്നതും മാറ്റിവയ്ക്കുന്നതും നമ്മൾ സ്ത്രീകളുടെ ആവശ്യങ്ങളാവും. എന്നാൽ ഇന്ന് അങ്ങനെയല്ല. കുടുംബശ്രീ എന്നൊരു പ്രസ്ഥാനം ഹരിതകർമ്മസേന എന്ന തൊഴിൽമേഖല വഴി വലിയൊരു



പ്രതീക്ഷയും സമ്പാദ്യവും ആണ് നൽകിയിരിക്കുന്നത്. ഇന്ന് കയ്യിൽ കിട്ടുന്ന വരുമാനം സ്വതന്ത്രമായിട്ട് നമുക്ക് ചെലവാക്കാം. മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുമായി ചെലവാക്കാം. പല ഹരിതകർമ്മസേനാംഗങ്ങളും വിദ്യാഭ്യാസം ഒന്നുമുള്ളവരല്ല, പക്ഷേ വരുമാനക്കണക്കിൽ ഇന്ന് ഞങ്ങൾ ഏറെ മുന്നിലാണ്. ആയിരങ്ങളും പതിനായിരങ്ങളുമല്ല, ലക്ഷങ്ങളാണ് അവരുടെ കൈകളിലൂടെ കടന്നുപോകുന്നത്. ഇതിലൊക്കെ നമ്മൾ അഭിമാനിക്കുകയല്ലേ വേണ്ടത്.

ഞാൻ ജോലി ചെയ്യുന്നത് കടപ്പനക്കുന്ന് ചെട്ടിവിളാകം വാർഡിലാണ്. ഞങ്ങൾ 13 പേരടങ്ങുന്നതാണ് ആ വാർഡിലെ സേന. 2900 വീടുകൾ ഉണ്ട്. 80 ശതമാനം പേരും ഞങ്ങളോട് സഹകരിക്കുന്നുണ്ട്. പലപ്പോഴും വിദ്യാസമ്പന്നരിൽനിന്നാണ് മോശം അനുഭവങ്ങൾ ഉണ്ടായിട്ടുള്ളത്. ചിലർ രാഷ്ട്രീയം പറഞ്ഞ് വഴക്കുപറയും. വീടിന്റെ നടയിൽ ചെല്ലുമ്പോൾ പട്ടിയെ അഴിച്ചുവിടുന്നവരും ചവറുപെറുക്കികളെന്നും വേസ്റ്റ് വാരികളെന്നും പിടിച്ചുപറിക്കാരെന്നും വിളിക്കുന്നവരും ഉണ്ട്. ഇതൊക്കെയാണെങ്കിലും ഞങ്ങൾ ജോലിയിൽ സംതൃപ്തരാണ്. അവർക്കറിയില്ലല്ലോ കേരളത്തിലെ എത്ര കുടുംബങ്ങളാണ് ഇന്ന് സന്തോഷത്തോടെ ഈ വരുമാനം കൊണ്ട് കഴിയുന്നതെന്ന്. നമ്മുടെ സർക്കാർ നമുക്ക് ചെയ്തുതന്ന ഏറ്റവും വലിയ കാര്യമാണ് ഈ തൊഴിൽമേഖല. ഞങ്ങൾക്ക് കുറഞ്ഞത് ഇരുപതിനായിരം രൂപ മാസം വരുമാനമുണ്ട്. ഞങ്ങളുടെ തമ്പാനൂർ വാർഡിൽ 90,000 രൂപ വരെ മാസം സമ്പാദിക്കുന്ന ഹരിതസേനാംഗങ്ങൾ ഉണ്ട്. ■

തയ്യാറാക്കിയത്: ദസ്നി എം.എച്ച്

സുകന്യ എൻ
മാധ്യമപ്രവർത്തക



മലയാള മാധ്യമപ്രവർത്തനരംഗത്തിന്റെ ആദ്യകാലത്തെ ത്യാഗനിർഭരവും ആവേശകരവുമായ പ്രവർത്തനങ്ങളിലൂടെ അവിസ്മരണീയരായ രണ്ട് ധീരവനിതകൾ

# വഴി വെട്ടിയ ധീരർ

## മർദ്ദനങ്ങൾക്കു മുമ്പിൽ തളരാത്ത സ്വ.ലേ

1943 മാർച്ച് 27, കണ്ണൂർ സെൻട്രൽ ജയിലിലെ സിംഗിൾ സെല്ലിലെ അരണ്ട വെളിച്ചത്തിൽ കാരിരുമ്പുകൾക്കപ്പുറം നാല് സെല്ലുകളിലായി അവർ... അപ്പു, ചിരുകണ്ടൻ, അബൂബക്കർ, കുഞ്ഞമ്പു. അവരുടെ കഴുത്തിൽ കൊലക്കയർ വീഴാൻ രണ്ടുദിവസങ്ങൾ കൂടി മാത്രം. പക്ഷേ അവർ തളർന്നിരുന്നില്ല. അവരുടെ സ്വരം ഇടറിയിരുന്നില്ല. അസാധാരണമായ ഒരു തിളക്കം ആ കണ്ണുകളിൽ ഉണ്ടായിരുന്നു. അവർ പറഞ്ഞു. "ഞങ്ങൾ ഭീരുക്കളായല്ല കൊലമരത്തിലേക്ക് കയറിയതെന്ന് ജനങ്ങളോട് പറയണം. ഞങ്ങൾ എന്തിനുവേണ്ടി ജീവിച്ചു എന്നും മരിക്കാൻ പോകുന്നത് എന്തിനാണെന്നും ആരും മറക്കാതിരിക്കാൻ പറയണം. ജന്മിത്തത്തിനും സാമ്രാജ്യത്വത്തിനും എതിരായ പോരാട്ടം തുടരണം". കയ്യൂർ സമര സേനാനികളുടെ ഈ വാക്കുകൾ അന്ന് ദേശാഭിമാനി പത്രത്തിന് വേണ്ടി റിപ്പോർട്ട് ചെയ്തത് . പി. യശോദ ടീച്ചർ ആയിരുന്നു മലയാളത്തിലെ ആദ്യത്തെ വനിതാ റിപ്പോർട്ടർ

മലബാറിലെ മഹിളാപ്രസ്ഥാനത്തിന്റെ ആദ്യകാല സംഘാടക കൂടിയായിരുന്ന യശോദ ടീച്ചർക്ക് പത്രപ്രവർത്തനം എന്നത് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. കണ്ണൂർ കീച്ചേരിയിൽ അടിയേരി ജാനകിയുടെയും പയ്യനാടൻ ഗോവിന്ദന്റെയും മകളായി ജനിച്ച യശോദ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ കോൺഗ്രസിൽ ആകൃഷ്ടയായി തീർന്നു. സഹപാഠികളായ രണ്ട് വിദ്യാർഥികളെ ഗാന്ധി കീ ജയ് എന്ന് വിളിച്ചതിന് 36 അടി ശിക്ഷ വിധിച്ച സംഭവം യശോദയുടെ മനസ്സിനെ സ്പർശിച്ചു. പയ്യന്നൂരിൽ ഗാന്ധിജി വന്നപ്പോൾ അദ്ദേഹത്തെ കാണാൻ അവൾ പോയി.

1931ൽ അധ്യാപികയായതോടെ സംഘടനാരംഗത്ത് സജീവമായി. 1939ൽ മലബാർ ടീച്ചേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ മാനേജർമാരുടെ ചൂഷണത്തിനെതിരെ സമരം നടന്നപ്പോൾ അതിൽ പങ്കെടുത്ത് തുടർന്ന് സർട്ടിഫിക്കറ്റ് സസ്പെൻഡ് ചെയ്യപ്പെട്ടു. ഈ ഘട്ടത്തിലാണ് പൊതുരംഗത്തേക്ക് ടീച്ചർ വരുന്നത്. 1942 സെപ്റ്റംബറിൽ ദേശാഭിമാനി കോഴിക്കോട് നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ ലേഖികയായി പ്രവർത്തിക്കാൻ തുടങ്ങി. 40 കളുടെ തുടക്കത്തിൽ പട്ടാമ്പിയിൽ ചേർന്ന അഖില മലബാർ മഹിളാസംഘം രൂപീകരണയോഗത്തിൽ പങ്കെടുത്ത ടീച്ചർ ആ വാർത്ത റിപ്പോർട്ട് ചെയ്തു. ആര്യാ പള്ളം, വി പി ദേവകി, ഉമാദേവി അന്തർജനം തുടങ്ങിയവരൊക്കെ ആ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 1943 ഡിസംബർ സിന്ധിൽ (ഇപ്പോൾ പാകിസ്ഥാനിൽ) നടന്ന ആൾ ഇന്ത്യ വിമൻസ് കോൺഫറൻസിൽ മലബാറിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത യശോദ ടീച്ചർ ആ സമ്മേളനത്തിന്റെ വിശദാംശങ്ങളും പത്രത്തിൽ എഴുതി.

കണ്ണൂരിലെ കാവുമ്പായിയിലും കണ്ടക്കൈയിലും കയരളത്തുമൊക്കെ 1946ൽ നടന്ന കർഷക സമരങ്ങളെ തുടർന്ന് അരങ്ങേറിയ പോലീസ് തേർവാഴ്ച ദേശാഭിമാനിയിൽ റിപ്പോർട്ട് ചെയ്തത് യശോദ ടീച്ചറാണ്. അന്നത്തെ അനുഭവങ്ങൾ പിൽക്കാലത്ത് ടീച്ചർ ഓർത്തെടുക്കുന്നുണ്ട്. പ്രദേശങ്ങൾ ഞങ്ങൾ സന്ദർശിച്ചു. ഗ്രാമങ്ങളിലെ പുരുഷന്മാർ അധികവും ഒളിവിൽ ആയിരുന്നു. സ്ത്രീകൾ കണ്ണീരോടെ തങ്ങൾ അനുഭവിച്ച ഭീകരമായ മർദ്ദനമുറകൾ വിവരിച്ചു. ഗർഭിണിയായ സ്ത്രീയെ ഇറക്കിവിട്ട് വീട് മുദ്ര വച്ചതും പ്രസവിച്ചു കിടക്കുന്ന സ്ത്രീയെ കുളിപ്പിക്കാനുള്ള വെള്ളം തിളപ്പിക്കാനുള്ള കലമടക്കം എംഎസ്പിക്കാർ (മലബാർ സ്പെഷ്യൽ ആംഡ് പോലീസ്) തച്ചുടച്ചതും അവർ പറഞ്ഞു. കണ്ടക്കൈയിൽ സ്ത്രീകളെ അണിനിരത്തി പൊട്ടിയ കലങ്ങൾ കുട്ടയിലാക്കി തലയിലേറ്റി അധികാരിയുടെ വീട്ടുമുറ്റത്തേക്ക് ജാഥ സംഘടിപ്പിച്ച 75 കാരിയായ കുഞ്ഞാക്കമ്മയെ അവിടെവച്ച് കണ്ടു. കലംകെട്ട് സമരത്തിനു നേതൃത്വം നൽകിയ കുഞ്ഞാക്കമ്മയെ അറസ്റ്റ് ചെയ്ത് രണ്ടുമാസമാണ് കണ്ണൂർ സെൻട്രൽ ജയിലിൽ അടച്ചത്.



പി. യശോദ ടീച്ചർ ആയിരുന്നു മലയാളത്തിലെ ആദ്യത്തെ വനിതാ റിപ്പോർട്ടർ

കാവുമ്പായി സമരത്തെ തുടർന്ന് ഇരിക്കൂർ ഫർക്കയിലെ സ്ഥലങ്ങൾ സന്ദർശിക്കാൻ ഇടയായ സംഭവവും ടീച്ചർ അനുസ്മരിക്കുന്നുണ്ട്. "പയ്യാവൂരിൽ ഞങ്ങൾ എത്തുമ്പോൾ രാത്രിയായി. കാട്ടിലൂടെയാണ് യാത്ര. നരിയും മറ്റുമുള്ള കാടാണ്. ഒരുതരത്തിൽ നേരം വെളുപ്പിച്ചു. അന്ന് നടന്നു ചെന്നത് ചെറിയ

മ്മയുടെ (കാവുമ്പായി സമര പോരാളി) വീട്ടിലാണ്. പോലീസ് അതിക്രമങ്ങളെക്കുറിച്ചന്വേഷിക്കാൻ മദിരാശി ഗവൺമെന്റ് നിയോഗിച്ച പത്രപ്രതിനിധി സംഘത്തോടൊപ്പം ടീച്ചർ ഈ സ്ഥലങ്ങളെല്ലാം സന്ദർശിച്ചിരുന്നു. പ്രമുഖ പത്രപ്രവർത്തകരായ പാമ്പൻ മാധവൻ, തെരുവത്ത് രാമൻ തുടങ്ങിയവർ ആ സംഘത്തിൽ ഉണ്ടായിരുന്നു.

സ്വാതന്ത്ര്യലബ്ധിക്ക ശേഷവും കമ്മ്യൂണിസ്റ്റുകാരി എന്ന നിലയിൽ നിരവധി മർദ്ദനങ്ങൾ യശോദ ടീച്ചർക്ക് ഏറ്റുവാങ്ങേണ്ടി വന്നു. 1948 ലെ കമ്മ്യൂണിസ്റ്റ് വേട്ടയുടെ കാലത്ത് അവർ ഒളിവിൽ കഴിഞ്ഞ വീട് എസ് ഐ രയരപ്പൻ നായരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം വളഞ്ഞു. ടീച്ചറുടെ മുടിയിൽ പിടിച്ച് നിലത്തുവീഴ്ത്തി വലിച്ചു. തല ചുമരിൽ ഇടിച്ച് ഇവളാണല്ലേ നമ്മുടെ സ്വ.ലേ.(സ്വന്തം ലേഖിക) എന്നു പറഞ്ഞായിരുന്നു മർദ്ദനം. തുടർന്ന് മൂന്നു വർഷത്തോളം വീണ്ടും ഒളിവു ജീവിതം. അതുവരെ ദേശാഭിമാനി ലേഖികയായിരുന്നു യശോദ ടീച്ചർ. വടക്കേ മലബാറിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിന് നേതൃത്വം നൽകിയ കാന്തലോട്ട് കുഞ്ഞമ്പു ആയിരുന്നു ടീച്ചറുടെ ജീവിത പങ്കാളി. കുഞ്ഞമ്പു 1977ലെ കേരള നിയമസഭയിൽ അംഗമായിരുന്നു. കുറച്ചുകാലം വനംമന്ത്രിയും ആയിരുന്നു. ഈ ദമ്പതികൾക്ക് മക്കളില്ല.

2004 ജൂലൈ 28 ആയിരുന്നു ടീച്ചറുടെ അന്ത്യം. 1997 ദേശാഭിമാനി കണ്ണൂർ യൂണിറ്റിൽ സബ് എഡിറ്ററായി പ്രവർത്തിക്കവേ സ്വാതന്ത്ര്യസമരത്തിന്റെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട പ്രത്യേക ഫീച്ചർ തയ്യാറാക്കുന്നതിന്റെ ഭാഗമായാണ് യശോദ ടീച്ചറെ ഇന്റർവ്യൂ ചെയ്യാനുള്ള അവസരം എനിക്ക് ലഭിച്ചത്. വെല്ലുവിളികൾ നിറഞ്ഞ ഒരുകാലത്ത് ധീരമായി പത്രപ്രവർത്തനം രംഗത്തേക്ക് കടന്നുവന്ന ആ ധീര വനിതയുടെ അനുഭവം എക്കാലത്തുമുള്ള മാധ്യമപ്രവർത്തകർക്ക് ആവേശം പകരുന്നതാണ്.


## ഹലീമ ബീവി - ആദ്യത്തെ പത്രാധിപ

ഇരുപതാമത്തെ വയസ്സിൽ പത്രാധിപയാവുക, അതും ഒരു മുസ്ലിം പെൺകുട്ടി 1930 കളിൽ സ്വന്തം ജീവിതം കൊണ്ട് കേരളീയ സമൂഹത്തെ ഞെട്ടിച്ച വനിതയാണ് ഹലീമ ബീവി. സ്വന്തം സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെയായിരുന്നു അവരുടെ പോരാട്ടം. വിദ്യാഭ്യാസത്തിലൂടെ സമുദായത്തെ ഉന്നതിയിൽ എത്തിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അതിനുള്ള മാധ്യമം ആയിട്ടാണ് അവർ പത്രപ്രവർത്തനത്തെ കണ്ടത്.



ഹലീമ ബീവി

1918 ൽ മൈതീൻ ബീവി -പീർ മുഹമ്മദ് ദമ്പതികളുടെ മകളായി അടൂരിലാണ് അവർ ജനിച്ചത്. ഏഴാം ക്ലാസ് വരെ മാത്രമേ അവർക്ക് ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളൂ. എന്നാൽ അത് ഒരിക്കലും അവർക്ക് പരിമിതിയായി മാറിയിട്ടില്ല. മികച്ച പ്രാസംഗികയും ലേഖികയുമായി അവർ വളർന്നു. 1938 ലാണ് തിരുവല്ലയിൽ നിന്നും മുസ്ലിം വനിത എന്ന പേരിൽ മാസിക തുടങ്ങുന്നത്. അതിന്റെ പത്രാധിപയായിട്ടാണ് അവർ പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നത്. പതിനാറാമത്തെ വയസ്സിൽ അവർ കെ എം മുഹമ്മദ് മൗലവിയെ വിവാഹം കഴിച്ചു. എഴുത്തുകാരനും പണ്ഡിതനും ആയിരുന്ന ഭർത്താവിന്റെ പിന്തുണ ഹലീമ ബീവിക്ക് സഹായകമായി. കൊടുങ്ങല്ലൂരിലേക്ക് പിന്നീട് പ്രസിദ്ധീകരണം മാറ്റിയെങ്കിലും യാഥാസ്ഥിതികരുടെ എതിർപ്പും സാമ്പത്തിക പ്രതിസന്ധിയും കാരണം മാസിക നിർത്തിവയ്ക്കേണ്ടതായി വന്നു. പിന്നീട് 1944 ഭാരതചന്ദ്രിക എന്ന പേരിൽ ഒരു പ്രസിദ്ധീകരണം അവർ ആരംഭിച്ചു. വൈക്കം മുഹമ്മദ് ബഷീർ, ബാലാമണിയമ്മ, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, ജി ശങ്കരക്കുറുപ്പ് , പി. കുഞ്ഞിരാമൻ നായർ തുടങ്ങി അക്കാലത്തെ പ്രമുഖരെല്ലാം ഭാരതചന്ദ്രികയിൽ എഴുതിയിട്ടുണ്ട് 1946ൽ മാസികയെ ദിനപത്രം ആക്കി മാറ്റാൻ തീരുമാനിച്ചെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പത്രം അടച്ചു പൂട്ടേണ്ടി വന്നു. 1970 ലാണ് ആധുനിക വനിത എന്ന പ്രസിദ്ധീകരണം ആരംഭിച്ചതെങ്കിലും ഒമ്പതുലക്കം മാത്രമേ പ്രസിദ്ധീകരിക്കാൻ ആയുള്ളൂ.




മുസ്ലിം സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ്

> 1938 ലാണ് തിരുവല്ലയിൽ നിന്നും മുസ്ലിം വനിത എന്ന പേരിൽ മാസിക തുടങ്ങുന്നത്. അതിന്റെ പത്രാധിപയായിട്ടാണ് അവർ പത്രപ്രവർത്തനരംഗത്തേക്ക് കടന്നുവന്നത്.

അവർ നിരന്തരം എഴുതിയത്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കുന്നതിന് ഉത്തരവാദികൾ മതവിധികളെ ദുർവ്യാഖ്യാനം ചെയ്യുന്നവരാണ് എന്നതായിരുന്നു അവരുടെ നിലപാട്. സ്ത്രീകളെ സമുദ്ധരിക്കാതെ സമുദായവും സമൂഹവും രാജ്യവും പുരോഗമിക്കുകയില്ല എന്ന് അവർ അടിയുറച്ചു വിശ്വസിച്ചു.

അടിയുറച്ച കോൺഗ്രസ് പ്രവർത്തകയായിരുന്നു ഹലീമാബീവി. സ്വതന്ത്ര്യ സമരത്തിൽ പങ്കെടുത്ത അറസ്റ്റ് വരിച്ച അവർ ഡിസിസി അംഗമായിരുന്നു. തിരുവല്ല മുസ്ലിം വനിത സമാജം, തിരുവല്ല താലൂക്ക് മുസ്ലിം ലീഗ് യൂണിയൻ സെക്രട്ടറി, പെരുമ്പാവൂർ മഹിള മണ്ഡലം ഭാരവാഹി എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചു. കേരളത്തിലെ മുസ്ലിം സ്ത്രീകളിൽ ആദ്യമായി നഗരസഭാംഗമായ വ്യക്തി കൂടിയാണ് ഹലീമ ബീവി. തിരുവല്ല നഗരസഭ കൗൺസിലിലേക്ക് നാമനിർദേശം ചെയ്യപ്പെട്ട അവർ അഞ്ചുവർഷം ആ പദവിയിൽ തുടർന്നു. സർ സിപിയുടെ ഭരണത്തിനെതിരെ പ്രവർത്തിച്ചത് കാരണം അവരുടെ ഭർത്താവിന് ജോലി നഷ്ടമായി. പക്ഷേ ആ പ്രതിസന്ധിയിലും രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിക്കാനും പ്രലോഭനങ്ങൾക്ക് കീഴ്പ്പെടാനും ഇരുവരും തയ്യാറായില്ല. 1992ൽ ഭർത്താവിന്റെ മരണത്തോടെ അവർ പൊതുരംഗത്ത് നിന്ന് വിടവാങ്ങി. മകളോടൊപ്പം പിന്നീട് പെരുമ്പാവൂരിലാണ് അവർ താമസിച്ചത്. 2000 ജനുവരി 14ന് നിര്യാതയായി. ■

2024 ഡിസംബർ ഒൻപതിന് തിരുവനന്തപുരത്ത് സംസ്ഥാനതല ഉദ്ഘാടനം നടന്ന കരുതലും കൈത്താങ്ങും താലൂക്ക് തല പരാതിപരിഹാര അദാലത്ത് 2025 ജനുവരി 13ന് സമാപിച്ചു. ജനങ്ങളുടെ ജീവൽപ്രശ്നങ്ങളിൽ സംതൃപ്തിയേകുന്ന പരിഹാരങ്ങളുമായാണ് ഓരോ അദാലത്തും സമാപിച്ചത്

# കരുതലാണ്, കൈത്താങ്ങാണ് സർക്കാർ

ചുവപ്പുനാടയിൽ കുടുങ്ങി പരിഹാരമില്ലാതെ കിടന്ന പ്രശ്നങ്ങൾ, കാലമെത്രയായെന്നുപോലും ഓർമ്മയില്ലാത്ത പഴകിയ പരാതികൾ, ഒരു നാട് മുഴുവൻ പേറിയ വേവലാതികൾ, പെട്ടെന്നുണ്ടായ അപകടങ്ങളിലും ദുരന്തങ്ങളിലും പകച്ചുപോയവരുടെ വേവുകൾ... ഈ ആശങ്കകൾക്ക് കാതോർക്കാൻ സർക്കാർ ഓരോ മനുഷ്യരിലേക്കും ഇറങ്ങി വന്നു. അവർ ഒറ്റയ്ക്കും കൈകോർത്തും പരാതികളുമായെത്തി. സർക്കാർ അവരെ കേട്ടു. പരിഹരിക്കാവുന്നവയ്ക്ക് അവിടെ വെച്ചുതന്നെ ഉടനടി പരിഹാരമുണ്ടാക്കി. അല്ലാത്തവയ്ക്ക് കൂട്ടായി പരിഹാരം തേടി. പരാതിക്കാർക്കുകൂടി സ്വീകാര്യമായ നിർദേശങ്ങളുണ്ടായി. അതിനുള്ള നടപടികൾക്ക് ഉത്തരവിട്ടു. സർക്കാർ അവർക്ക് കരുതലായിനിന്നു. അവരുടെ പ്രശ്നങ്ങളിൽ കൈത്താങ്ങായി.

രണ്ടാമതും കരുതലും കൈത്താങ്ങും എന്ന പേരിൽ മന്ത്രിമാർ പങ്കെടുക്കുന്ന അദാലത്ത് താലൂക്കുകളിൽ നടത്തുമ്പോൾ പരാതികളുടെ എണ്ണം കുത്തനെ കുറയുകയാണ്. ദീർഘകാലമായി കെട്ടിക്കിടക്കുന്ന പരാതികൾ ഓരോ താലൂക്കിലും വിരലിലെണ്ണാവുന്നത്ര മാത്രം. ആദ്യ കരുതലും കൈത്താങ്ങും അദാലത്ത്, വിവിധ വകുപ്പുകൾ പ്രത്യേകമായി നടത്തിയ മന്ത്രിതല അദാലത്തുകൾ, നവകേരള സദസ്സ് എന്നിവയിൽ തന്നെ ഒട്ടുമിക്ക പരാതികളും പരിഹരിക്കപ്പെട്ടു. എന്നാൽ ഈ അദാലത്തുകൾ അവസാനിക്കുന്നില്ല. പരാതികളില്ലാത്ത കേരളം എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് നാം തുഴഞ്ഞുകയറുകയാണ്. അതിനായി ഇത്തരം അദാലത്തുകളും കൂട്ടായ്മകളും തുടരാനാണ് സർക്കാർ തീരുമാനം.

തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, കോട്ടയം, കണ്ണൂർ ജില്ലകളിൽ ഒന്നാം ഘട്ട അദാലത്ത് നടന്നു. രണ്ടാം ഘട്ടത്തിൽ ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കൊല്ലം ജില്ലകളിലും മൂന്നാം ഘട്ടത്തിൽ വയനാട്, കാസർഗോഡ്, ആലപ്പുഴ ജില്ലകളിലും നടന്നു. ഓരോ താലൂക്കിലും രണ്ട് മന്ത്രിമാർ വീതം പരാതികൾ കേട്ടു. തിരുവനന്തപുരത്ത് മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ. അനിൽ എന്നിവർ ഉദ്ഘാടന അദാലത്തിൽ തുടക്കമിട്ടു. പത്തനംതിട്ടയിൽ വീണാ ജോർജ്, പി.രാജീവ് എന്നിവരും കോഴിക്കോട് പി.എ.മുഹമ്മദ് റിയാസ്, എ.കെ.ശശീന്ദ്രൻ എന്നിവരും പങ്കെടുത്തു. കോട്ടയത്ത് വി.എൻ.വാസവൻ, റോഷി അഗസ്റ്റിൻ എന്നിവരും കണ്ണൂരിൽ കടന്നപ്പള്ളി രാമചന്ദ്രൻ, പി.പ്രസാദ് എന്നിവരും പരാതികൾ കേട്ടു.

ഇടുക്കിയിൽ മന്ത്രിമാരായ വി.എൻ.വാസവൻ, റോഷി അഗസ്റ്റിൻ എന്നിവരും എറണാകുളത്ത് പി.രാജീവ്, പി.പ്രസാദ് എന്നിവരും അദാലത്തിൽ പങ്കെടുത്തു. തൃശ്ശൂരിൽ കെ.രാജൻ, ആർ.ബിന്ദു, പാലക്കാട് എം.ബി.രാജേഷ്, കെ.കൃഷ്ണൻകുട്ടി, മലപ്പുറത്ത് പി.എ.മുഹമ്മദ് റിയാസ്, വി.അബ്ദുറഹ്മാൻ, കൊല്ലത്ത് കെ.എൻ.ബാലഗോപാൽ, ജെ.ചിഞ്ചുറാണി, കെ.ബി.ഗണേഷ്കുമാർ എന്നിവരും പങ്കെടുത്തു. മൂന്നാം ഘട്ടം നടന്ന വയനാട്ടിൽ ഒ.ആർ.കേളു, എ.കെ.ശശീന്ദ്രൻ, കാസർഗോഡ് രാമചന്ദ്രൻ കടന്നപ്പള്ളി, വി.അബ്ദുറഹ്മാൻ, ആലപ്പുഴയിൽ സജി ചെറിയാൻ, പി.പ്രസാദ് എന്നിവരും പങ്കെടുത്തു.



**കോഴിക്കോട്**

## 80 മുൻഗണനാ റേഷൻ കാർഡുകൾ

പല വാതിലുകളിൽ മുട്ടിയിട്ടും പരിഹാരമാവാത്ത പരാതികളും പരിഭവങ്ങളുമായാണ് അവർ അദാലത്തുകളിലെത്തിയത്. ചെറിയ വഴിത്തർക്കങ്ങൾ മുതൽ ജീവിതത്തിന്റെ തന്നെ വഴിമുടക്കി നിൽക്കുന്ന പ്രശ്നങ്ങൾ വരെ അവയിലുണ്ടായിരുന്നു. ജില്ലയിൽ നടന്ന നാല് താലൂക്ക്തല അദാലത്തുകളിൽ മന്ത്രിമാരായ മുഹമ്മദ് റിയാസും എ കെ ശശീന്ദ്രനും ഓരോരുത്തരെയും വിളിച്ചിരുത്തി അവരുടെ പരാതികൾ കേട്ടു. പല പ്രശ്നങ്ങൾക്കും വേദിയിൽ വച്ചു തന്നെ പരിഹാരമായി. കൂടുതൽ നടപടികൾ ആവശ്യമുള്ളവയിൽ ഒന്നോ രണ്ടോ ആഴ്ചകൾക്കകം പരിഹാരം കാണാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നേരിട്ട് നിർദ്ദേശങ്ങൾ നൽകി. കനംതൂങ്ങിയ മനസ്സുമായി വന്നവർ അദാലത്ത് വേദിവിട്ടപ്പോൾ അവരുടെ മുഖങ്ങളിൽ ആശ്വാസവും പ്രതീക്ഷയും തെളിഞ്ഞുനിന്നിരുന്നു. ഒരിക്കലും പരിഹരിക്കപ്പെടില്ലെന്നു കരുതിയ പ്രശ്നക്കുരുക്കുകൾ മാന്ത്രികവിരലുകളിലെന്ന പോലെ അഴിഞ്ഞില്ലാതാകുന്ന വിസ്മയത്തിന് സാക്ഷ്യം വഹിച്ചതിന്റെ കൗതുകം അവരുടെ കണ്ണുകളിൽ കാണാമായിരുന്നു.

ജില്ലയിലെ നാലു താലൂക്കുകളിൽ നടന്ന കരുതലും കൈത്താങ്ങും അദാലത്തുകളിൽ വിതരണം ചെയ്തത് 80 മുൻഗണനാ റേഷൻ കാർഡുകൾ. അദാലത്തുകളിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച ഇത്രയും കാർഡുകൾ മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ എന്നിവർ വിതരണം ചെയ്തു. കോഴിക്കോട് താലൂക്കിൽ 29 എഎവൈ, ഏഴ് പിഎച്ച്എച്ച് കാർഡുകൾ ഉൾപ്പെടെ 36 മുൻഗണനാ കാർഡുകളാണ് വിതരണം ചെയ്തത്. കൊയിലാണ്ടി താലൂക്കിൽ 17 എഎവൈ, മൂന്ന് പിഎച്ച്എച്ച്. താമരശ്ശേരി താലൂക്കിൽ ഏഴ് എഎവൈ, അഞ്ച് പിഎച്ച്എച്ച്, വടകര താലൂക്കിൽ രണ്ട് കാർഡുകളും ആറു വീതവും എന്നിങ്ങനെ ആകെ 59 എഎവൈ കാർഡുകളും 21 പിഎച്ച്എച്ച് കാർഡുകളും അർഹരമായ അപേക്ഷകർക്ക് ലഭ്യമാക്കിയതായി ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. ഏറെ സന്തോഷത്തോടെയും ആശ്വാസത്തോടെയുമാണ് മുൻഗണനാ കാർഡുകൾ ലഭിച്ചവർ അദാലത്തിൽ നിന്നും തിരികെ പോയത്. അപേക്ഷ നൽകി ദിവസങ്ങൾക്കകം തന്നെ മുൻഗണനാ കാർഡുകളിലേക്ക് മാറാനായതിന്റെ സന്തോഷം അവർ മറച്ചുവച്ചില്ല.



മുൻഗണനാ റേഷൻ കാർഡുകൾ മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, എ കെ ശശീന്ദ്രൻ എന്നിവരിൽനിന്ന് സ്വീകരിക്കുന്ന അപേക്ഷകർ

**പത്തനംതിട്ട**

## ഉറക്കം കെടുത്തിയ മരങ്ങൾ

വീടിന് മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന മഹാഗണിയും പനയും. ഏതു നിമിഷവും ജീവഹാനി ഭയന്ന നാളുകൾ. മരങ്ങളായിരുന്നു പത്തനംതിട്ട നഗരസഭ നന്നുവക്കാട് മുരുവരത്തിൽ വീട്ടിൽ എം കെ രമണിയുടെ ഉറക്കംകെടുത്തിയിരുന്നത്. ഭർത്താവ് മരിച്ചതോടെ വർഷങ്ങളായി ഒറ്റയ്ക്കാണ് രമണി. അയൽവാസിയോടു പറഞ്ഞിട്ടു കാര്യമുണ്ടായില്ല. മുട്ടിയ വാതിലുകളൊന്നും തുറന്നില്ല. അങ്ങനെയാണ് കോഴഞ്ചേരി താലൂക്ക് അദാല

> കോഴിക്കോട് താലൂക്കിൽ 29 എഎവൈ, ഏഴ് പിഎച്ച്എച്ച് കാർഡുകൾ ഉൾപ്പെടെ 36 മുൻഗണനാ കാർഡുകളാണ് വിതരണം ചെയ്തത്




തിരുവനന്തപുരം അദാലത്തിൽ മുഖ്യമന്ത്രിയിൽ നിന്ന് ആശ്രിത സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങിയ ജയകുമാർ



പത്തനംതിട്ട അദാലത്തിലെത്തി പരാതിക്ക് പരിഹാരമായതിന്റെ സന്തോഷം മന്ത്രി വീണാജോർജുമായി പങ്കിടുന്ന ലീലാമണി

**തമ്പാനൂർ സ്വദേശി ജയകുമാർ തന്റെ ജീവിതം ഭദ്രമായ ആശ്വാസത്തിലാണ് ഗവ. വിമെൻസ് കോളേജിൽ നടന്ന താലൂക്ക് അദാലത്തിൽ നിന്നും മടങ്ങിയത്**

ത്തിലെത്തിയത്. ആവലാതി കേട്ടറിഞ്ഞതോടെ തത്സമയം പരിഹാരം നിർദേശിക്കുകയായിരുന്നു മന്ത്രിമാർ. നഗരസഭ സെക്രട്ടറിയുടെ ചുമതലയിൽ രണ്ടാഴ്ച്ചയ്ക്കുള്ളിൽ മരങ്ങൾ വെട്ടിമാറ്റി തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകാനാണ് ഉത്തരവ്. മന്ത്രിമാരായ പി. രാജീവ്, വീണാ ജോർജ് എന്നിവരുടെ നേതൃത്വത്തിലാണ് പത്തനംതിട്ടയിലെ അദാലത്തുകൾ നടന്നത്. മുൻഗണനാ കാർഡ് മുതൽ വഴിത്തർക്കവും ചികിത്സാസഹായവും ഭൂമിസംബന്ധമായ നിയമക്കുരുക്കുകളും ഉൾപ്പെടെ വിവിധ പരാതികൾ മന്ത്രിമാർക്കു മുന്നിലെത്തി. മിക്കവയിലും ഉടൻ നടപടിക്ക് നിർദേശം നൽകാനുമായി.

**തിരുവനന്തപുരം**

## കുടുംബഭൂമിക്ക് 20 വർഷത്തിന് ശേഷം പട്ടയം

20 വർഷത്തിന് ശേഷം കുടുംബ ഭൂമിക്ക് പട്ടയം ലഭിച്ച ഈ ദിവസം അമ്പൂരി പാമ്പരംകാവ് സ്വദേശി സതീഷ് കുമാറിന് അവിസ്മരണീയമാണ്. ലിവർ സിറോസിസ് രോഗത്തെ തുടർന്ന് ബുദ്ധിമുട്ടിലായ ഭാര്യ ഷാനയ്ക്കും മകൾ ഗ്രീഷ്മയ്ക്കും ഒപ്പമാണ് കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ അദാലത്തിന് എത്തിയത്. ഹോട്ടൽ തൊഴിലാളിയായ സതീഷ് കുമാറിന് കുടുംബസ്വത്തായി ലഭിച്ച 73 സെന്റ് വസ്തുവിൽ ഉൾപ്പെടുന്ന അഞ്ച് സെന്റ് ഭൂമിക്ക് പട്ടയം ലഭിച്ചിരുന്നില്ല. ഈ ഭൂമിക്ക് ചുറ്റുമായി കിടക്കുന്ന 68 സെന്റിന് പട്ടയം ഉണ്ടായിരുന്നപ്പോൾ, സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് പട്ടയം ലഭിക്കുന്നതിനായി 20 വർഷമാണ് സതീഷ് കാത്തിരുന്നത്.

കരുതലും കൈത്താങ്ങും അദാലത്തിലെത്തിയ അപേക്ഷയിന്മേൽ സതീഷ് കുമാറിന് അനുകൂല തീരുമാനം അതിവേഗം ലഭിച്ചു. മന്ത്രിമാരായ വി. ശിവൻകുട്ടിയും ജി. ആർ അനിലും ഉൾപ്പെടുന്ന വേദിയിൽ വെച്ച് സി. കെ ഹരീന്ദ്രൻ എം.എൽ.എ പട്ടയം കൈമാറി. സതീഷ്കുമാറിന്റെ ഏക വരുമാനമാണ് കുടുംബത്തെ താങ്ങി നിർത്തുന്നത്. കഴിഞ്ഞ മൂന്നര വർഷമായി ലിവർ സിറോസിസിനെ തുടർന്ന് ആരോഗ്യ പ്രശ്നങ്ങൾ അലട്ടുന്ന ഭാര്യ ഷാനയ്ക്ക് കാഴ്ച ശക്തി കുറവാണ്. എഞ്ചിനീയറിങ് ബിരുദധാരിയാണ് മകൾ ഗ്രീഷ്മ. ജില്ലയിൽ ഓൺലൈൻ മുഖേന ആകെ 4,589 അപേക്ഷകൾ ലഭിച്ചതിൽ 3,010 അപേക്ഷകൾ അദാലത്തിൽ പരിഗണിച്ചു നടപടികൾ പൂർത്തീകരിച്ചു.

## ജയകുമാറിന് ആശ്രിത സർട്ടിഫിക്കറ്റ് കൈമാറി മുഖ്യമന്ത്രി

തമ്പാനൂർ സ്വദേശി ജയകുമാർ തന്റെ ജീവിതം ഭദ്രമായ ആശ്വാസത്തിലാണ് ഗവ. വിമെൻസ് കോളേജിൽ നടന്ന താലൂക്ക് അദാലത്തിൽ നിന്നും മടങ്ങിയത്. വിദ്യാഭ്യാസവകുപ്പിൽ ഡി പി ഐ ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി നോക്കവേ മരണപ്പെട്ടുപോയ ബേബിയുടെ മകനാണ് ജയകുമാർ. കൂലിപ്പണിക്കാരനായ ജയകുമാറിന് സാങ്കേതിക പ്രശ്നങ്ങളെ തുടർന്ന് ആശ്രിത സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നില്ല.

കരുതലും കൈത്താങ്ങും തിരുവനന്തപുരം താലൂക്കുതല അദാലത്തിൽ അപേക്ഷ നൽകിയ ജയകുമാറിന്റെ മുന്നോട്ടുള്ള ജീവിതത്തിന് സർക്കാർ കരുതലാവുകയായിരുന്നു. ആശ്രിതനിയമനത്തിനായുള്ള ആശ്രിത സർട്ടിഫിക്കറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ നേരിട്ടുതന്നെ ജയകുമാറിന് കൈമാറി. നിറകണ്ണുകളോടെയാണ് ജയകുമാർ മുഖ്യമന്ത്രിയിൽ നിന്നും സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി വേദി വിട്ടത്.

**ആലപ്പുഴ**

## റോഡ് വരും, ആറ് മാസത്തിനകം

ഒരു മരണമുണ്ടായാൽ, ഒരാൾക്ക് പെട്ടെന്ന് അസുഖം വന്നാൽ ഒന്നേകാൽ മീറ്റർ വീതി മാത്രമുള്ള വഴിയിലൂടെ കസേരയിൽ ഇരുത്തി ചുമന്നുകൊണ്ടു പോകണം. രോഗികളും വൃദ്ധരുമൊക്കെ റോഡില്ലാതെ കഷ്ടപ്പെടുകയാണ്. ചേർത്തല താലൂക്ക് അദാലത്തിനെത്തിയ 87 ശതമാനം ഭിന്നശേഷിയുള്ള സനൽകുമാർ വീൽചെയറിലിരുന്ന് തങ്ങളുടെ നഗറിലുള്ള ദൈനംദിന ദുരിതം വിവരിച്ചു. എഴുപുന്ന - കോടംതുരുത്ത് പഞ്ചായത്തുകളുടെ അതിർത്തിയിൽ താമസിക്കുന്ന പ്രദേശവാസികളും ഹരിജൻ നഗറിലുള്ളവരും റോഡില്ലാത്തതിന്റെ ദുരിതചിത്രം വിവരിക്കാൻ അദാലത്തിനെത്തിയിരുന്നു. ഭവനവായ്പ ലഭിക്കാത്തതിനാൽ വീട് നിർമ്മാണമടക്കം പ്രദേശത്ത് തടസ്സപ്പെട്ടിരിക്കുകയാണെന്നും സഞ്ചാരയോഗ്യമായ മൂന്നു മീറ്റർ വീതിയിലുള്ള റോഡ് ഉണ്ടെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാവുമെന്നും ജോൺസൺ പറഞ്ഞു.

കോടംതുരുത്ത് പഞ്ചായത്ത് രണ്ടാം വാർഡിലെ ഹരിജൻ നഗർ നിവാസികൾക്കും പ്രദേശവാസികൾക്കും ആശ്വാസമായി ആറുമാസത്തിനുള്ളിൽ എഴുപുന്ന എഫ്സി കോൺവെന്റ് ചുള്ളിത്തറ കടവ് റോഡ് പൂർത്തിയാക്കാൻ എഴുപുന്ന പഞ്ചായത്ത് സെക്രട്ടറിക്ക് മന്ത്രിമാർ സജി ചെറിയാനും
പി പ്രസാദും നിർദേശം നൽകി. റോഡ് നിർമ്മാണത്തിനുള്ള ടെൻഡർ നടപടികളും കരാറും പൂർത്തിയായിട്ടും ഒരു വ്യക്തി പഞ്ചായത്തിൽ നൽകിയ പരാതിയെ തുടർന്നു നിർമ്മാണം തുടങ്ങാനാവാത്ത

അവസ്ഥയിലായിരുന്നു. ഈ സാഹചര്യത്തിലാണ് പ്രദേശ വാസികളും നഗരവാസികളും ഒരുമിച്ച് പരാതിയുമായി അദാലത്തിലെത്തിയത്.

**കൊല്ലം**

## ആശ്വാസം ഏഴ് കുടുംബങ്ങൾക്ക്

120 വർഷമായി കൊല്ലം ഈസ്റ്റ് വില്ലേജിൽ റവന്യൂ പുറമ്പോക്കിൽ മുനീശ്വരം സ്വാമി ക്ഷേത്രത്തിന്റെ പുറകുവശം താമസിക്കുന്ന ഏഴ് കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കണമെന്ന ആവശ്യമായാണ് രാജു വർഗീസ് അദാലത്തിനെത്തിയത്. അംഗപരിമിതനായ രാജു വർഗീസും മറ്റു കുടുംബങ്ങളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും ദാരിദ്ര്യരേഖയിൽ താഴെ ഉള്ളവരുമാണ്. കൊല്ലം കോർപ്പറേഷന്റെ അതിർത്തിക്കുള്ളിൽ എസ് വളവിൽ 16 അടി താഴ്ചയിൽ ആണ് ഇവർ താമസിക്കുന്നത്. 50 വർഷം വസ്തു കരവും അടച്ചിട്ടുണ്ട്. എന്നാൽ കൈവശരേഖ കൊണ്ട് മാത്രം മുതൽ പേരോ വീട്ടുപേരോ മാറ്റാൻ പറ്റാത്ത അവസ്ഥയാണ്. മറ്റു പല ആവശ്യങ്ങൾക്കും പട്ടയം അനിവാര്യമാണ്. സമീപത്തുള്ള മറ്റ് കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചതായി ഇവർ പറയുന്നു. അപേക്ഷ പരിഗണിച്ച മന്ത്രി കെ എൻ ബാലഗോപാൽ പരാതി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകി.

**പാലക്കാട്**

## എട്ടുവയസുകാരിക്കും മുത്തശ്ശിക്കും തണലൊരുക്കും

മുത്തശ്ശിയുടെ കൂടെ ചിറ്റൂർ കരുതലും കൈത്താങ്ങും വേദിയിൽ പരാതിയുമായി വന്നവരുടെ ഇടയിൽ വിഷാദ ഭാവത്തോടെ ഇരിക്കുന്ന പെൺകുട്ടി മന്ത്രി കെ.കൃഷ്ണൻ കുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടു. മന്ത്രി അടുത്തെത്തിയതോടെ മുത്തശ്ശി പോത്തുണ്ടി അകപ്പാടം തങ്ക പൊട്ടിക്കരഞ്ഞു. പെൺകുട്ടിയുടെ അമ്മ (52) ബേബി വർഷങ്ങളായി തിരുവനന്തപുരം ആർസിസിയിൽ കാൻസർ ചികിത്സയിലായിരുന്നു. ഭാര്യയുടെ രോഗവിവരം അറിഞ്ഞത് മുതൽ കടുത്ത മാനസിക സമ്മർദ്ദത്തിലായ ഭർത്താവ് അയ്യപ്പൻ (62) പ്രമേഹരോഗം മൂർച്ഛിച്ച് മരിച്ചു. രണ്ട് മാസം മുമ്പ് ബേബിയും മരിച്ചതോടെ പെൺകുട്ടിയും മുത്തശ്ശിയും മാത്രമായി.

സ്വന്തമായി വീടുണ്ടെങ്കിലും വരുമാനമാർഗമില്ലാത്ത ഇവർക്ക് ബന്ധുക്കളുടെ കരുണ മാത്രമാണ് ആശ്രയം. അദാലത്തിൽ മുൻകൂറായി റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിനായി നൽകിയതുമായി ബന്ധപ്പെട്ടാണ് ഇവർ അദാലത്തിൽ എത്തിയത്. റേഷൻ കാർഡ് കിട്ടിയെങ്കിലും കുട്ടിയുടെ ഭാവിയെക്കുറിച്ച് ആശങ്കയുണ്ടെന്ന് തങ്ക മന്ത്രിയോട് പറഞ്ഞു. ഫോസ്റ്റർ കെയർ പോലുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി മുത്തശ്ശിയോടൊപ്പം കുട്ടിയുടെ പഠനവും സംരക്ഷണവും ഉറപ്പുവരുത്താൻ വനിതാ ശിശുവികസന ഓഫീസറെ മന്ത്രി ചുമതലപ്പെടുത്തി. ചാത്തമംഗലം ജിയുപിഎസ് സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർഥിനിയാണ് പെൺകുട്ടി.

**മലപ്പുറം**

## വൈഗക്ക് മരുന്ന് മുടങ്ങില്ല

ന്യൂറോ സംബന്ധമായ അസുഖങ്ങൾക്കും ഹോർമോൺ പ്രശ്നങ്ങൾക്കും മരുന്ന് കഴിക്കുന്ന 14 കാരിയായ വൈഗക്ക് മാസങ്ങളായി മരുന്ന് മുടങ്ങിയിരുന്നു. മാത്രമല്ല, വീട് വാഹന സൗകര്യം ഇല്ലാത്ത സ്ഥലത്തായതിനാൽ ഇടയ്ക്കിടെ ആശുപത്രിയിൽ പോകാൻ ഏറെ ബുദ്ധിമുട്ടിയിരുന്നു. ഊർങ്ങാട്ടിരി സ്വദേശിയും ഭിന്നശേഷിക്കാരിയുമായ വൈഗക്ക് മുടങ്ങിക്കിടന്ന മരുന്നുകൾ ആരോഗ്യവകുപ്പിന്റെ പരിരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി പൂവത്തിക്കൽ കുടുംബാരോഗ്യ കേന്ദ്രം വഴി നൽകാൻ മന്ത്രി വി. അബ്ദുറഹ്മാനും പി.എ.മുഹമ്മദ് റിയാസും നിർദേശിച്ചു. മുച്ചക്ര


ആലപ്പുഴ അദാലത്തിൽ മന്ത്രി സജി ചെറിയാൻ പരാതി കേൾക്കുന്നു


കൊല്ലം അദാലത്തിൽ മന്ത്രി കെ.എൻ.ബാലഗോപാൽ പരാതി കേൾക്കുന്നു


കൊല്ലത്ത് മന്ത്രിമാർ ജെ.ചിഞ്ചുറാണി, കെ.ബി ഗണേഷ്കുമാർ എന്നിവർ പരാതി കേൾക്കുന്നു


പാലക്കാട് മന്ത്രി കെ.കൃഷ്ണൻകുട്ടിയോട് പരാതി ബോധിപ്പിക്കുന്ന തങ്ക



പാലക്കാട് മണ്ണാർക്കാട് അദാലത്തിൽ മന്ത്രി എം ബി രാജേഷ് മുമ്പാകെ ശാന്തമ്മ പരാതി ബോധിപ്പിക്കുന്നു



മലപ്പുറം അദാലത്തിൽ മന്ത്രി വി. അബ്ദുറഹ്മാനൊപ്പം ബിന്ദു



കാസർകോട് എൻമകജയിലെ സന്ധ്യാ സരസ്വതി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയോട് പരാതി ബോധിപ്പിക്കുന്നു.



വയനാട് അദാലത്തിൽ മന്ത്രി എ.കെ.ശശീന്ദ്രൻ പരാതി കേൾക്കുന്നു

വാഹനം എന്ന ആവശ്യവും മന്ത്രി പരിഗണിച്ചു. ഇത് മാതാപിതാക്കളായ ദിനിക്കും പ്രേമരാജിനും ആശ്വാസത്തിന്റെ കൈത്താങ്ങായി.

**കാസർഗോഡ്**

## മക്കളെ ചുമന്ന് നടക്കേണ്ട, റോഡ് ഉറപ്പ്

കരഞ്ഞുകലങ്ങിയ കണ്ണുകളോടെ കാസർകോട് താലൂക്ക് തല അദാലത്തിന് എത്തിയ ബന്തടുക്കയിലെ ഗീത പ്രതാപൻ മടങ്ങിയത് നെഞ്ചിലെ നേരിപ്പോടടങ്ങിയ ആശ്വാസത്തോടെയാണ്. ഭിന്നശേഷിക്കാരായ രണ്ട് ആൺമക്കളുള്ള ഗീതയുടെ വീട്ടിലേക്കുള്ള റോഡ് കഴിഞ്ഞ അഞ്ചു വർഷമായി തടസ്സപ്പെട്ട നിലയിലാണ്. ഇത് കാരണം 90 ശതമാനം ഭിന്നശേഷിക്കാരനായ മകനെ ചുമന്നുകൊണ്ടു ആശുപത്രിയിൽ കൊണ്ടുപോകേണ്ട അവസ്ഥ വിവരിക്കവേ അവർ പൊട്ടിക്കരഞ്ഞു. മക്കളെ ആശുപത്രിയിൽ കൊണ്ടുപോകേണ്ടതിനാൽ റോഡില്ലാത്ത സ്വന്തം വീട് അടച്ചിട്ട് ബന്തടുക്ക ടൗണിൽ വാടകയ്ക്ക് കഴിയുകയാണെന്ന് ഗീത പറഞ്ഞു. 40കാരനായ മൂത്ത മകനെ ചുമന്നുകൊണ്ടു പോകുന്ന ചിത്രവും അവർ മന്ത്രിമാരെ കാണിച്ചു.ഗീതയുടെ 38 വയസുള്ള രണ്ടാമത്തെ മകൻ 50 ശതമാനം ഭിന്നശേഷിക്കാരനാണ്.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉള്ള റോഡാണ് തടയപ്പെട്ടത്. റോഡ് എത്രയും പെട്ടെന്ന് പുനഃസ്ഥാപിക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിർദേശവും പാലിക്കപ്പെട്ടില്ല. കമ്മിഷൻ നിർദേശം ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച മന്ത്രി റോഡ് ഉടൻ പുനഃസ്ഥാപിക്കാൻ കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദേശം നൽകി. ആവശ്യമെങ്കിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് പോലീസ് സഹായവും തേടണം.

**വയനാട്**

## കാത്തിരിപ്പ് സഫലം അരുന്ധതിക്ക് പട്ടയം

നാലു പതിറ്റാണ്ടായി സ്വന്തം ഭൂമിക്ക് പട്ടയമില്ലാത്ത അരുന്ധതിയുടെ സങ്കടങ്ങൾക്ക് അറുതിയായി. മാനന്തവാടിയിലെ കരുതലും കൈത്താങ്ങും അദാലത്ത് വേദിയിൽ ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീയിൽ നിന്നും എട്ട് സെന്റ് സ്ഥലത്തിന്റെ പട്ടയം അരുന്ധതി ഏറ്റുവാങ്ങി. അഞ്ചു വർഷം മുമ്പ് ഭർത്താവ് ശെൽവൻ മരിച്ചു. അദ്ദേഹത്തിന്റെ കൂടി സ്വപ്നമായിരുന്ന സ്വന്തം ഭൂമിയുടെ പട്ടയ രേഖ. മാനന്തവാടി താലൂക്കിൽ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. അധികൃതർ സ്ഥലം പരിശോധിച്ച് പട്ടയം നൽകാനുള്ള തീരുമാനമെടുക്കുകയായിരുന്നു. ഇനി വീട് എന്ന ആഗ്രഹം പൂർത്തിയാക്കണം. ജില്ലാ കളക്ടറിൽ നിന്നും പട്ടയം സ്വീകരിച്ച് അരുന്ധതി പറഞ്ഞു.

വനംവകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രനും പട്ടികവർഗ വികസന വകുപ്പ് മന്ത്രി ഒ.ആർ.കേളുവും ആണ് പൊതുജനങ്ങളിൽ നിന്നും പരാതി കേട്ടത്.

**തൃശ്ശൂർ**

## സഹപാഠികളുടെ കരുതൽ, അച്ഛനമ്മമാർ നഷ്ടപ്പെട്ട സഹോദരങ്ങൾക്ക് വീട്

അച്ഛനമ്മമാർ നഷ്ടപ്പെട്ട പഴഞ്ഞി ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ 5,6,7 ക്ലാസുകളിൽ പഠിക്കുന്ന സഹോദരങ്ങൾക്ക് സഹപാഠികളുടെ കരുതലാൽ ഇനി സ്വന്തമായി വീട് ലഭിക്കും. നാലു വർഷം മുമ്പ് അമ്മയേയും കഴിഞ്ഞ മാസം അച്ഛനേയും നഷ്ടപ്പെട്ട സഹോദരങ്ങൾ 75 വയസ്സുകാരിയായ അച്ഛമ്മയുടെ സംരക്ഷണത്തിലാണ് കഴിയുന്നത്. ഇവരുടെ സുഹൃത്തുക്കളും സഹപാഠികളുമായ ഒമ്പതാം ക്ലാസ് വിദ്യാർഥികൾ സി.എസ് അബിഗയിലും വി.എ ഷിഫയും ക്ലാസ് ടീച്ചറോട്



തൃശൂരിലെ അദാലത്തിൽ റിസ്വാൻ മന്ത്രി കെ.രാജനോട് പരാതി ബോധിപ്പിക്കുന്നു



തൃശൂരിലെ അദാലത്തിൽ മന്ത്രി ആർ.ബിന്ദു

തങ്ങളുടെ കൂട്ടുകാർക്ക് വീടും മറ്റു സഹായങ്ങളും നൽകാനുള്ള വഴിതേടുകയായിരുന്നു. തുടർന്ന് പി.ടി.എ പ്രസിഡന്റ്, സ്കൂൾ പ്രിൻസിപ്പൽ എന്നിവരുടെ നിർദേശ പ്രകാരം കുന്നംകുളം താലൂക്കിലെ ബഥനി സ്കൂളിൽ സംഘടിപ്പിച്ച അദാലത്തിൽ റവന്യു മന്ത്രി കെ രാജനെ നേരിൽ കണ്ട് പരാതി സമർപ്പിച്ചു. കൂട്ടുകാരെ സഹായിക്കാൻ മുൻകൈയെടുത്ത കുട്ടികളെ അഭിനന്ദിച്ച മന്ത്രി, മൂന്നു കുട്ടികളുടെയും സംരക്ഷണത്തിനായുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കാൻ ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നിർദേശം നൽകി.

കുട്ടികളുടെ അച്ഛന്റെ പേരിലുള്ള ഭൂമിയിൽ വീടുവച്ചു നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും വീടു നിർമ്മാണത്തിനാവശ്യമായ നടപടികൾക്ക് നേരിട്ടു നേതൃത്വം നൽകാൻ സബ് കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

**കോട്ടയം**

## മന്ത്രി ഇറങ്ങിവന്നു, ശ്രീനിവാസന്റെ സെസ് ഭാരമകന്നു

പാലാ ടൗൺ ഹാളിന്റെ മുകളിലെ നിലയിൽ നടന്ന അദാലത്തിലേക്ക് കയറിച്ചെല്ലാൻ ശ്രീനിവാസന്റെ ആരോഗ്യം അനുവദിച്ചില്ല. മന്ത്രിയെ നേരിട്ടു കാണണമെന്ന അദ്ദേഹത്തിന്റെ ആവശ്യം പഞ്ചായത്ത് പ്രസിഡന്റും മെമ്പറുമാണ് മന്ത്രി വി.എൻ.വാസവനെ അറിയിച്ചത്. മന്ത്രി പടികളിറങ്ങി പരാതിക്കാരന്റെ അരികിലെത്തി, പരാതിക്ക് പരിഹാരവുമായി. തീക്കോയി ഐക്കരമലയിൽ ഐ.എൻ.ശ്രീനിവാസന് ഇതത്രയും പറയുമ്പോൾതന്നെ സന്തോഷത്താൽ കണ്ണുനിറഞ്ഞിരുന്നു.

പക്ഷാഘാതവും ഹൃദ്രോഗവും അലട്ടി, സാമ്പത്തികപരാധീനതകളാൽ വലയുന്ന ശ്രീനിവാസന് വീടിനുള്ള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസായി 12,000 രൂപ അടയ്ക്കാൻ നോട്ടീസ് ലഭിച്ചത് ഇരുട്ടടിയായി. ഇതിൽ ഇളവ് തേടിയാണ് കരുതലും കൈത്താങ്ങും അദാലത്തിനെ സമീപിച്ചത്. രണ്ട് ആൻജിയോപ്ലാസ്റ്റി കഴിഞ്ഞതും പിന്നാലെ പക്ഷാഘാതം വന്നതും തുടർന്നുണ്ടായ സാമ്പത്തിക പരാധീനതകളും മന്ത്രിയെ ധരിപ്പിച്ചു. ശ്രീനിവാസന്റെ വീടിന്റെ കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് നിർണ്ണയിച്ചതിലെ അപാകത പരിശോധിച്ച ശേഷം 12,000 രൂപ പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കാൻ മന്ത്രി ജില്ലാ ലേബർ ഓഫീസർക്ക് (എൻഫോഴ്സ്മെന്റ്) നിർദേശം നൽകി.



കണ്ണൂരിൽ മന്ത്രി ഒ.ആർ.കേളു പരാതി കേൾക്കുന്നു



കോട്ടയം അദാലത്തിൽ ശ്രീനിവാസന്റെ പരാതി കേൾക്കാൻ മന്ത്രി വി.എൻ. വാസവൻ താഴെയെത്തിയപ്പോൾ



എറണാകുളത്തെ അദാലത്തിൽ മന്ത്രി പി.പ്രസാദ്





എറണാകുളം അദാലത്തിൽ 91കാരിയായ ഏലിക്കുട്ടി വർക്കി മന്ത്രി പി.രാജീവിനോട് പരാതി ബോധിപ്പിക്കുന്നു



ഇടുക്കി അദാലത്തിൽ മന്ത്രി റോഷി അഗസ്റ്റിൻ പരാതി കേൾക്കുന്നു

**കണ്ണൂർ**

## ബിന്ദുവിന് ഇനി ഉറങ്ങാം, പുഴയെ ഭയക്കാതെ

കാഞ്ഞിരപ്പുഴയോട് ചേർന്നുള്ള പുരയിടത്തിന്റെ അതിര് ഇടിഞ്ഞുതാഴ്ന്നതിനാൽ വീട് അപകടാവസ്ഥയിലാണെന്ന പേരാവൂർ തോണ്ടിയിൽ സ്വദേശി ബിന്ദുവിന്റെ പരാതിക്ക് കരുതലും കൈത്താങ്ങും ഇരിട്ടി താലൂക്ക് തല അദാലത്തിൽ പരിഹാരമായി. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മതിൽ കെട്ടി നൽകാനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകി. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, പി.പ്രസാദ്, ഒ.ആർ.കേളു എന്നിവർ പങ്കെടുത്ത അദാലത്തിലാണ് തീരുമാനം.

മഴക്കാലത്ത് പുഴയോട് ചേർന്നുള്ള വീടിന്റെ മുറ്റം ഇടിഞ്ഞു പോകുന്നുവെന്നായിരുന്നു ബിന്ദുവിന്റെ പരാതി. മഴവെള്ളപ്പാച്ചിലിലും മണ്ണിടിച്ചിലിലും വീടിന്റെ ചുമരിന് വിള്ളലും വന്നിട്ടുണ്ട്. വിധവയായ ബിന്ദുവിന് സ്വന്തമായി ഈ വീട് മാത്രമേയുള്ളൂ. മറ്റ് വരുമാനം ഒന്നുമില്ല. അടുത്ത മഴയ്ക്ക് വീടിന്റെ ഒരു ഭാഗം പോലും ഒലിച്ചുപോയേക്കുമെന്ന ആശങ്കയിലാണ് ബിന്ദു. ഇരിട്ടി തഹസിൽദാർ നടത്തിയ പരിശോധനയിലും വീടിന്റെ അപകടാവസ്ഥ ബോധ്യപ്പെട്ടു. പുഴയുടെ അരിക് കെട്ടി സംരക്ഷിച്ചാൽ മാത്രമേ അപകടം ഒഴിവാക്കാൻ സാധിക്കുകയുള്ളുവെന്നും തഹസിൽദാർ അറിയിച്ചു. പരാതിക്കാരിയുടെ ഉൾപ്പെടെ അഞ്ച് വീടുകൾ ഈ പ്രദേശത്ത് അപകട ഭീഷണി നേരിടുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിയുടെ ഇടപെടൽ. പുഴയുടെ അരിക് കെട്ടി സംരക്ഷിച്ച് വീടുകളുടെ അപകടാവസ്ഥ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ മന്ത്രി നിർദേശം നൽകി.

**ഇടുക്കി**


## മാത്തുക്കുട്ടിക്ക് വീണ്ടും പെൻഷന്റെ തണൽ

മുടങ്ങിപ്പോയ കാൻസർ പെൻഷൻ തുടർന്നും ലഭിക്കുമെന്നതിന്റെ ആശ്വാസത്തിലാണ് കൽക്കുന്തൽ വില്ലേജ് നെടുങ്കണ്ടം കരയിൽ മാത്തുക്കുട്ടി (75) അദാലത്തിൽ നിന്ന് മടങ്ങിയത്. നട്ടെല്ലിനു രോഗം ബാധിച്ച ഭാര്യയും അപകടത്തിൽ പരിക്കേറ്റ് ഒരു കൈ നഷ്ടമായ മകനുമടങ്ങുന്ന കുടുംബത്തിന് സ്വന്തമായി വീട് പോലുമില്ല. കാൻസർ രോഗിയായ മാത്തുക്കുട്ടിക്ക് ലഭിച്ചിരുന്ന പെൻഷനായിരുന്നു 2024 ജൂൺ വരെ ഇവരുടെ ആശ്വാസം. ജൂലൈ മുതൽ അതു മുടങ്ങി. തുടർന്നാണ് അദ്ദേഹം അദാലത്തിൽ പരാതി നൽകിയത്. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, വി.എൻ.വാസവൻ എന്നിവരാണ് അദാലത്തിൽ പങ്കെടുത്തത്. പ്രശ്നം പരിഹരിക്കാൻ റവന്യൂ അധികൃതർക്കു നിർദേശം നൽകി. 2025 സെപ്റ്റംബർ വരെ മാത്തുക്കുട്ടിക്ക് പ്രതിമാസം 1000 രൂപ എന്ന തോതിൽ പെൻഷൻ അനുവദിച്ചതായും സമയബന്ധിതമായി തുക അദ്ദേഹത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുമെന്നും തഹസിൽദാർ അറിയിച്ചു.

**എറണാകുളം**

## കുര്യൻ ഇനി സനാഥൻ

മക്കൾ ഉപേക്ഷിക്കുകയും വീട് നഷ്ടപ്പെടുകയും ചെയ്ത കുര്യന് ആശ്രയമായി അദാലത്ത്. പെരുമ്പാവൂരിലെ കടത്തിണ്ണയിൽ താമസിച്ചിരുന്ന കുറുപ്പംപടി രായമംഗലം കളരിക്കൽ കെ.സി.കുര്യന് ഇനി മഴയും വെയിലും മഞ്ഞുമേറ്റ് കടത്തിണ്ണയിൽ കിടന്നുറങ്ങേണ്ട. സാമൂഹികനീതി വകുപ്പിന് കീഴിലുള്ള സർക്കാർ അംഗീകൃത വയോജന മന്ദിരത്തിലേക്ക് അടിയന്തരമായി മാറ്റിപ്പാർപ്പിക്കുന്നതിന് മന്ത്രിമാരായ പി.പ്രസാദും പി.രാജീവും നിർദേശം നൽകി. സാമൂഹികനീതി വകുപ്പിനെ മന്ത്രി ചുമതലപ്പെടുത്തുകയും കുര്യനെ നെല്ലിക്കുഴി പീസ് വാലി ഫൗണ്ടേഷൻ ഏറ്റെടുക്കുന്നതായി അറിയിക്കുകയും ചെയ്തു. ■



To believe in fearless minds
and tireless feet,
to brave the raging seas every day
and walk side by side
with hearts that beat in time
with the waves.
HUMAN by NATURE
kerala
God's Own Country
keralatourism.org

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.02.2025**
KERMAL2014/58028 Price: **12.00**




VISIT **www.donation.cmdrf.kerala.gov.in** | **TOGETHER WE REBUILD** Every Donation Counts

## Chief Minister's Distress Relief Fund Account

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം
വീണ്ടെടുക്കാൻ
തകർന്നതെല്ലാം
പടുത്തുയർത്താൻ
നമുക്കും
പങ്കുചേരാം**

നിങ്ങളുടെ സഹായം
അർഹരായവരിലേയ്ക്ക്
എത്താൻ തീർത്തും
സുതാര്യവും
ഓഡിറ്റിംഗിന്
വിധേയവുമായ
മുഖ്യമന്ത്രിയുടെ
ദുരിതാശ്വാസ
നിധിയിലേയ്ക്ക്
നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala
and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala
Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS